# സ്നേഹ
# സംവേദനം

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

MA (മലയാളം), M.Th (കമ്മ്യൂണിക്കേഷൻ), M.Phil (സാമൂഹിക ശാസ്ത്രം). മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്നും ജേർണലിസം. മലയാള മനോരമയിൽ പത്രപ്രവർത്തനത്തിൽ പ്രായോഗിക പരിശീലനം. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ "ഇന്ത്യൻ മാധ്യമങ്ങളിലെ സാംസ്കാരിക അധീശത്വം" എന്ന വിഷയത്തിൽ Ph.D ഗവേഷണം പൂർത്തിയാക്കി. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ 1995 മുതൽ 'കമ്മ്യൂണിക്കേഷൻ' വിഭാഗത്തിൽ അദ്ധ്യാപകൻ.

കൃതികൾ: മലങ്കരസഭയുടെ യുഗശില്പി, മൗനത്തിന്റെ പ്രകാശം, പരുമല തിരുമേനി മലയാള സാഹിത്യത്തിൽ, എന്റെ മുഖം അന്വേഷിപ്പിൻ, സഭയും സംവേദനവും, പ്രസംഗപീഠത്തിലെ സുവർണ്ണ നാവുകൾ, മലങ്കരയുടെ സൗമ്യതേജസ്സ് (എഡി.), സഭയും സ്ത്രീകളും (എഡി.), സ്നേഹ സംവേദനം.

ഭാര്യ : അഡ്വ. ജെയ്സി കരിങ്ങാട്ടിൽ. മക്കൾ: ബോധിഷ്, ബോധിഷ.
വിലാസം: കരിങ്ങാട്ടിൽ, പന്തളം, 689501
frkaringattil@yahoo.co.in

# സ്നേഹ
# സംവേദനം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ബോധി

bodhibookspandalam@gmail.com

പന്തളം 689 501

വില. ` 65.00

(Malayalam)

**Sneha**

**Samvedanam**

(Patristic Studies)

Author

**Fr. John Thomas Karingattil**

© Reserved by

Bodhi Books

Pandalam 689 501

First impression: 9 December 2010

Design: bodhibookspandalam@gmail.com

Cover : Greeshma Designs, Kottayam

Cover Photo : Babu's Panachamoodu, Mavelikara

Printed at : Penta Offset, Kottayam.

Published by

Bodhi Books, Mangaram, Pandalam P.O. 689 501

---

Price: 65.00

# ഉള്ളടക്കം


ആശീർവാദം - ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
വാങ്മുഖം - ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ജീവിതരേഖ - ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

**ദളം - ഒന്ന്**

1. ജീവിതം എന്നെ എന്തു പഠിപ്പിച്ചു 15
2. സ്നേഹകൂടാരത്തിലെ പ്രവാചകൻ 18
3. അശീതിയിലെ വർത്തമാനങ്ങൾ 26
4. പ്രസംഗത്തിലെ സ്നേഹപർവ്വം 32
5. പ്രാർത്ഥനയുടെ മൂന്നാം കണ്ണ് 40
6. പ്രവാചക ഗാനങ്ങളിലൂടെ...... 45
7. സഭയും സ്ത്രീകളും 50
8. പങ്കിടീൽ കുട്ടികളിലൂടെ 56
9. സോഷ്യലിസവും സ്നേഹത്തിന്റെ ആഗോളതയും 60
10. ഒരു പ്രാർത്ഥനയിൽ... 67

**ദളം - രണ്ട്**

11. മനുഷ്യദർശനം 71
12. സാമ്പത്തിക മാന്ദ്യത്തിന്റെ വഴികൾ 81
13. പ്രാർത്ഥനയുടെ പ്രകാശം 89
14. മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ രചനകൾ 94

# ആശീർവാദം

## ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ. എന്റെ വാത്സല്യമകൻ കരിങ്ങാട്ടിൽ ജോൺ തോമസ് അച്ചൻ ബലഹീനനും പാപിയുമായ എന്നെക്കുറിച്ച് എഴുതിയ ഗ്രന്ഥമാണ് 'സ്നേഹ സംവേദനം'.

ഞാൻ മറന്ന അനേക കാര്യങ്ങൾ ഇതിൽ എന്നെക്കുറിച്ച് വിശദികരിക്കുന്നുണ്ട്. എന്നാൽ എന്റെ നന്മകൾ മാത്രമല്ലാതെ പാപങ്ങളുടെ കാര്യങ്ങൾ ഒന്നും ഇതിൽ പറയുന്നില്ല. ദൈവം എനിക്ക് തന്ന ആശയങ്ങളാണ് ഇതിൽ വിവരിക്കുന്നത്. അതിനാൽ മഹത്വം എല്ലാം ദൈവത്തിനാണ് കൊടുക്കേണ്ടത്. എന്നെക്കുറിച്ച് എഴുതുന്നത് എല്ലാം ദൈവനാമ മഹത്വത്തിനാകണം. ഈ പുസ്തകം ദൈവം അച്ചനെക്കൊണ്ട് എഴുതിച്ചതാണ്. എനിക്ക് ഇങ്ങനെ ഒരു ഗ്രന്ഥം എഴുതുവാൻ സാധിക്കത്തില്ല. അതിനാൽ മഹത്വം കർത്താവിനുള്ളതാണ്. 'അത് കർത്താവാകുന്നു' എന്നു വീണ്ടും പറയുന്നു. ഈ ഗ്രന്ഥം വായിക്കുന്നവർ ദൈവത്തെ സ്തുതിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്നെ സ്തുതിക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു. കാരണം 'അവൻ വളരണം ഞാനോ കുറയണം' എന്നതാണ് (യോഹ. 3:30) സിദ്ധാന്തപരമായി എന്റെ ആശയം. അത് വേണ്ടത്ര ജീവിതത്തിൽ പ്രായോഗികമായിട്ടില്ല എന്ന ബോധ്യവും എനിക്കുണ്ട്.

എനിക്ക് 'സഭാ രത്നം' ബഹുമതി സഭ നൽകിയപ്പോൾ ഞാൻ പരസ്യമായി പറഞ്ഞു: 'ഈ ബഹുമതി എന്റെ അമ്മയ്ക്ക് ഉള്ളതാണെന്ന്.' കാരണം അമ്മമാർ നിമിത്തമേ മക്കൾ ഉയരുകയുള്ളു എന്നത് ഒരു ആഗോള സത്യമാണ്. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, എബ്രഹാം ലിങ്കൺ തുടങ്ങി എല്ലാവരുടെയും അമ്മമാരാണ് അവരെ മഹാത്മാരാക്കിയത്. ഇന്നത്തെ അമ്മമാരെക്കുറിച്ച് എനിക്ക് ദുഃഖമുണ്ട്. അവർ മക്കളെ ദൈവികരായി വളർത്തുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ല. ഇന്ന് എല്ലായിടവും ക്യാപിറ്റലിസത്തിന്റെ മനോഭാ

വമാണ്. ഇത് സ്വാർത്ഥതയും സുഖലോലുപതയും വളർത്തു ന്നതിന്റെതാണ്. ക്യാപിറ്റലിസം വന്ന് കുടുംബം നശിപ്പിച്ചു. വ്യക്തി ബന്ധങ്ങളും തകർത്തു. അതിനാൽ ക്യാപിറ്റലിസം ചാകണം. വ്യക്തിപ്രഭാവം മാറണം. സാഹോദര്യം വളരണം. ആഗോള സാഹോദര്യം ശക്തിപ്പെടണം.

ഇന്നത്തെ ലോകം സ്വാർത്ഥമാണ്. മതം സ്വാർത്ഥം, രാഷ്ട്രീയം സ്വാർത്ഥം, എല്ലാം സ്വാർത്ഥമാണ്. ഞാനും ഭാര്യയും മക്കളും എന്ന സമീപനം ശക്തമാണ്. അയൽക്കാ രൻ വേണ്ട. സഹോദരൻ വേണ്ട. ശത്രുക്കളെ ഉണ്ടാക്കുന്നത് ഒന്നും ക്രിസ്തീയ സഭയുടേതല്ല. ക്രിസ്തീയ സഭയുടെ അടി സ്ഥാനം ശത്രുക്കളെ സ്നേഹിക്കുകയാണ്. എല്ലാവരേയും സ്നേഹിക്കണം. എല്ലാവർക്കും പങ്കിടണം. ബലഹീനനായ എന്റെ ഫിലോസഫി മുഴുവൻ ഒരു വാചകത്തിൽ പറഞ്ഞാൽ 'ദൈവം സ്നേഹമാകുന്നു' എന്നാണ്. ഇത് എന്റെ പുസ്തക ത്തിലും പ്രസംഗത്തിലും ഉണ്ട്. എന്നാൽ ഇന്ന് ലോകം സ്നേഹ ത്തിന് എതിരാണ്. അതാണ് സങ്കടം. സ്നേഹം ആർക്കും വേണ്ട. വിശ്വാസം, പ്രത്യാശ, സ്നേഹം. ഇവയിൽ ആദ്യത്തേ രണ്ടും വ്യക്തിപരമായതാണ്. സ്നേഹം ആഗോളമാണ്. ദൈവം സ്നേഹമാകയാൽ നിത്യനാണ്. ദൈവത്തിന് മാത്രമേ നിത്യ തയുള്ളു. നിത്യനരകമില്ല. ദൈവം എല്ലാവരേയും സ്നേഹിക്കു ന്നു. നിരീശ്വരനേയും സ്നേഹിക്കുന്നു. ജാതി മത വ്യത്യാസ മില്ലാതെ എല്ലാവരും പരസ്പരം സ്നേഹിക്കുന്ന ഒരു ലോകം വളർന്നു വരണം.

വിവിധ വിഷയങ്ങളെക്കുറിച്ച് എന്നോട് ചോദിച്ച് അഭിപ്രാ യങ്ങൾ ക്രോഡീകരിച്ചിരിക്കുന്ന ഗ്രന്ഥമാണിത്. വളരെ ഭംഗി യായി ഇത് ആവിഷ്ക്കരിച്ചിരിക്കുന്നു. ഇതിനായി അദ്ധ്വാനിച്ച കരിങ്ങാട്ടിൽ അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു. ബലഹീനനായ എനിക്കും വേണ്ടിയും നിങ്ങൾ ഏവരും പ്രാർത്ഥിക്കണം. ഡിസംബർ ഒൻപതിന് 93-ാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. 'സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം' എന്ന പുതിയ ഗ്രന്ഥം പ്രസിദ്ധീകരിക്കും. എന്റെ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലുമുള്ള ആശയങ്ങൾ ഉൾക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം. ഈ ഗ്രന്ഥം വായിക്കുന്ന എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ച് വായനക്കാർക്കായി സമർപ്പിക്കുന്നു.

മാവേലിക്കര,
30-11-2010.

# വാങ്മുഖം

## സ്നേഹ സംവേദനം

പ്രശസ്ത വേദശാസ്ത്രജ്ഞനും സാമൂഹിക ശാസ്ത്രജ്ഞനുമായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 'മലയാളത്തിന്റെ സ്നേഹ തേജസ്സാണ്'. അറുപതിലധികം ഗ്രന്ഥ ങ്ങളിലും ആയിരത്തിൽപ്പരം പ്രബന്ധങ്ങളിലുമായി വിളിച്ചറിയിക്കുന്നത് 'സ്നേഹത്തിന്റെ വേദശാസ്ത്രമാണ്'. ദൈവം സ്നേഹമാകുന്നു എന്ന സിദ്ധാന്തമാണ് വിശകലനം ചെയ്യുന്നത്. മുതലാളിത്തവും കമ്മ്യൂണി സവും ആഗോളവത്ക്കരണവും എല്ലാം സ്വാർത്ഥതയിൽ കേന്ദ്രീകൃ തമാണ്. ധനത്തിന്റെയും അധികാരത്തിന്റെയും അടിസ്ഥാനത്തിൽ ഇവ വർഗ്ഗവിഭജനം നിർവ്വഹിക്കുന്നു. ഇതിനെ പ്രതിരോധിക്കുവാനായി 'സ്നേ ഹത്തിന്റെ ആഗോളത' വളർന്നു വരണമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾ ദൈവം സൃഷ്ടിച്ചതല്ല. അതെല്ലാം മനുഷ്യർ സ്വാർത്ഥതയാൽ സൃഷ്ടിച്ചതാണ്. വിവിധ മതങ്ങളെയും മതരഹിതരേയും ഒന്നിപ്പിക്കുന്ന സ്നേഹാധിഷ്ഠിത സാഹോദര്യം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്താ സ്വപ്നം കാണു ന്നു. വിശ്വാസം വ്യത്യസ്തമാണെങ്കിലും സ്നേഹത്തിൽ മാനവസമൂഹം ഒന്നിക്കണം എന്നതാണ് ലക്ഷ്യം.

സ്വാതന്ത്ര്യം, നീതി, സമത്വം, പങ്കിടീൽ, സ്നേഹം എന്നീ വിഷയ ങ്ങളിൽ വികസിച്ചതാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരു മേനിയുടെ വേദശാസ്ത്ര വിശകലനങ്ങൾ. ഇവയുടെ പുനർവായനയാണ് മിഷൻ, സാമൂഹിക നീതി, വർഗരഹിത സമൂഹം, ത്രിത്വാധിഷ്ഠിത പങ്കിടീൽ, മതാതീത ആദ്ധ്യാത്മികത, അദ്വൈത ദൈവ ശാസ്ത്രം എന്നിവ. ബൗദ്ധികതലങ്ങളിലെ വേദശാസ്ത്ര ദർശനങ്ങൾക്ക് മനു ഷ്യമുഖവും സാമൂഹിക പരിവർത്തനത്തിനുള്ള സംക്രമണ ശക്തിയും പകരുവാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് കഴിയുന്നു. വേദ വിശകലനങ്ങളും കാഴ്ചപ്പാടുകളും പ്രഭാഷണത്തിലൂടെയാണ് രൂപ പ്പെടുന്നത്. വിവിധ വേദികളിൽ സംവാദങ്ങൾക്കായി അവതരിപ്പിക്കുന്ന

വിഷയമാണ് സംഭാഷണങ്ങളിൽ ആവിഷ്ക്കരിക്കുന്നത്. അതിനാൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ വേദ ശാസ്ത്രദർശനങ്ങളുടെ ഉറവിടം സംഭാഷണങ്ങളും പ്രഭാഷണങ്ങ ളുമാണ്. സംഭാഷണങ്ങൾ ചെറിയ ചെറിയ വാചകങ്ങളാണ്. ഏറ്റവും ഹൃദ്യമായും ആകർഷകമായും ആശയങ്ങൾ അവതരിപ്പിക്കുന്നു. എല്ലാ സംഭാഷണങ്ങളിലും പുതുമ നിലനിർത്താൻ ശ്രമിക്കുന്നു. സംവേദനങ്ങ ളിൽ മുഴങ്ങുന്ന ആവേശവും സാമൂഹിക കാഴ്ചപ്പാടും ശ്രദ്ധേയമാണ്. സ്നേഹത്തിന്റെയും സോഷ്യലിസത്തിന്റെയും വിശാലമായ കാഴ്ച പ്പാടുകളാണ് സ്നേഹ സംവേദനത്തിൽ പ്രതിധ്വനിക്കുന്നത്. ഒരു നൂറ്റാ ണ്ടിന്റെ ജീവിതാനുഭവമാണ് 'സ്നേഹ സംവേദന'ത്തിൽ വെളിപ്പെടുത്തു ന്നത്.

ഡോ. ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും വിശദീകരിക്കുന്ന അഭിമുഖങ്ങളുടെ സമാഹാര മാണ് 'സ്നേഹ സംവേദനം'. വിവിധ കാലങ്ങളിൽ നൽകിയ അഭിമുഖ ങ്ങളും ദർശന പഠനങ്ങളും ഇതിൽ ഉൾച്ചേർത്തിരിക്കുന്നു.

ഇതിന്റെ ക്രോഡീകരണത്തിനും വിശകലനത്തിനും അനുമതി നൽകി ആശീർവദിച്ച് ആമുഖം എഴുതിയ വന്ദ്യ ഗുരുനാഥൻ അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടുള്ള ഹൃദയപൂർവ്വമായ ഭക്ത്യാദരവുകൾ സമർപ്പിക്കുന്നു.

'സ്നേഹ സംവേദന'ത്തിന്റെ രൂപശില്പത്തിലും നിർവ്വഹണത്തിലും പങ്കു ചേർന്ന അഡ്വ. ജെയ്സി കരിങ്ങാട്ടിൽ, പേജ് ലേ-ഔട്ട് ചെയ്ത കോട്ടയം 'ഗ്രീഷ്മ'യിലെ പി. എസ്. പ്രസാദ്, എഡിറ്റിങ്ങിൽ സഹായിച്ച ബോധിഷ് കരിങ്ങാട്ടിൽ, ഫോട്ടോ സ്കെച്ച് നല്കിയ ജീസൺ തണ്ണി ത്തോട്, ഫോട്ടോഗ്രാഫർ ബാബൂസ് പനച്ചമൂട്, മുദ്രണം നിർവ്വഹിച്ച കോട്ടയം പെന്റാ ഓഫ്സെറ്റ് എന്നിവർക്കും പ്രത്യേകമായ നന്ദി.

മലങ്കര സഭയിൽ വേദശാസ്ത്രം, എക്യുമെനിസം, കൺവൻഷൻ, മിഷൻ പ്രവർത്തനം, ആതുര സേവന ശുശ്രൂഷ എന്നിവയ്ക്ക് പുത്തൻ ദിശാബോധം പകർന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ ക്രാന്ത ദർശിയായ വലിയ മെത്രാപ്പോലീത്ത, സഭാരത്നം അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ജീവിത വും ദർശനവും സ്പർശിച്ചറിയുവാൻ ഹൃദയപൂർവ്വം അക്ഷരലോക ത്തേക്ക് 'സ്നേഹ സംവേദനം' സമർപ്പിക്കുന്നു.

9-12-2010
ബോധി, പന്തളം

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

# ജീവിതരേഖ

## ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത



മാവേലിക്കര ചെറുകോൽ മുണ്ടുവേലിൽ വൈദ്യൻ കൊച്ചിട്ടി കൊച്ചിട്ടിയുടെയും ഈഴേക്കടവിൽ മറിയാമ്മ കൊച്ചിട്ടിയുടെയും രണ്ടാമത്തെ മകൻ. ജനനം 1918 ഡിസംബർ 9-ന്. ജോർജ്ജുകുട്ടി എന്നായിരുന്നു ഓമനപ്പേര്.

ചെറുകോൽ സാൽവേഷൻ ആർമി സ്കൂളിൽ ഏഴാം ക്ലാസ്സ് വരെ പഠിച്ചു. പത്തിച്ചിറ സെന്റ് ജോൺസ്, മാവേലിക്കര ബി. എച്ച് എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം

ശാസ്താംകോട്ട സെന്റ് ജോൺസ് റൂറൽ ബേസിക് ട്രെയിനിംഗ് സ്കൂളിൽ റ്റി. റ്റി. സി. (1941–43) പാസ്സായി. ഇടയാറന്മുള ഫ്രീ സ്കൂളിലും മാവേലിക്കര ബി. എച്ച് ഹൈസ്ക്കൂളിലും പത്തിച്ചിറ സെന്റ് ജോൺസ് സ്കൂളിലും അദ്ധ്യാപകൻ. മാവേലിക്കരയിൽ ഒരു വാടക കെട്ടിടത്തിൽ 1953–ൽ 'സുവിശേഷാലയം' ആരംഭിച്ചു. ജബൽപ്പൂർ ലേണാർഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും ബി. ഡിയും (1943–47) അമേരിക്കയിൽ ന്യൂജേഴ്സിയിലെ ഡ്രൂ (Drew) യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിൽ എം. എയും ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും എസ്. റ്റി. എം. ഉം കരസ്ഥമാക്കി (1948–51). സെറാംമ്പൂർ സർവ്വകലാശാലയിൽ നിന്നും 1993–ൽ ഡോക്ടറേറ്റ് നേടി.

പ്രശസ്ത വേദശാസ്ത്രജ്ഞരായ പോൾ ടില്ലിക്ക് (Paul Tillich 1886-1965), റെനോൾഡ് നീബുർ (Reinhold Niebuhr1892-1971), ജോർജസ് ഫ്ളോറോവ്സ്ക്കി (Georges Florovsky 1893-1979), എഡ്വിൻ ലൂയിസ് (Edwin Lewis 1881-1959) എന്നിവരുടെ മുഖ്യ ശിക്ഷണത്തിൽ

അമേരിക്കയിൽ വേദശാസ്ത്രം അഭ്യസിച്ചു. 1952 മുതൽ കോട്ടയം ഓർത്ത ഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകൻ (1952–2008).

1948 ആഗസ്റ്റ് 8–ന് ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് പഴയ സെമിനാരിയിൽ വച്ച് കോറൂയോ പട്ടവും ദേവലോകം അരമനയിൽ വച്ച് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ നിന്നും 1956 മെയ് 9–ന് പൂർണ്ണശെമ്മാശുപട്ടവും മെയ് 10ന് വൈദിക പട്ടവും ലഭിച്ചു. 1965 ഡിസം ബർ 28–ന് കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ 'മെത്രാപ്പോലീത്താ സ്ഥാനത്തേക്ക്' തെര ഞ്ഞെടുത്തെങ്കിലും സ്ഥാനം ലഭ്യമായില്ല. 1974 ഒക്ടോബർ 2ന് നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15ന് ശനിയാഴ്ച പുത്തൻകാവ് സെന്റ് മേരീസ് പള്ളി യിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് റമ്പാൻ സ്ഥാനം നൽകി. 1975 ഫെബ്രുവരി 16ന് ഞായറാഴ്ച നിരണം സെന്റ് മേരീസ് വലിയ പള്ളി യിൽ പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ, 'ഗീവറുഗീസ് മാർ ഒസ്താത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായാക്കി. 1976 ഏപ്രിൽ ഒന്നിന് നിരണം ഭദ്രാസനാധിപനായി ചുമതലയേറ്റു. 2005 ജൂലൈ മൂന്നിന് ഭദ്രാസന ഭരണത്തിൽനിന്നും വിരമിച്ചു. 2008 ജനുവരി 27 ന് പ. ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവ 'സഭാരത്നം' ബഹുമതി നൽകി ആദരിച്ചു.

കോട്ടയം ഏലിയാ കത്തീഡ്രൽ, കൽക്കട്ട സെന്റ് ജോർജ്ജ്, ചങ്ങ നാശ്ശേരി സെന്റ് തോമസ്, കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ, കുഴിമറ്റം സെന്റ് ജോർജ്ജ് എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവ്വ ഹിച്ചു. സൗദി അറേബ്യയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ കോൺഗ്രിഗേഷന്റെയും(1975) 'മരുഭൂമിയിലെ നീരുറവ' എന്ന സഹായ നിധിയുടെയും സ്ഥാപകൻ.

അഖില ലോക സഭാ കൗൺസിൽ ഫെയ്ത്ത് ആൻഡ് ഓഡർ കമ്മീ ഷനിലും പ്രോ–ഓറിയന്റേ ഫൗണ്ടേഷനിലും അംഗമായിരുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ച്സ്, ബൈബിൾ സൊസൈറ്റി കേരളാ ഓക്സി ലറി, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, സ്ലീബാദാസ സമൂഹം എന്നിവയുടെ പ്രസിഡന്റായിരുന്നു. ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പലും.

അഖില ലോക സഭാ കൗൺസിലിന്റെ വിവിധ സമ്മേളനങ്ങളിൽ പ്രബ ന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രാജ്യാന്തര–ദേശീയ സമ്മേളനങ്ങളിൽ 1952 മുതൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു.

സാമൂഹിക ആതുര ശുശ്രൂഷാരംഗങ്ങളിൽ വിവിധ പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാരംഭമിട്ടു. 1958–ൽ സെന്റ് പോൾസ് സുവിശേഷ

സംഘവും 1959-ൽ പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും, 1978-ൽ കന്യാസ്ത്രീ മഠവും ആരംഭിച്ചു. മാവേലിക്കര സുവിശേഷാലയം 1979-ൽ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററായി ഉയർത്തി, മലങ്കരസഭ യിൽ മിഷൻ പഠനത്തിനും പ്രവർത്തനത്തിനും പുതിയ ദിശപകർന്നു. മലങ്കര ഓർത്തഡോക്സ് സഭയെ മിഷനറി സഭയാക്കി ഭാരതം മുഴു വൻ സുവിശേഷ പ്രവർത്തനം നടത്തുകാണ് മുഖ്യലക്ഷ്യം.

ക്രിസ്തീയ വേദശാസ്ത്രത്തിലും ഇന്ത്യൻ ഫിലോസഫിയിലും അവ ഗാഹം നേടി. സ്നേഹത്തിലധിഷ്ഠിതമായ ത്രിത്വ വേദശാസ്ത്രത്തിന്റെ സിദ്ധാന്തവും പ്രയോഗവും ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു. ഇത് സാമൂഹിക നീതിയിൽ അടിസ്ഥാനമിട്ട ദർശനമാണ്. പ്രമുഖ വേദശാ സ്ത്രജ്ഞനും ദാർശനികനും എന്ന നിലയിൽ എക്യുമെനിക്കൽ രംഗത്ത് രാജ്യാന്തര പ്രശസ്തി നേടി. കൺവൻഷൻ പ്രസംഗങ്ങളിൽക്കൂടി അനേകരെ മിഷൻ പ്രവർത്തനങ്ങളിലേക്കും ആതുരശുശ്രൂഷാ രംഗ ത്തേക്കും വൈദിക ശുശ്രൂഷയിലേക്കും ആകർഷിച്ചു.

Theology of Classless society, The Sin of Being Rich in a Poor World, Sharing God and a Sharing World, One Religion of Love, അദ്വൈത്രത വേദശാസ്ത്രം എന്നീ ഗ്രന്ഥങ്ങൾ അന്തർദ്ദേശീയ പ്രശസ്തി നേടി. ഇംഗ്ലീഷിലും മലയാളത്തിലുമായി 60 ലധികം ഗ്രന്ഥങ്ങളും 1000 ൽപ്പരം പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. 1979 മുതൽ മിഷൻ ബോർഡിന്റെയും 1984 മുതൽ നാഷണൽ അസോസ്സിയേഷൻ ഫോർ മിഷൻ സ്റ്റഡീസിന്റെയും പ്രസിഡന്റാണ്.

ഇപ്പോൾ മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റ റിൽ 93-ാം വയസ്സിലും പഠനഗവേഷണത്തിൽ സജ്ജീവം.

□

# 1

# ജീവിതം എന്നെ എന്തു പഠിപ്പിച്ചു

'**ഞാ**ൻ മരണത്തെ ഭയപ്പെടുന്നില്ല. ഏതു സമയത്തും എവിടെ വെച്ചുമാകട്ടെ, ഞാൻ മരിക്കുന്നത് അത് ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയുമാകുന്നു' ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പറഞ്ഞു. എന്റെ ഓട്ടം തികയുകയും മിഷൻ പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ ദൈവം സ്വന്തം വീട്ടിലേക്ക് എന്നെ വിളിക്കും. രോഗത്തെ പ്പറ്റിയോ മരണത്തെപ്പറ്റിയോ ഒരു ആശങ്കയും ദൈവവിശ്വാസിക്ക് ഉണ്ടാകേണ്ട കാര്യമില്ല – അദ്ദേഹം വിശദീകരിച്ചു.

'ജീവിതം എന്തു പഠിപ്പിച്ചു...'? എന്നന്വേഷിച്ചപ്പോൾ ജീവിതത്തിന്റെ നാൾവഴികളിലൂടെ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് യാത്രയായി. ഞാൻ ബാലനായ ജോർജുകുട്ടിയായിരുന്നപ്പോൾ ഹൃദയം യേശുവിന് സന്തോഷത്തോടെ നൽകിയതുകൊണ്ട് യാതൊന്നും ഭയക്കുന്നില്ല. 1992 ജൂൺ 16ന് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായ പ്പോഴും മരണത്തെ ഭയന്നില്ല. 1992 ൽ ഹൃദയത്തിൽ അഞ്ച് ബ്ലോക്ക് ഉണ്ടായി. ഇന്ത്യയിലെ ഡോക്ടർമാർ പരിശോധിച്ചിട്ടു പറഞ്ഞു വളരെ സീരിയസാണ്. ഒന്ന് ഒന്നരമാസം മാത്രമേ ജീവിക്കൂ. വിദഗ്ധ ചികിൽസക്കായി അമേരിക്കയിൽ എത്തി. അവിടെ വച്ച് വിജയകരമായി ഹൃദയ ശസ്ത്രക്രിയ നടത്തി. ഹൃദയം പൂർണ്ണമായും സൗഖ്യമായി.

ഹൃദയ ശസ്ത്രക്രിയയ്ക്കു ശേഷമുള്ള വർഷങ്ങൾ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് വളരെ തിരക്കിട്ട കാല മാണ്. വേദശാസ്ത്ര ഗ്രന്ഥങ്ങളുടെ രചന, പ്രഭാഷണത്തിന്റെ ഓഡിയോ വീഡിയോ കാസറ്റുകൾ, പുതിയ മിഷൻ കേന്ദ്രങ്ങൾ... ഇങ്ങനെ എത്രയോ രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

'ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി എനിക്ക്' എന്നതാണ് പ്രത്യേകമായ മന്ത്രം. പിന്നിട്ട വഴികളിലെ ജീവിത പാഠങ്ങൾ അദ്ദേഹം സംഗ്രഹിക്കുന്നു:

1 കഴിഞ്ഞ 93 വർഷമായി എന്നെ ഏറ്റവുമധികം സ്വാധീനിച്ച വിഷയം വി. ത്രിത്വവും, ത്രിത്വാധിഷ്ഠിതമായ സ്നേഹവും, സാമൂഹ്യനീതി യുമാണ്. ദൈവം വിശ്വാസമല്ല, പ്രത്യാശയല്ല, സ്നേഹമാണെന്ന് പഠിച്ച ആദ്യ കാലങ്ങളിൽ സാമൂഹ്യ നീതിയ്ക്ക് ഊന്നൽ കൊടുത്ത് പ്രസംഗിക്കുമായിരുന്നു. അക്കാലത്തെ എന്റെ പുസ്തകങ്ങളിലെ പ്രധാന വിഷയം ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആഴമായിരുന്നു. എന്നാൽ സ്നേഹത്തിന്റെ ഏകമതം (One Religion of Love) എന്ന പുസ്തകത്തിൽ സ്നേഹമാണ് പ്രധാന ആശയം. ഇപ്പോൾ അധിക മായി സ്നേഹത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ സാർവ്വലൗകിക സാഹോദര്യം വളരണമെന്ന് ഞാൻ പഠിപ്പിച്ചു.

2. ഞാൻ പലരുടേയും സഹായം കൊണ്ട് പഠിച്ചയാളാണ്. ഏഴാം ക്ലാസ്സ് കഴിഞ്ഞ് പഠിക്കാതെയും നിന്നു. ആളുകൾ സഹായിച്ചതുകൊണ്ടാ ണ് ഞാൻ പഠിച്ചത്. ആ സഹായമാണ് ഞാൻ തിരിച്ചു നൽകുന്നത്. മിഷൻ ദൈവിക സ്നേഹത്തിന്റേതാണ്. യേശു എന്നെ എടുത്തു. എന്നെക്കുറിച്ച് നിങ്ങൾ പറയുന്ന എല്ലാ മഹത്വവും കർത്താ വിനുള്ളതാണ്, എനിക്കുള്ളതല്ല. ദൈവം നമ്മെ എടുത്താൽ ദൈവം ഉപയോഗിച്ചുകൊള്ളും. എന്റെ പേരിൽ ഒരു സെന്റ് സ്ഥലം പോലും എഴുതിവെച്ചിട്ടില്ല. എല്ലാം സഭയുടെ പേരിലാണ്. നാം ദൈവസന്നി ധിയിൽ വിശ്വസ്തരായിരുന്നാൽ ദൈവം പണം തന്നുകൊള്ളും.

3. അമ്മയാണ് എന്നെ ദൈവസ്നേഹവും പങ്കുവെയ്ക്കലും പഠിപ്പിച്ചത്. ജീവിതത്തിന്റെ ബാലപാഠങ്ങൾ അമ്മ പകർന്നു തന്നു. അമ്മ എനിക്ക് ആദ്യം വേദപുസ്തകം തന്നു. അത് വായിക്കുവാൻ പഠിപ്പിച്ചു. വേദപുസ്തകം ചില ഭാഗങ്ങൾ എനിക്ക് മന:പാഠമാണ്. ചെറുപ്പത്തിൽ പഠിച്ചതാണ്. എന്റെ അമ്മയുടെ എല്ലാ ഫോട്ടോയും വേദപുസ്തകം കൈയ്യിൽ പിടിച്ചുള്ളതാണ്. അമ്മയുടെ ദാനസ്വഭാവം എന്നെ പങ്കിടീൽ പഠിപ്പിച്ചു. വിരുന്നുകാർക്ക് ഭക്ഷണം നൽകിയിട്ട് അമ്മ സ്വയം പട്ടിണികിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പങ്കിടീലും (sharing) കരുതലും (caring) അമ്മയിൽ നിന്നും പഠിച്ചു. 95–ാം വയസ്സിൽ മരിച്ച ശുദ്ധ ഹൃദയനായ എന്റെ പിതാവിന്റെ ജീവിതവും എന്നെ ആകർഷിച്ചു. 1975 ജനുവരി 31–ന് എന്റെ അമ്മ മരിച്ചു. 1980 ജനുവരി 11–ന് എന്റെ പിതാവും മരിച്ചു. സുവിശേഷവേലയെപ്പറ്റി എന്റെ മനസ്സിൽ ആഗ്രഹം ജനിപ്പിച്ചത് എന്റെ മാതാപിതാക്കൾ ആയിരുന്നു.

4. വൈദിക സെമിനാരിയിൽ പഠിപ്പിച്ചില്ലായിരുന്നങ്കിൽ ഞാൻ ഒരു ദൈവശാസ്ത്രജ്ഞൻ ആകുകയില്ലായിരുന്നു. ദൈവകൃപയാൽ സെമിനാരിയിൽ അരനൂറ്റാണ്ടിലധികം പഠിപ്പിക്കുവാൻ ദൈവം കൃപ

നല്കി. ഓർത്തഡോക്സ് സെമിനാരിയാണ് എന്നെ ഞാൻ ആക്കിയത്. 1965ൽ എന്നെ മെത്രാൻ ആക്കിയിരുന്നെങ്കിൽ ഞാൻ മലബാറിൽ പോകേണ്ടിവരുമായിരുന്നു. 1975ലാണ് മെത്രാനായത്. അത് ഭാഗ്യം. അതുകൊണ്ട് ദീർഘനാൾ സെമിനാരിയിൽ പഠിപ്പിക്കുവാൻ കഴിഞ്ഞു. ദൈവം തിന്മ ചെയ്യുന്നില്ല, എല്ലാം നന്മയ്ക്കാണെന്നും പഠിച്ചു.

5. ആയിരത്തിൽപരം വൈദികരെ ഞാൻ പഠിപ്പിച്ചു. അതിൽ മുപ്പതോളം മെത്രാച്ചന്മാരുമുണ്ട്. ഇപ്പോൾ എന്റെ ഒരു ശിഷ്യൻ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായത് (പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ) കാണുവാനുള്ള ഭാഗ്യവും ലഭിച്ചു. ദൈവത്തെ മഹത്വപ്പെടുത്തുന്നു.

6. ഞാൻ സമ്പന്നനായി ജനിച്ച ആളല്ല, സമ്പന്നനായി മരിക്കുവാനും താല്പര്യമില്ല. എനിക്ക് പ്രശംസിക്കുവാനും മഹത്വപ്പെടുവാനും ഒന്നുമില്ല. എല്ലാം കർത്താവിനുള്ളതാണ്. എന്നെക്കുറിച്ച് എന്തെങ്കിലും പ്രകീർത്തിച്ചാൽ 'അത് കർത്താവാകുന്നു' എന്നു മാത്രം ഉത്തരം (യോഹ 21:7).

7. പ്രസംഗിക്കുന്ന വിഷയങ്ങൾ ജീവിതത്തിൽ പൂർണ്ണമായി പ്രായോഗികമാക്കുവാൻ സാധിക്കുന്നില്ല എന്ന പരമാർത്ഥം എന്നെ ദു:ഖിപ്പിക്കുന്നു. 'അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കുവേണ്ടി സകലവും നിർവഹിക്കുന്ന ദൈവത്തിൽ തന്നേ' (സങ്കീ. 57:2) എന്ന ആശയം ദിവസവും രാവിലെ ഓർക്കും. അത് എനിക്ക് പ്രത്യാശ നല്കുന്നു.

8. സമൂഹത്തോട് വിശിഷ്യാ ദരിദ്രന്മാരോടുള്ള കടപ്പാട് ഞാൻ കൊടുത്ത് തീർത്തിട്ടില്ല. മുതലാളിത്തത്തെ കുറ്റം പറഞ്ഞ് പ്രസംഗിക്കുകയും, എഴുതുകയും, ചെയ്യുന്നുണ്ടെങ്കിലും ഔദാര്യരായ മുതലാളിമാർ വളരെയധികം മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നു. സ്വാർത്ഥ മുതലാളിമാർക്ക് മാനസാന്തരം ഉണ്ടാകുവാനായി പ്രാർത്ഥിക്കുന്നു.

9. പിശാചിൽ നിന്നും കിട്ടുന്നതാണ് സ്വാർത്ഥത. ദൈവചിന്തയിൽ നിന്നും ലഭിക്കുന്നതാണ് സ്നേഹം. വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവയിൽ വലുത് സ്നേഹമാണ്. അതിനാൽ സ്നേഹത്തിന്റെ വേദശാസ്ത്രം വളർന്നു വരണമെന്ന് ചിന്തിക്കുന്നു. ആഗ്രഹിക്കുന്നു.

10. മൂന്നാം സഹസ്രാബ്ദത്തിൽ സ്വാർത്ഥത വർദ്ധിച്ച് 'സാമൂഹ്യനീതി' ഉണ്ടാകാതിരുന്നാൽ, സഭയുടെ ഭിന്നത തുടരും. പിന്നെയും കോടതിയിലേക്ക് പോകേണ്ടി വരുമെന്ന് ഭയപ്പെടുന്നു. പരുമല പള്ളിയിലും മറ്റും വീഴുന്ന നേർച്ചപ്പണം ദാരിദ്രം മാറ്റുവാനും സുവിശേഷം പ്രചരിപ്പിക്കുവാനും വിനിയോഗിക്കണം.

11. ദൈവം സ്നേഹമാകുന്നതിനാൽ ലോകത്ത് സ്നേഹത്തിന്റെ നവോത്ഥാനം വരണം. ക്രിസ്തുവിന്റെ സ്നേഹമാണ് ഇതിന്റെ പ്രേരകശക്തി. എല്ലാവരേയും ഉൾക്കൊള്ളുന്ന സ്നേഹകൂടാരം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടു. പരസ്പരം പങ്കിടുന്ന, പരസ്പരം സ്നേഹിക്കുന്ന സാഹോദര്യമാണ് ഈ കൂടാരത്തിൽ നിലനിൽക്കേണ്ടത്.

12. മനുഷ്യനന്മയും സ്വാതന്ത്ര്യവും സാമൂഹ്യനീതിയും സുരക്ഷിതാവസ്ഥയും ഹനിക്കുന്ന ശാസ്ത്രപുരാഗതിയും നൂതന സാങ്കേതികതയും എല്ലാവർക്കുമുള്ള നീതിപൂർവമായ വികസനം അസാദ്ധ്യമാക്കും. സമ്പത്ത് പങ്കിടാതെ സ്വരൂപിച്ച് വെയ്ക്കുന്ന കോടീശ്വരന്മാർ മഹാപാപികളാണ്. സമ്പത്ത് പങ്കിടാത്ത എല്ലാവരും വിഢികളാണ്. എല്ലാ കോടിശ്വരന്മാരും പാപികളാണ്. പട്ടിണിപാവങ്ങൾക്കും അവകാശപ്പെട്ട സമ്പത്താണ് അവർ കൂട്ടിവെച്ചിരിക്കുന്നത്. പങ്കിടാൻ മനസ്സില്ലാത്ത മുതലാളി ഒരിക്കലും ഒരു ക്രിസ്ത്യാനിയല്ല. മുതലാളിത്തത്തിൽ ക്രിസ്ത്യാനിക്ക് സ്ഥാനവുമില്ല.

13. ഇന്ത്യയിൽ അധികാരം നിലനിൽക്കുന്നത് മുതലാളിമാരിലാണ്. രണ്ട് തരം ഇന്ത്യയാണുള്ളത്. പട്ടിണിക്കാരുടെ ഇന്ത്യയും, മുതലാളിമാരുടെ ഇന്ത്യയും. ദരിദ്രർക്ക് അധികാരമില്ല. ദരിദ്രരെ പ്രതിരോധിക്കുന്ന നിയമവും വ്യവസ്ഥിതികളുമാണ് ഇന്ത്യയിൽ പ്രായോഗികമാകുന്നത്. ഏത് സർക്കാർ മാറിമാറി വന്നാലും ഇതാണ് സ്ഥിതി.

14. ക്രിസ്ത്യാനികൾ മതമൗലിക വാദികളായിത്തീരുന്നില്ലേ? 'അവൻ വളരണം, ഞാനോ കുറയണം' എന്നാണ് വേദപ്രമാണം (യോഹ. 3:30). ഇപ്പോൾ എല്ലാവർക്കും 'ഞാൻ വളരണം' എന്നാണ് ആഗ്രഹം. വർഗ്ഗീയ വിഷം മനുഷ്യമനസ്സിൽ കുത്തിവെയ്ക്കരുത്. ക്രിസ്ത്യാനികൾ സ്നേഹത്തിൽ ജീവിക്കണം. അതാണ് ഞാൻ പഠിപ്പിച്ചത്.

15. 'ധനവാന്മാരെ മാനസ്സാന്തരപ്പെടുത്തണമേ' എന്നും 'ധനവാന്മാർ സ്വത്ത് പങ്കിടണമെ' എന്നും വർഷങ്ങളായി പ്രാർത്ഥിച്ചിട്ടും പ്രസംഗിച്ചിട്ടും ആരും അത് ചെയ്യാഞ്ഞതിൽ എനിക്ക് സങ്കടമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അമേരിക്കയിലെ 40 കോടിശ്വരന്മാർ സ്വത്തിന്റെ പകുതി ദരിദ്രർക്ക് കൊടുക്കുവാൻ തീരുമാനിച്ചത് എനിക്ക് ആശ്വാസം പകർന്നു. ഈ സമീപനം മറ്റു കോടീശ്വരന്മാരും സ്വീകരിച്ചാൽ 'ദരിദ്രന്മാർ ഇല്ലാത്ത ഒരു ലോകം' ഉണ്ടാകും. കോടീശ്വരന്മാർ സ്വത്ത് പങ്കിടുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകുമെന്ന് ഞാൻ പഠിപ്പിച്ചു.

*(15 നവംബർ 2010)*

□

# 2

# സ്നേഹ കൂടാരത്തിലെ പ്രവാചകൻ

ഇന്ത്യയിലെ ദാരിദ്രത്തെക്കുറിച്ച് 2010 ജൂലൈ 20 ലെ ഹിന്ദു പത്രം റിപ്പോർട്ടു ചെയ്യുന്നു. 'പട്ടിണി രാജ്യമായ സൗത്ത് ആഫ്രിക്കയെക്കാൾ വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്ന രാജ്യമാണ് ഇന്ത്യ.'

രാജ്യാന്തര നിലവാരമുള്ള വിമാനത്താവളങ്ങളും വിജയകരമായി വിക്ഷേപിച്ച അഞ്ച് പുതിയ ഉപഗ്രഹങ്ങളും ഇന്ത്യയ്ക്ക് അഭിമാനമാണെങ്കിലും എട്ടു സംസ്ഥാനങ്ങളിൽ പട്ടിണി സൗത്ത് ആഫ്രിക്കയേക്കാൾ വർദ്ധിക്കുന്നുവെന്ന് യു.എൻ-ന്റെ നേതൃത്വത്തിൽ നടത്തിയ ഓക്സ്ഫേഡ് യൂണിവേഴ്സിറ്റിയിലെ പഠനങ്ങൾ തെളിയിക്കുന്നു. ബീഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ, വെസ്റ്റ് ബംഗാൾ, ഒറീസ, മദ്ധ്യപ്രദേശ്, ഛത്തിസ്ഖഡ്, ജാർഖണ്ഡ് എന്നിവിടങ്ങളിലെ മുഴുപട്ടിണികളുടെ യാഥാർത്ഥ്യം ഇന്ത്യൻ മാധ്യമങ്ങൾ മറച്ചു വെച്ചുള്ള പ്രചരണമാണ് നടത്തുന്നത്.

നവീന ഭാരതത്തിന്റെ യാഥാർത്ഥ്യവും മാധ്യമ കുപ്രചരണവും (Media hype and the new reality of "new" India) എന്ന തലക്കെട്ടിലുള്ള ലേഖനം വിശകലനം ചെയ്ത് 'പട്ടിണിമാറ്റുന്ന ഒരു ലോകം ഉണ്ടാകണം പട്ടിണി മാറ്റുന്ന ഭാരതം ഉണ്ടാകണം, കോടീശ്വരന്മാരില്ലാത്ത ഒരു ലോകം ഉണ്ടാകണം' എന്നാണ് 93-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ ആഹ്വാനം.

ഇന്ത്യൻ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത് ഏറ്റവും അധികം പട്ടിണി പാവങ്ങൾ ഉള്ളത് സൗത്ത് ഏഷ്യയേക്കാൾ സൗത്ത് ആഫ്രിക്കയിലാണെന്നാണ്. എന്നാൽ സൗത്ത് ആഫ്രിക്കയേക്കാൾ രണ്ടിരട്ടിയിലധികം പാവങ്ങൾ ഇന്ത്യയിൽ തന്നെയുണ്ട്. കണക്കുകൾ ഉദ്ധരിച്ച് അദ്ദേഹം വിശകലനം ചെയ്തു.

കോടിശ്വരന്മാരും ദരിദ്രരും എന്നുള്ള രണ്ട് വിഭാഗം ആവശ്യമില്ല. ദൈവം നൽകിയ വിഭവങ്ങൾ എല്ലാവർക്കും ഉള്ളതാണ്. വിഭവങ്ങൾ

പങ്കിടാൻ മനസ്സില്ലാത്ത എല്ലാ കോടീശ്വരന്മാരും കള്ളന്മാരാണ്. മടിയന്മാരായ പാവപ്പെട്ടവരും ഇവിടെയുണ്ട്. കോടീശ്വരന്മാരേയും മടിയന്മാരേയും കൊണ്ട് സമൂഹം നിറയുകയാണ്. ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടേ?

പ്രസംഗിക്കുവാൻ അഞ്ചു മിനിറ്റു മാത്രമേ ഡോക്ടർ അനുമതി നൽകിയിട്ടുള്ളു എങ്കിലും കോട്ടയം പഴയസെമിനാരിയിൽ നടത്തിയ അദ്ധ്യാപക വിദ്യാർത്ഥി സംഗമത്തിൽ അരമണിക്കൂറിലധികം 'സ്നേഹ കൂടാരത്തിലെ പ്രവാചകൻ' സംഭാഷണം നടത്തി. അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ദർശനങ്ങൾ ചോദ്യോത്തര രൂപത്തിൽ അതേ ഭാഷയിൽ ഇവിടെ സംഗ്രഹിക്കുന്നു.

**ത്രിത്വദർശനം രൂപപ്പെട്ടത് എങ്ങനെയാണ്?**

അമേരിക്കയിൽ 1948 ൽ ഞാൻ പഠിക്കുന്ന കാലത്ത് ത്രിത്വ ദർശനത്തെക്കുറിച്ചുള്ള ചിന്തകൾ വളർന്നു. അന്ന് എനിക്ക് മുപ്പതു വയസ് പ്രായം കാണും. എന്റെ പ്രൊഫസർ 'അഗസ്റ്റീനിയൻ ത്രിത്വസിദ്ധാന്ത'ത്തെ കുറിച്ച് എഴുതുവാൻ പറഞ്ഞു. അഗസ്റ്റീനിയൻ ചിന്തകൾ തെറ്റാണെന്നാണ് എന്റെ വിശ്വാസം. അന്നേ എന്റെ ചിന്തകൾ സ്നേഹത്തിൽ കേന്ദ്രീകരിച്ചുള്ളതായിരുന്നു. അഗസ്റ്റീനിയൻ കാഴ്ചപ്പാടിൽ സ്നേഹത്തിന് പ്രാധാന്യം ഇല്ല. ഇത് എന്റെ മനസ്സിനെ അസ്വസ്ഥമാക്കി. ഞാൻ അതിനെ വിമർശിച്ചു.

വളരെ വിഭവ സമർത്ഥമായ ബട്ടർ ഉൾപ്പെടെയുള്ള ഭക്ഷണമാണ് സെമിനാരിയിൽ വിദ്യാർത്ഥികൾക്കുള്ളത്. പലരും ആവശ്യത്തിലധികം വാങ്ങി വെയ്സ്റ്റ് ആക്കുകയാണ്. മനസ്സ് അസ്വസ്ഥമായതിനാൽ അന്നു ഞാൻ ഭക്ഷണം കഴിച്ചില്ല. സ്നേഹത്തെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകി. 'യേശുവിന് ബട്ടർ വേണ്ട വാട്ടർ മതി', എന്ന് പറഞ്ഞിട്ട് ഭക്ഷണം കഴിക്കാതെ വെള്ളം മാത്രം കുടിച്ച് ക്ലാസിൽ പോയി. അമേരിക്കയിലെ പഠനത്തിൽ ഞാൻ ഒരു Trinitarian ആയി. ദീർഘമായ ചിന്തയിൽ അഗസ്റ്റീനിയൻ ത്രിത്വ ദർശനങ്ങളുടെ തെറ്റുകൾ എനിക്ക് മനസ്സിലായി. സ്നേഹത്തിന്റെ ത്രിത്വം ഞാൻ കണ്ടു പിടിച്ചു. അന്നു മുതൽ ഇന്നു വരേയും എന്റെ ദർശനങ്ങൾ ത്രിത്വത്തിൽ അധിഷ്ഠിതമാണ്.

**തിരുമേനിയുടെ വേദശാസ്ത്ര ചിന്താധാരകളെ എങ്ങനെ വീക്ഷിക്കുന്നു?**

എന്റെ വേദശാസ്ത്ര ചിന്താധാരകൾക്ക് അഞ്ചു തലങ്ങളുണ്ട്. ആദ്യകാലത്ത് ഞാനൊരു മൗലികവാദി (Fundamentalist) ആയിരുന്നു. പാസ്റ്ററന്മാരുടെ ഫെയ്ത്ത് ഹോമിൽ എല്ലാം പോയിട്ടുണ്ട്. ജോർജ്കുട്ടിയായി അവിടെ യോഗങ്ങളിൽ സംബന്ധിച്ചു. അക്കാലത്ത് വേദപുസ്തകം പഠിക്കണമെന്ന് അമ്മ എന്നെ പഠിപ്പിച്ചു. വേദപുസ്തകവുമായി

വിവിധ സ്ഥലങ്ങളിൽ പ്രസംഗം കേൾക്കുവാൻ പോയിരുന്നു. വേദപുസ്തകം മാത്രമേ ബാല്യകാലത്ത് ഞാൻ വായിച്ചിട്ടുള്ളു. സിനിമകാണുവാനോ പന്തുകളിക്കുവാനോ പോകത്തില്ലായിരുന്നു. സമരങ്ങൾക്കും പോയിരുന്നില്ല. അതിന് എതിരായിരുന്നു. വിദ്യാർത്ഥികാലത്ത് വേദപുസ്തകത്തിന് പ്രാധാന്യം നൽകി ജീവിച്ചിരുന്നത് എന്റെ ജീവിതത്തിലെ പ്രഥമതലമാണ്.

രണ്ടാമത്തെ തലം വേദശാസ്ത്രജ്ഞനായി ഉയരുന്ന ഒരു കാലമാണ്. അമേരിക്കയിലും ജബൽപ്പൂരിലുമായി ഏഴുകൊല്ലം നടത്തിയ വേദശാസ്ത്ര പഠനം ഈ രംഗത്തേയ്ക്ക് അതീവശീഘ്രം എന്നെ പിടിച്ചുയർത്തി. എന്റെ പഠനങ്ങൾ കേന്ദ്രീകരിച്ചത് ഇന്ത്യൻ ഫിലോസഫിയിലും ക്രിസ്തീയ വേദശാസ്ത്രത്തിലും ആയിരുന്നു.

അമേരിക്കയിൽ പി.എച്ച്.ഡി.ക്ക് പഠിക്കണമെന്ന് ആഗ്രഹിച്ചു. അതിൻപ്രകാരം എന്റെ അമ്മയ്ക്ക് കത്ത് അയച്ചു. ഇത്രയും പഠിത്തം ധാരാളം മതി. തിരികെ വന്നു 'സുവിശേഷ പ്രവർത്തനത്തിൽ' മുഴുകണമെന്ന് അമ്മ മറുപടി എഴുതി. ഉടനെ പഠനം മതിയാക്കി നാട്ടിലെത്തി. അമേരിക്കയിൽ നിന്നു നാട്ടിൽ എത്തിയത് കൺവൻഷൻ പ്രസംഗകനായിട്ടാണ്. പ്രസംഗങ്ങളിൽ നിഴലിട്ടുനിന്നത് 'സാമൂഹിക നീതി'യാണ്. ഇതാണ് മൂന്നാമത്തെ തലം.

നാലാമത്തെ തലം ഞാൻ 'അദ്ധ്യാപകനും എഴുത്തുകാരനും' എന്ന നിലയിൽ ഉള്ളതാണ്. ബോധനത്തിലും എഴുത്തിലും ഞാൻ ഉയർത്തിയത് 'സാമൂഹികനീതി' എന്ന വിഷയമാണ്. കോട്ടയത്തെ പഴയ സെമിനാരിയിൽ 50 ൽ പരം വർഷം ഞാൻ പഠിപ്പിച്ചതുകൊണ്ടാണ് 60 ൽപരം പുസ്തകങ്ങൾ എഴുതിയത്. സെമിനാരിയിലെ പഠിപ്പിക്കൽ നിമിത്തമാണ് പുസ്തക രചന സാധ്യമായത്. വിദ്യാർത്ഥികളും അദ്ധ്യാപകരും ഉയർത്തിയ വിവിധ ചോദ്യങ്ങളുടെ വിശദീകരണമാണ് പുസ്തകത്തിലുള്ളത്. ക്ലാസ്സിലെ ചർച്ചകളിൽ വിദ്യാർത്ഥികളുടെ ചോദ്യത്തിന്റെ ഉത്തരമാണ് പുസ്തകത്തിലുള്ളത്. അഞ്ചാമത്തെ തലത്തിൽ മതാതീതമായ ദർശനമാണുള്ളത്. എന്റെ പുതിയ പുസ്തകം 'സർവ്വസംഗ്രാഹിയായ അദ്വൈതദൈവം' എന്നതാണ്. സർവ്വസംഗ്രാഹിയായ എന്നാൽ പിശാച് ഒഴികെ എല്ലാവരുടെയും ദൈവം എന്നാണ്. ദുഷ്ടന്മാരുടെ മേലും നീതിമാന്മാരുടെ മേലും ദൈവം മഴപെയ്യിപ്പിക്കും. നിരീശ്വരന്മാരായ കമ്മ്യൂണിസ്റ്റുകാരേയും ദൈവത്തിന് വേണം.

**അങ്ങയുടെ ദർശനം സംഗ്രഹിച്ച് പറയാമോ?**

സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സ്നേഹത്തിന്റെ ത്രിത്വദർശനമാണ് എന്റെ ദർശനം. സ്നേഹത്തിന്റെ ഈ ഒരു ദർശന വിശകലനം ലോകത്ത് ഒരു വേദശാസ്ത്രജ്ഞനും നൽകിയിട്ടില്ല. ത്രിത്വം സ്നേഹമാണ്. സ്നേഹം പങ്കിടിലാണ്. 'പങ്കിടുന്ന ദൈവം പങ്കിടുന്ന ലോകം'

എന്നതാണ് ഇതിന്റെ അടിസ്ഥാനം. മുതലാളിത്തം പിശാചാണ്. മായിക മാണ്. സ്വാർത്ഥതയാണ്. കമ്മ്യൂണിസവും സ്വാർത്ഥതയാണ്. കമ്മ്യൂണി സത്തിൽ ദൈവം ഇല്ല. പൊതുവായതെയുള്ളു. സഹോദരനും സഹോദ രിയും ഇല്ല. എന്നാൽ എല്ലാവരും സഹോദന്മാരും സഹോദരികളും എന്ന താണ് പ്രാഥമിക പാഠം.

**നിർമ്മനുഷത്വം എന്താണ്?**

നിരീശ്വരത്വത്തിന് ഞാനുണ്ടാക്കിയ വാക്കാണ് നിർമ്മനുഷത്വം. ഇന്ന് നിങ്ങളും ഞാനും നിർമ്മനുഷ്യരാണ്. മനുഷ്യത്വം ഇല്ല. സ്നേഹം ഇല്ല. സ്വാർത്ഥതയാണ് മനുഷ്യനിലുള്ളത്. ഇതാണ് നിർമ്മനുഷ്യത്വം. മൃഗ ങ്ങൾ കുഞ്ഞുങ്ങൾക്ക് കൊടുക്കും. ഇന്നത്തെ മനുഷ്യർ ഭാര്യയും ഭർത്താവും മാത്രമായിതീരുന്നു. ഈ സ്വാർത്ഥതയാണ് മൃഗത്വം. മൃഗീ യതയും പൈശാചികതയും തെറ്റാണ്.

ഏദനിൽ ആരംഭിച്ചതാണ് സ്വാർത്ഥത. ഇത് പൈശാചികതയാണ്. മൃഗീയതയാണ്. ഇന്നും എന്നും ഇത് ശക്തമാണ്. ക്രിസ്ത്യാനിക്ക് സ്വാർത്ഥത പാടില്ല. 'ഞാനെന്നത് കൃപയാലാണ്.' യേശു പഠിപ്പിച്ച കർത്തൃപ്രാർത്ഥനയിൽ 'ഞാൻ' എന്ന വാക്കില്ല. 'ഞങ്ങളുടെ പിതാവ്' എന്നാണ്. ഞങ്ങളുടെ പിതാവിനെക്കുറിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ മതി. സ്വാർത്ഥത കുഴിച്ചിടണം. എനിക്ക് കൂടുതൽ ശമ്പളം വേണം, സ്വർണ്ണം വേണം എന്ന് ദൈവത്തോട് ചോദിക്കരുത്.

ഇന്നത്തെ ആർഭാടം (Luxuary) പൈശാചികതയാണ്. സ്വാർത്ഥത യുടെതാണ്. സ്വാർത്ഥലക്ഷ്യത്തോടെ വസ്ത്രംമേടിക്കുന്നത് തെറ്റ്. സ്വർണ്ണം വാങ്ങുന്നതും തെറ്റ്. ആഭരണകൊതി ക്രിസ്ത്യാനിക്ക് ചേർന്ന തല്ല. അത് ജഡീകവും മൃഗീയവുമാണ്. മൃഗം ദ്വിഭാഗികത്വമാണ് (dichotomy) – ജീവനും ശരീരവും. എന്നാൽ മനുഷ്യൻ ത്രിഭാഗികത്വമാണ് (trichotomy) . ജീവനും ശരീരവും ആത്മാവും ഉള്ളത് മനുഷ്യനാണ്.

**ദൈവസൃഷ്ടിയിൽ മനുഷ്യൻ എങ്ങനെ വ്യത്യസ്തനായിരിക്കുന്നു?**

ഹിന്ദുമതത്തിൽ എല്ലാം ഒന്നേയുള്ളു. അതാണ് അദ്വൈതം. ജീവാ ത്മാവും പരമാത്മാവും മനുഷ്യന് മാത്രമല്ല മൃഗങ്ങൾക്കും ഉണ്ട്. ശങ്ക രനും രാമാനുജനും പഠിപ്പിക്കുന്നത് ഇതാണ്. ഇതു തെറ്റാണ്. ക്രിസ്ത്യൻ ദർശനത്തിൽ മനുഷ്യന് മാത്രമേ ദൈവാത്മാവുള്ളു. മൃഗങ്ങൾക്ക് ഇല്ല. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്. സൃഷ്ടികർമ്മത്തിൽ ശ്വാസം മനുഷ്യനിൽ മാത്രമേ ഊതിയുള്ളു. മൃഗങ്ങളിൽ ഊതിയില്ല. ആത്മാക്കൾ മനുഷ്യർക്കുള്ളതാണ്.

**ദൈവം മനുഷ്യന് നൽകിയ സ്വാതന്ത്ര്യം എന്താണ്?**

മനുഷ്യന് ഏകത്വമായ സത്തയില്ല. അത് സാമൂഹികമായുള്ളതാണ്. മനുഷ്യന് നൽകിയിരിക്കുന്ന ദൈവസ്വരൂപം (Image of God)

ദൈവത്തോട് No പറയുവാൻ കഴിയുന്നതാണ്. ദൈവം മനുഷ്യ ഹൃദയത്തിൽ എത്തണമെങ്കിൽ ഹൃദയം തുറക്കണം. അതിനുള്ള താക്കോൽ പുറത്തല്ല, അകത്താണ്. വാതിൽ തുറക്കണം (വെളി. 3:20). മനുഷ്യൻ ദൈവത്തെ വിളിക്കണം. നീ വാതിൽ തുറന്നാൽ ഞാൻ അകത്തുവരാം. തുറന്നില്ലെങ്കിൽ അകത്തേക്കില്ല. മനുഷ്യന് നൽകിയ സ്വാതന്ത്ര്യമാണ് 'ദൈവത്തിന്റെ ആത്മപരിത്യാഗം' (Self emptying) എന്നത്. ദൈവികനാകാനും നിരീശ്വരനാകാനും ദൈവം മനുഷ്യന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

ദൈവത്തിന്റെ സ്വരൂപത്തിൽ സ്നേഹം, സ്വാതന്ത്ര്യം, വിശുദ്ധി എന്നീ മൂന്നുകാര്യങ്ങളുണ്ട്. മനുഷ്യന് വിശുദ്ധി നഷ്ടപ്പെട്ടു പോകരുത്. പാപിയായി പോകും. സ്വാതന്ത്ര്യം മനുഷ്യന് ഉണ്ടെങ്കിലേ ദൈവത്തെ അനുസരിക്കുകയുള്ളൂ. 'മനുഷ്യൻ ദൈവം ഇല്ലാ' എന്നു പറഞ്ഞാൽ മൂഢത്വമാണ്. എന്നാൽ അങ്ങനെ പറയുവാനുള്ള സ്വാതന്ത്ര്യവും ദൈവം നൽകിയിട്ടുണ്ട്.

ദൈവത്തെ ആരാധിക്കുന്നത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്. അത് വേദശാസ്ത്രമാണ്. മനുഷ്യൻ എന്നത് സൃഷ്ടിയുടെ മകുടമാണ്. മകുടമായ മനുഷ്യൻ ഉത്തരവാദിത്വം നിർവഹിക്കാതെ വരുമ്പോഴാണ് എല്ലാ പ്രതിസന്ധികളും സമൂഹത്തിൽ സംജാതമാകുന്നത്. ആരാധന യുണ്ടാകുമ്പോൾ പ്രതിസന്ധികൾ കുറയും. സമാധാനം ഉണ്ടാകും. ഇത് ദൈവം നൽകുന്നതാണ്. മനസ്സിന്റെ ശാന്തിയും ഇതിൽപ്പെട്ടതാണ്.

മനുഷ്യത്വം സാമൂഹികമാണ്. സ്വാതന്ത്ര്യവും സമാധാനവും ദൈവ സാദൃശ്യവും സാമൂഹികമാണ്. എന്നാൽ ഇത് ലംബവും തിരശ്ചീനവും ആയിത്തീരുമ്പോൾ മനുഷ്യത്വം സമഗ്രമായി തീരുന്നു. മനുഷ്യത്വം സാമൂഹികമാകുമ്പോൾ ദൈവികത വളരുന്നു. മൃഗീയത നഷ്ടപ്പെടും. മൃഗീയത മനുഷ്യനിൽ ശക്തിപ്പെടുമ്പോൾ സാമൂഹികതയും ദൈവികത യും വിസ്മരിക്കപ്പെടും. ഇത് മുതലാളിത്ത മനഃസ്ഥിതിയിലേക്കുള്ള വളർച്ചയായിരിക്കും ഫലം.

**മനുഷ്യനും പ്രകൃതിയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

പ്രകൃതി നിത്യമല്ല. മനുഷ്യൻ നിത്യമാണ്. ദൈവം ആദ്യന്തവിഹീന നാണ്. (Man is everlasting, but devil is not everlasting). മനുഷ്യനിലുള്ള ദൈവത്തിന്റെ ആത്മാവാണ് നിത്യതയ്ക്ക് നിദാനം. മനുഷ്യനിൽ ദൈവം ജീവശ്വാസം ഊതി. ഇതാണ് ദൈവാത്മാവ്. ഇതു മൃഗങ്ങൾക്ക് ലഭ്യമായില്ല. ആത്മീയത മനുഷ്യന് മാത്രമേയുള്ളൂ.

പ്രകൃതി എന്നത് തൊട്ടിൽ (cradle) ആണ്. പ്രകൃതിയില്ലാതെ ജീവിക്കുവാൻ കഴിയുകയില്ല. മനുഷ്യൻ ഉള്ളിടത്തോളം കാലം പ്രകൃതി ആവശ്യമാണ്. പ്രകൃതി ഉണ്ടെങ്കിലേ ജീവിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രകൃതി മനുഷ്യന് ആവശ്യമാണ്. എന്നാൽ പ്രകൃതി ദൈവമല്ല. ദൈവസൃഷ്ടിയാണ്. സൃഷ്ടിയിൽ ദൈവ സാദൃശ്യമുള്ളത് മനുഷ്യൻ മാത്രം.

ഉല്പത്തി 1:28 ൽ മനുഷ്യന് പ്രകൃതിയെ അടക്കി ഭരിക്കാം എന്നാണ്. എന്നാൽ ഉല്പത്തി 2:15 ൽ 'പ്രകൃതിയെ സൂക്ഷിക്കുക' എന്ന ചുമതലയാണ് നൽകിയിരിക്കുന്നത്. പ്രകൃതിയുടെ ഉടമസ്ഥാവകാശം ദൈവത്തിന് മാത്രം. ഉല്പത്തി 1:28 മുതലാളിത്ത വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ചപ്പോൾ 'അടക്കി ഭരിക്കുക' എന്നാക്കി. ഇത് തെറ്റാണ്. ദൈവത്തിന്റെ ഉടമസ്ഥാവകാശം മനുഷ്യന് കൊടുത്തിട്ടില്ല. കാര്യവിചാരകനായിരുന്നാൽ മതി. കാര്യവിചാരകത്വം നീതിപൂർവ്വം നിർവ്വഹിച്ചാൽ മനുഷ്യന് പ്രകൃതിയെ നശിപ്പിക്കുവാൻ കഴിയുകയില്ല.

ദൈവത്തിന്റെ ഉടമസ്ഥതയിലുള്ള ഈ പ്രകൃതിയിൽ ഉത്തമ കാര്യവിചാരകനായിത്തീരുക എന്ന ഉത്തരവാദിത്വമാണ് മനുഷ്യനുള്ളത്. തോട്ടം കാക്കുകയും വേല ചെയ്യുകയുമാണ് മനുഷ്യന്റെ ഉത്തരവാദിത്വം. പ്രകൃതിയെ സൂക്ഷിക്കുന്നതിനു പകരം മനുഷ്യൻ നശിപ്പിക്കുകയാണ്. പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യൻ നശിക്കപ്പെടും. പ്രകൃതിയെ തകർക്കുന്ന മനുഷ്യനെ ദൈവം ശിക്ഷിക്കും.

**മനുഷ്യനെക്കുറിച്ചുള്ള സങ്കല്പം എന്താണ്?**

ഹിന്ദു വേദശാസ്ത്രത്തിൽ മനുഷ്യൻ പരബ്രഹ്മത്തിൽ ലയിക്കും എന്നാണ് പഠിപ്പിക്കുന്നത്. എന്റെ വേദശാസ്ത്രത്തിൽ മനുഷ്യൻ പരബ്രഹ്മത്തിൽ ലയിക്കുകയില്ല. ആത്യന്തികമായി ദൈവമനുഷ്യ കൂട്ടായ്മയാണുണ്ടാകുന്നത്. മനുഷ്യന് ആരംഭം ഉണ്ടെങ്കിലും അവസാനമില്ല. ദൈവത്തിന് ആരംഭവും അവസാനവുമില്ല. പിശാചിന് ആരംഭം ഉണ്ടായിരുന്നു. രണ്ടാം മരണത്തിൽ പിശാചിന്റെ നിത്യത നഷ്ടമായി. (വെളി 21:8)

നിത്യ നരകം എന്നത് താത്വികമായി തെറ്റാണ്. കാരണം ദൈവമാണ് നിത്യൻ (Eternal). എന്റെ വേദശാസ്ത്രം തത്വശാസ്ത്രപരമാണ് (Philosophical). ഇത് ഇന്ത്യൻ തത്വശാസ്ത്രത്തോട് ചേർന്നുള്ളതാണ്. മനുഷ്യനിൽ സ്വയമേവ ഒരു മുതലാളിത്വം വളർന്നു വരുന്നില്ലേ? അതേ മനുഷ്യനിലെ പാപം കൊണ്ടാണിത് വളർന്നു വരുന്നത്. ഇത് സ്വാർത്ഥതയാണ്. ആദ്യപാപം എന്നത് സ്വാർത്ഥതയാണ്. ആദ്യപാപം എന്നത് ലൈംഗീകതയല്ല. സ്വാർത്ഥതയാണ്. ഏദൻ തോട്ടത്തിൽ ഇതാരംഭിച്ചു. വൃക്ഷഫലം പറിച്ച് ഹൗവ്വ ആദാമിനു നൽകുന്നു. ഈ സ്വാർത്ഥത മൃഗീയമാണ്. മനുഷ്യർ സ്വാർത്ഥത അവസാനിപ്പിക്കണം.

**മനുഷ്യൻ നിത്യനാണോ?**

അദ്വൈതത്തിൽ രണ്ടില്ല. എല്ലാം ഒന്നാണ്. മനുഷ്യന് മാത്രമാണ് ജീവാത്മാവും പരമാത്മാവും ഉള്ളത്. മൃഗങ്ങൾക്ക് ശരീരവും ജീവനുമേയുള്ളൂ. ആത്മാവില്ല. മരണത്തോടെ അവസാനിക്കും. സൃഷ്ടികർമ്മത്തിൽ ദൈവം മനുഷ്യനേ മാത്രമേ ഊതിയുള്ളൂ. ആ ഊതിയതാണ് ആത്മാവ്. മനുഷ്യനു മാത്രമേ ആത്മാവുള്ളൂ. അത് നിത്യതയാണ്.

പിശാച് ഇരുളാണ്. ഇത് നേരത്തേ ഉണ്ടായിരുന്നു. പിശാച് രണ്ടാം മരണത്തിൽ അവസാനിക്കും. പിശാചിന് ആത്മാവില്ല. പിശാചിന് അവസാനം ഉണ്ട്. മൃഗങ്ങൾക്കും അവസാനം ഉണ്ട്. എന്നാൽ മനുഷ്യന് അവസാനം ഇല്ല. ദൈവം മാത്രമാണ് നിത്യൻ. ദൈവത്തിന് ആരംഭവും അവസാനവും ഇല്ല. നിത്യ നരകം ഉണ്ടെന്നുപറയുമ്പോൾ ദൈവത്തിന്റെ നിത്യതപോയി എന്നാണ്. രണ്ട് നിത്യതയ്ക്ക് ഒന്നിച്ച് നിലനിൽക്കുവാൻ കഴിയുകയില്ല. ദൈവം മാത്രം നിത്യൻ. ആൽഫയും ഒമേഗായും. അനാദിന്ത്യവിഹീനൻ. അത് ദൈവം മാത്രം. പിശാചിന് നിത്യതയില്ല. നിത്യ നരകവുമില്ല. നിത്യ നരകമെന്നത് അയുക്തിപരമാണ്.

ത്രിത്വം എന്നത് പങ്കിടുന്നതാണ്. സ്നേഹത്തിൽ അധിഷ്ഠിതമാണ്. സ്നേഹം നിത്യതയാണ്. നിത്യനായ പിതാവ്, നിത്യനായ പുത്രൻ, നിത്യനായ പരിശുദ്ധാത്മാവ് എന്നർത്ഥം. ബഹുത്വത്തെയും ഏകത്വത്തെയും ഒന്നിപ്പിക്കുന്നത് സ്നേഹമാണ്. ഏകത്വത്തിൽ പങ്കിടീൽ ഇല്ല. ദ്വിത്വത്തിൽ പങ്കിടീൽ ഉണ്ടെങ്കിലും അപൂർണ്ണമാണ്. ത്രിത്വത്തിൽ പങ്കിടീൽ പൂർണ്ണമാണ്. വാങ്ങാം, നൽകാം, കൊടുക്കാം. അത് ദൈവത്തിന്റെ ഉണ്മയാണ്.

**മിഷൻ പ്രവർത്തനങ്ങൾ എങ്ങനെ?**

പ്രൊട്ടസ്റ്റന്റ് ദർശനത്തിലെ കൊളൊണിയൽ മിഷൻ വേണ്ട. എന്റെ ദർശനത്തിലെ മിഷൻ സ്നേഹത്തിന്റെതാണ്. സ്നേഹത്തിന്റെ മിഷൻ വളരണം. അപ്പോസ്തോലൻ മിഷനറിയാണ്. അയയ്ക്കപ്പെടുന്നവനാണ്. എന്നാൽ മലങ്കര സഭയിലെ ഭരണഘടനയിൽ മിഷൻ എന്നൊരു വാക്കില്ല. എല്ലാ സഭകളുടെയും ഭരണഘടനയിൽ 'മിഷൻ' എന്ന വാക്കുണ്ട്. ആശയം ഉണ്ട്. മതം മാറ്റുന്നതല്ല മിഷൻ. മനം മാറ്റുന്നതാണ്. ഞാൻ ക്രിസ്ത്യാനിയായിക്കൊണ്ടിരിക്കുകയാണ്. ക്രിസ്ത്യാനിയായിട്ടല്ല. ക്രിസ്ത്യാനിയാകുമ്പോൾ യേശുവിനെപ്പോലെയാകണം. യേശുവിന്റെ അനുകാരിയായിരിക്കണം. മിഷൻ സ്നേഹമാണ്. പങ്കിടീലാണ്. അയയ്ക്കപ്പെടുന്നതാണ്. വിഭജിക്കപ്പെടുന്നതാണ്.

**ജീവിതത്തിലെ ഹൃദയസ്പർശിയായ സംഭവം എന്താണ്?**

എന്റെ ജീവിതത്തിലെ ഏറ്റവും ഹൃദയസ്പർശിയായ സംഭവം എന്റെ പരാജയമല്ലാതെ ഒന്നുമല്ല. ദൈവകൃപയാൽ എല്ലാക്കാര്യങ്ങളിലും ദൈവം

വിജയം തരുന്നുണ്ട്. ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിലായി 360 ഏക്കർ വസ്തു ഞാൻ വാങ്ങി, പ. ബാവായുടെ പേരിൽ കൊടുത്തു. എന്റെ പേരിൽ ഒന്നും വാങ്ങിയിട്ടില്ല. സുവിശേഷാലയം 600 രൂപാ ചെലവാക്കി യാണ് ദാനയാധാരം എഴുതിയത്. അതുപോലും സഭ തന്നില്ല. അതും എന്റെ പേരിലല്ല. എല്ലാം സഭയുടെ പേരിലാണ്. പതിനായിരം രൂപാ പ. ബാവതന്നതല്ലാതെ സഭ ഒന്നും മിഷനായി തന്നിട്ടില്ല. ജനങ്ങൾ തരും.

ഈയിടെ ഒരാൾ എന്റെ കൈയിൽ 26 ലക്ഷം രൂപാ കൊണ്ടു തന്നു. അയാളുടെ വസ്തുവിറ്റത് 260 ലക്ഷം രൂപയ്ക്കാണ്. ഇപ്പോൾ പണം എനിക്ക് ജനങ്ങൾ വാരിക്കൊണ്ടു തരികയാണ്. പണം ഒരു പ്രശ്നമേ അല്ല. പാവങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുമ്പോൾ ജനം വാരിക്കോരിത്ത രും. ഇതുവരെ ഒരു മിഷൻ പ്രസ്ഥാനത്തിനും ബാങ്കിൽ നിന്ന് കടം എടു ക്കേണ്ടി വന്നിട്ടില്ല. കടം വരത്തുമില്ല. സ്നേഹം പങ്കിടുമ്പോൾ പണം വന്നു കൊള്ളും. മിഷന് പണം കിട്ടും. I am not able; you are not able; but God is able. ദൈവം തന്നു കൊള്ളും, കുഞ്ഞുങ്ങളെ...

**പുതിയ പുസ്തകത്തിന്റെ പ്രമേയം എന്താണ്?**

ഞാൻ ഇപ്പോൾ 'സർവ്വ സംഗ്രാഹിയായ അദ്വൈത ദൈവം' എന്ന ആശയം ഉൾക്കൊള്ളുന്ന പുസ്തകം എഴുതുന്നു. എല്ലാവരുടെയും ദൈവ ത്തെക്കുറിച്ചുള്ള അന്വേഷണമാണ്. വിശ്വാസിയുടെയും നിരീശ്വരന്റെയും ദൈവം. നീതിമാന്റെയും ദുഷ്ടന്റെയും ദൈവം. സർവ്വ മനുഷ്യരും രക്ഷ പ്പെടും എന്നാണ്, പുതിയ പുസ്തകത്തിന്റെ പ്രമേയം. 'സോഷ്യലിസ ത്തിന്റെ ദൈവശാസ്ത്രം' എന്ന പേരിൽ ഇത് പ്രസിദ്ധീകരിക്കും.

*(20 ജൂലൈ 2010)*

□

# 3

# അശീതിയിലെ വർത്തമാനങ്ങൾ

'മലങ്കര ഓർത്തഡോക്സ് സഭ ഒരു മിഷനറി സഭയാകണം. ഭാരതം മുഴുവൻ സുവിശേഷീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടണം. സഭ മിഷൻ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം.'

മലങ്കരസഭയിൽ മിഷൻ പ്രവർത്തനങ്ങൾക്ക് വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്ത ഓരോ വർഷവും വിവിധങ്ങളായ മിഷൻ ദൗത്യങ്ങളാണ് ഏറ്റെടുക്കുന്നത്. ജബൽപ്പൂരിലെ ലെണാർഡ് തിയോളജിക്കൽ സെമിനാരിയിൽ വേദശാസ്ത്ര വിദ്യാർത്ഥി ആയിരുന്ന കാലത്താണ് (1943–47) ഭാരതമിഷൻ ദർശനം രൂപപ്പെട്ടത്.

'എന്റെ വേദശാസ്ത്ര വിശകലനങ്ങളും വിവിധങ്ങളായ സഭാ ശുശ്രൂഷകളും എല്ലാം മിഷൻ ദർശനത്തിൽ നിന്നും രൂപപ്പെട്ടതാണ്. മിഷൻ ദൗത്യം ഏറ്റെടുക്കുവാൻ സർവ്വസന്നദ്ധമായ ഒരു വിഭാഗം പ്രവർത്തകർ ഉണ്ടാകണം. എങ്കിൽ മാത്രമേ മിഷൻ പ്രവർത്തനങ്ങൾ ഭാരതം മുഴുവൻ വ്യാപിപ്പിക്കുവാൻ കഴിയൂ'– മാർ ഒസ്താത്തിയോസ് പറഞ്ഞു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പിന്നിട്ട ജീവിതത്തെ വിലയിരുത്തുന്നു:

**കർമ്മനിരതമായ ജീവിതത്തിനു പിന്നിലെ ദർശനമെന്താണ്.**

എന്റെ ജീവിതത്തിൽ ദൈവം എനിക്കു ചെയ്ത സഹായങ്ങൾ വളരെയാണ്. അവ സമൂഹത്തിന് തിരിച്ചു കൊടുക്കണമെന്ന കടപ്പാടുണ്ട്. ഞാൻ ആകുന്നത് കൃപയാലും മറ്റുള്ളവരുടെ സഹായത്താലുമാണ്. അതിനാൽ സമൂഹത്തോടുള്ള കടപ്പാടും വളരെയാണ്.

**ഇക്കാര്യം ഒന്നു വിശദീകരിക്കാമോ**

ഈഴേക്കടവ് ജോർജ്കുട്ടിയെന്ന് അമ്മയുടെ വീട്ടുപേർ ചേർത്താണ് ആദ്യം അറിയപ്പെട്ടത്. സാമ്പത്തികമായി വളരെ ക്ലേശങ്ങൾ അനുഭവിച്ച ബാല്യകാലം ഓർമ്മയിൽ ഉണ്ട്.

ഏഴാം ക്ലാസ് പാസായിട്ടും ഒരു വർഷം പഠിത്തം നിർത്തി. സാമ്പത്തികമായി ബുദ്ധിമുട്ടിയപ്പോൾ അമ്മ പറഞ്ഞു. 'മോനെ പ്രാർത്ഥിക്ക്, ദൈവം വഴി ഒരുക്കും.' ആ കാലത്ത് ഞാൻ സുവിശേഷ പ്രസംഗത്തിന് വളരെ ശുഷ്കാന്തി കാണിച്ചു. പല സ്ഥലങ്ങളിലും പ്രസംഗിച്ചു. 'ഞാൻ പ്രവാചകനല്ല; പ്രവാചക ശിഷ്യനുമല്ല; ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രെ. യഹോവ എന്നെ പിടിച്ചു' (ആമോസ് 7:14) എന്നതായിരുന്നു പ്രസംഗവിഷയം. പ്രസംഗം കേൾക്കുവാൻ അനവധിപേർ വരുമായിരുന്നു. പലരുടെയും സഹായത്താൽ എനിക്കു തുടർന്നു പഠിക്കുവാൻ കഴിഞ്ഞു. ദൈവകൃപയും മറ്റുള്ളവരുടെ സഹായവുമാണ് എന്നെ നയിക്കുന്നത്. ഇത് വളരെ ചെറുപ്പം മുതൽ എന്നെ പിന്തുടരുന്നുണ്ട്. അതിനാൽ സമൂഹത്തോട് വളരെ ഉത്തരവാദിത്വമുണ്ട്.

**ദൈവശാസ്ത്ര ചിന്തയെ സ്വാധീനിച്ചതാരെല്ലാം**

വിശ്വാസ പ്രബോധന ദൈവശാസ്ത്രമാണ് ആദ്യം എന്നെ സ്വാധീനിച്ചത്. വി. ത്രിത്വവുമായി ബന്ധിച്ച് സമൂഹത്തെ അപഗ്രഥിക്കുന്ന ദൈവശാസ്ത്ര സമീപനം വേദപുസ്തകത്തിൽ അടിസ്ഥാനപ്പെട്ടതാണ്. ആദിമസഭയുടെ പഠിപ്പിക്കലുകളും ദർശനവും ആ സമീപനത്തിന് കരുത്തു നൽകി.

അമേരിക്കയിൽ പ്രശസ്ത ദൈവശാസ്ത്രജ്ഞന്മാരായ റെയ്നോൾഡ് നിബൂർ, പോൾടില്ലിക്ക്, ജോർജ്ജ് ഫ്ളോറോസ്ക്കി എന്നിവർ പഠിപ്പിച്ചു. സാമൂഹ്യശാസ്ത്ര പശ്ചാത്തലത്തിൽ ദൈവശാസ്ത്രത്തെ ബന്ധിപ്പിക്കുവാൻ വേണ്ട പ്രയോജനം ഇവരിൽ നിന്നും ലഭിച്ചു. എന്റെ പുസ്തകങ്ങളിൽ നിന്നും 1000-ൽ അധികമുള്ള ഗവേഷണ പ്രബന്ധങ്ങളിൽ നിന്നും ദൈവശാസ്ത്ര ചിന്തയുടെ വികാസവും വളർച്ചയും കണ്ടെത്താം. ആദ്യകാല രചനകളിൽ കാൾ ബാത്തിന്റെ സ്വാധീനം ഉണ്ട്.

**ദൈവശാസ്ത്രചിന്തകൾ പരുവപ്പെടുത്തിയ മുഖ്യഗ്രന്ഥങ്ങൾ ഏതെല്ലാമാണ്.**

എന്റെ ദൈവശാസ്ത്രം പ്രതിഫലിക്കുന്ന മുഖ്യഗ്രന്ഥങ്ങൾ: വർഗ്ഗരഹിത സമൂഹം (1979), ദരിദ്ര ലോകത്ത് ധനികനായിരിക്കുന്നത് പാപം (1983), പങ്കിടുന്ന ദൈവവും പങ്കിടുന്ന ലോകവും (1995) അത്രൈത ദൈവശാസ്ത്രം. ഇവയിൽ എന്റെ ദൈവശാസ്ത്ര ദർശനങ്ങൾ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

**'വർഗ്ഗരഹിത സമൂഹം-വിശദീകരിക്കാമോ'**

'വർഗ്ഗരഹിത സമൂഹം' എന്നത് ത്രിത്വാധിഷ്ഠിതമായ പഠിപ്പിക്കലാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്-ദൈവം ത്രിയേകനാണ്. ഇവർ തുല്യരാണ്. ഒന്നാണ്. ഈ ദർശനം സമൂഹത്തിലും ഉണ്ടാകണം. എല്ലാവരും തുല്യരായിരിക്കുന്ന 'വർഗ്ഗരഹിത സമൂഹം' ദൈവസ്നേഹത്തിൽ

നിറഞ്ഞതാണ്. സ്നേഹം അതിന്റെ പൂർണ്ണതയിൽ ത്രിത്വം പോലെ തുല്യവും ഏകവും സമവുമാണല്ലോ.

ഒരു ന്യൂക്ലിയർ കുടുംബത്തോട് ഇതിനെ ഉപമിക്കാം. പിതാവ്, മാതാവ്, മക്കൾ. ഇവരുടെ സ്ഥാനം വ്യത്യസ്ഥമാണെങ്കിലും എല്ലാവരും സ്ഥാനം നോക്കാതെ തുല്യരായി പ്രവർത്തിക്കുന്നു. വർഗ്ഗരഹിത സമൂഹത്തിൽ ഏവരും തുല്യരും പരസ്പരം കരുതുന്നവരുമാണ്. ശത്രുതയും മത്സരവും ഇല്ലാതാകും. സർവ്വരേയും സ്വന്തം കുടുംബമായി കരുതും.

'വർഗ്ഗരഹിത സമൂഹം' പൗലോസ് വ്യക്തമാക്കുന്നുണ്ട് (റോമ. 12:4, 1 കൊരി. 12:12–26). ശരീരത്തിലെ അവയവങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരുമിച്ച് വളരുന്നതിനുള്ള അവസര സമത്വമുണ്ട്. ഹൃദയം ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും രക്തം പമ്പു ചെയ്തു കൊണ്ടിരിക്കുന്നു. കേന്ദ്രനാഡീ വ്യവസ്ഥപ്രകാരം ശരീരം മൊത്തം തലച്ചോറുമായി ബന്ധപ്പെടുന്നു. ഏതെങ്കിലും ഒന്നിന് തനിച്ച് നിലനിൽപ്പില്ല. ഓരോന്നും മറ്റുള്ളതിനുവേണ്ടി നിലകൊള്ളുന്നു. ഐക്യത്തിൽ വളരുന്നു. ഇത് വർഗ്ഗരഹിത സമൂഹത്തിന് മാതൃകയാണ്.

## വർഗ്ഗരഹിത സമൂഹം കമ്മ്യൂണിസ്റ്റ് ദർശനങ്ങളോട് ബന്ധമില്ലെ

'വർഗ്ഗരഹിത സമൂഹം' ബൈബിളിൽ നിന്നും കാറൽ മാർക്സ് കടം കൊണ്ടതാണ്. മാർക്സ് വർഗ്ഗസമരവുമായി ബന്ധപ്പെട്ട് ഇത് വിശകലനം ചെയ്യുന്നു. മനുഷ്യരുടെ സാഹോദര്യാടിസ്ഥാനത്തിലുള്ള കൂട്ടായ്മയ്ക്ക് ഭംഗം വരുത്തുന്ന സാമൂഹ്യ ഉച്ചനീചത്വമാണ്, 'വർഗ്ഗം' എന്ന പദത്തിൽ വിവക്ഷിക്കുന്നത്. 'വിശ്വാസികൾ ഒന്നായി തീർന്ന് സമ്പത്തെല്ലാം പൊതുവകയായി കരുതിയിരുന്ന 'ആദിമ സഭ' വർഗ്ഗരഹിത സമൂഹമായിരുന്നു.

ദൈവശാസ്ത്രത്തിലെ യാഥാസ്ഥിതികത്വവും സാമൂഹ്യ ശാസ്ത്രത്തിലെ സോഷ്യലിസ്റ്റ് ചിന്തയും സമന്വയിപ്പിച്ചാണ് 'വർഗ്ഗരഹിത സമൂഹം' എന്നത് വികസിപ്പിച്ചിട്ടുള്ളത്. ദൈവശാസ്ത്രത്തിൽ കേന്ദ്രീകൃതമായ വർഗ്ഗരഹിത സമൂഹത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇതിൽ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ അധിക സ്വാധീനമില്ല.

## ദരിദ്ര ലോകത്ത് സമ്പന്നനായിരിക്കുന്നത് പാപമോ

ഇന്ത്യ പോലുള്ള ദരിദ്ര്യരാജ്യത്ത് സമ്പത്ത് പങ്കിടാതിരിക്കുന്നത് പാപമാണ്. ദൈവസ്നേഹമില്ലാത്തതാണ് പങ്കിടാൻ വൈഷമ്യം സൃഷ്ടിക്കുന്നത്. ദൈവിക കൽപനകളും പ്രമാണങ്ങളും അനുസരിക്കാത്തവർക്ക് സമ്പത്ത് അധികമായി ഉണ്ടാകുന്നു. ദൈവേഷ്ടം അനുസരിക്കുമ്പോൾ കഷ്ടത അനുഭവിക്കുന്നവരോട് പങ്കുചേരാൻ കഴിയും. സമ്പത്ത് നീതിപൂർവ്വം പങ്കിടുവാൻ സാധിക്കും.

ക്രിസ്തീയ പങ്കിടിലും “മുട്ടില്ലാത്തവർ” ഉള്ള സമൂഹവും ആദിമസഭയിൽ ഉണ്ടായിരുന്നു. അതിനാൽ ദൈവമക്കൾ എല്ലാവരും പങ്കിടുന്നവർ ആകണം. സ്വാർത്ഥലാഭം നോക്കാതെ ദൈവദത്തമായ വിഭവങ്ങൾ നീതിക്കായി പങ്കിടണം. ദരിദ്രലോകത്തിൽ സമ്പന്നനാകുവാൻ ആഗ്രഹിക്കരുത്. മറ്റുള്ളവർക്ക് മുട്ടുള്ളപ്പോൾ സുഖലോലുപമായി ജീവിക്കരുത്. നീതിയ്ക്കും വിമോചനത്തിനുമായി ദാഹിക്കുന്ന ഏവരേയും കരുതുന്ന സമൂഹം ഉണ്ടാകണം.

ദൈവം മനുഷ്യനായപ്പോൾ ദരിദ്രരുമായി താദാത്മ്യപ്പെട്ടു. ഇത് സ്വമേധയാ ശൂന്യമാക്കലായിരുന്നു (Self emptying). ക്രൈസ്തവസഭ ഇത് മാതൃകയാക്കണം. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആകുന്ന വ്യവസ്ഥിതിയും മാറണം. ദരിദ്രലോകത്ത് സമ്പത്ത് പാവങ്ങൾക്കായി പങ്കിടാത്തത് പാപം എന്ന് ഞാൻ വിശ്വസിക്കുന്നു.

**മിഷൻ പ്രവർത്തനത്തെക്കുറിച്ചുള്ള ദർശനം ഉണ്ടായതെങ്ങനെ**

വേദപുസ്തകം പഠിച്ചാൽ മിഷനറിയാകും. ചെറുപ്പത്തിലെ വേദപുസ്തകം വായിക്കുന്നതിനും പ്രസംഗിക്കുന്നതിനും താൽപ്പര്യമായിരുന്നു. പ്രസംഗം എനിക്ക് ആവേശവും അനുഭവവുമാണ്. സ്നേഹം, പങ്കിടീൽ എന്നിവയിൽ കേന്ദ്രീകൃതമായ ദർശനമാണ് മിഷൻ. സമ്പൂർണ്ണ പങ്കിടീൽ സമത്വം ഉളവാക്കുന്നു. അതാണ് മിഷന്റെ ആത്യന്തിക ലക്ഷ്യം. യേശുക്രിസ്തുവിന്റെയും ആദിമസഭയുടെയും ജീവിത ശൈലിയാണ് മിഷൻ കൂട്ടായ്മയിൽ ഉണ്ടാകേണ്ടത്.

ഞാൻ ജബൽപ്പൂരിൽ ബി.ഡി.യ്ക്കു പഠിക്കുന്ന കാലത്ത് മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൂടുതൽ പ്രേരണ ലഭിച്ചു. മലങ്കര സഭയെ മിഷനറി സഭയായി ഉയർത്തുവാൻ ആഗ്രഹിക്കുന്നു. മിഷൻ എന്ന വാക്കിന്റെ ഉത്ഭവം മിഷ്യോ ഡെയ് (Missio Dei) എന്നതിൽ നിന്നുമാണ്. മിഷന്റെ അടിസ്ഥാനം ദൈവമാണ്. ദൈവത്തിന്റെ മിഷനാണ്.

**ആതുര സേവന പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുന്നത്...**

ഒരു ദരിദ്ര ഭവനത്തിൽ നിന്നും വളർന്നു വന്ന ബിഷപ്പാണ് ഞാൻ. ഞാൻ ഞെരുക്കത്തിൽ ആയതിനാൽ അതിന്റെ വേദനയും കാഠിന്യവും അനുഭവിച്ചു. വേദനിക്കുന്നവരോട് താദാത്മ്യം പ്രാപിക്കുന്നതിനുള്ള കർമ്മപരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. എനിയ്ക്ക് ലഭിക്കുന്ന പണം എല്ലാം ഏതെങ്കിലും ഒരു പ്രോജക്ടിനു വേണ്ടി ചെലവിടും. അനവധി പ്രോജക്റ്റുകളുണ്ട്. ധനികനായ ബിഷപ്പായി മരിക്കുവാൻ ആഗ്രഹമില്ല. മരിക്കുമ്പോൾ പണം ഒന്നും എന്റെ കൈയ്യിൽ കാണരുതെന്നാണ് ആഗ്രഹം. എല്ലാ പിരിവുകൾക്കും കൃത്യമായ രസീതു നൽകും. സ്വർണ്ണത്തോട് താൽപര്യമില്ല.

എന്റെ പ്രസംഗം കേട്ട് ആതുരസേവന പ്രവർത്തനങ്ങൾക്കായി സ്വർണ്ണ വളകളും മാലകളും അനേകർ ഊരി തന്നിട്ടുണ്ട്. അന്ന് ഒരാൾക്ക് ഒന്നും രണ്ടും മാലയേ ഉള്ളൂ. ഇന്ന് ഒരാൾക്ക് മുപ്പതും നാൽപ്പതും സ്വർണ്ണ മാലയാണ്. ദൈവത്തിന്റെ സ്ഥാനം സ്വർണ്ണം കീഴടക്കി. ആർക്കും കുരിശു വേണ്ട സ്വർണ്ണം മതി (Nobody wants cross, every body wants gold).

**ഭാരതത്തിൽ മിഷൻ പ്രവർത്തകർക്ക് പീഢകൾ വർദ്ധിക്കുന്നല്ലോ.**

ക്രിസ്തീയ മിഷൻ നടത്തുമ്പോൾ പീഢകൾ വന്നാൽ ഏറ്റെടുക്കണം. പാശ്ചാത്യ മിഷനറിമാർ അവലംബിച്ച മനോഭാവം അപൂർണ്ണവും നിഷേധാത്മകവുമാണ്. ഇതര മതങ്ങളോട് അസഹിഷ്ണുതയാണ് അവർ പുലർത്തിയത്.

സ്നേഹത്തിന്റെ മിഷൻ ശൈലി ഉൾക്കൊണ്ടാൽ ഇതര മതങ്ങൾ മിഷനുമായി സൗഹാർദ്ദമാകും. മിഷൻ രംഗത്തെ ബൂർഷ്വാ മനഃസ്ഥിതിയാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ മുഴുവൻ ‘ദൈവീകരണമാണ്’ മിഷൻ പ്രവർത്തനത്താൽ യാഥാർത്ഥ്യമാകേണ്ടത്.

**ജനാധിപത്യത്തിന്റെ ഭാവി...**

ഇന്ത്യയിൽ ജനാധിപത്യമല്ല. പണാധിപത്യമാണ് നടക്കുന്നത്. പാവപ്പെട്ടവരെ സ്നേഹിക്കുന്ന ഒരു ഗവണ്മെന്റില്ല. എല്ലാ പാർട്ടിയെയും അഴിമതി പിടിച്ചടക്കി. വൻ രാഷ്ട്രങ്ങൾ ദരിദ്ര രാജ്യങ്ങളെ ചൂഷണം ചെയ്യുകയാണ്. അമേരിക്കൻ സംസ്കാരത്തിന്റെ സ്വാർത്ഥത ദൈവം ക്ഷമിക്കില്ല. ആഗോളവൽക്കരണം തുടങ്ങിയ പ്രക്രിയകൾ ചൂഷണത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുകയാണ്. പാവങ്ങൾക്കായി മുതലക്കണ്ണീർ ഒഴുക്കുന്ന സമ്പ്രദായമാണ് എവിടെയും. വ്യക്തികളും സമൂഹിക തലങ്ങളും പരസ്പരം ഇണങ്ങിപ്പോകുന്ന ഒരു വ്യവസ്ഥിതിയാണ് ‘സാമൂഹ്യനീതി’. ഇത് സഭയിലും രാഷ്ട്രത്തിലും ഉണ്ടാകണം. അതിനായി മനസ്സാക്ഷിയുള്ള ചെറുപ്പക്കാർ ഉണർന്നു പ്രവർത്തിക്കണം.

**സഭയുടെ ദൗത്യം എന്തായിരിക്കണം**

എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ സഭയാണ് ഉണ്ടാകേണ്ടത്. കിരീടത്തിനും, സ്വർണ്ണത്തിനും കൊട്ടാരത്തിനും ആഗ്രഹിക്കുന്ന സഭയാണ് ഇന്നുള്ളത്. അതിനാൽ സഭ കുരിശിന്റെ മഹത്വം മറന്നു പോകുന്നു. സഭ ദരിദ്രമായിരിക്കണം. സ്വകാര്യസ്വത്ത് ഉണ്ടാകരുത്. എല്ലാം പൊതുവിന്റേതാകണം. മെത്രാപ്പോലീത്താമാരും സ്വകാര്യ സ്വത്തും പണവും സമ്പാദിക്കരുത്. ‘ക്രിസ്തുവിന്റെ മോഡൽ’ സ്വീകരിക്കണം. പള്ളികൾക്ക് ധാരാളം സമ്പത്തുണ്ട്. അവ പാപങ്ങൾക്കായി വേർതിരിക്കുവാനുള്ള മനഃസ്ഥിതി ഉണ്ടാകണം.

പട്ടിണിയും ദാരിദ്ര്യവും രോഗവും ഉള്ള ലോകത്ത് ആർഭാടങ്ങളും സഭാകേസുകളും അവസാനിപ്പിക്കണം. ഇടവകകളിൽ മദ്യപന്മാർ

ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കരുത്. സഭാസ്ഥാപനങ്ങളിൽ ദരിദ്രരായവർക്ക് പഠിക്കാൻ അവസരം നൽകണം. സഭയുടെ ദൗത്യത്തെക്കുറിച്ച് കാര്യമായി യുവജനങ്ങൾ പഠിക്കണം.

**ഇനിയുമുള്ള കാലം എങ്ങനെ ചെലവഴിക്കാൻ ആഗ്രഹിക്കുന്നു.**

മാവേലിക്കര സൺഡേ സ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ ഞാൻ ഒരു തീരുമാനം എടുത്തിട്ടുണ്ട്. 'ഞാൻ എന്റെ ഹൃദയം കർത്താവിന് കൊടുക്കുന്നു.' സമർപ്പണത്തിന്റെ ആദ്യപടിയാണിത്. ദൈവം തരുന്നിടത്തോളം കാലം ദൈവത്തിനു വേണ്ടി പ്രവർത്തിക്കും.

'ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം' ഏറെ ആയാൽ എൺപത്. ഇപ്പോൾ അതിനും അപ്പുറത്തേക്ക് നീങ്ങുന്നു...

'പ്രാർത്ഥന കേൾക്കും പ്രാണപ്രിയനെ യാതൊന്നും വേണ്ട നീ മതി, പ്രാർത്ഥിപ്പാനുള്ള ഏക ആഗ്രഹം നിന്റെ രാജ്യം ഭൂവിലും ആകണം' ഇനിയുള്ള കാലവും ദൈവരാജ്യമഹത്വത്തിനായി പ്രവർത്തിക്കണം. ഭദ്രാസനത്തിൽ നിന്ന് വിരമിച്ച് ഒരു മിഷണറി ബിഷപ്പായി തീരണമെന്ന് ആഗ്രഹിക്കുന്നു.

**ഒരു സന്ദേശം**

'ദൈവത്തെ സ്നേഹിക്കുക. അയൽക്കാരനെ സ്നേഹിക്കുക.' ഇത് കർത്താവിന്റെ കല്പനയാണ്. ഇത് പാലിക്കുമ്പോൾ ദൈവരാജ്യം വന്നുകൊള്ളും. അത് വർഗ്ഗരഹിത സമൂഹവും ആയിരിക്കും.

*(25 ഡിസംബർ 1999)*

□

# 4

# പ്രസംഗത്തിലെ സ്നേഹപർവ്വം

ക്രിസ്തീയ കൺവൻഷന്റെ ഒരു രാത്രിയോഗത്തിൽ പങ്കെടുക്കുന്നതിനായി മാവേലിക്കര മുണ്ടുവേലിൽ ജോർജുകുട്ടി വേദപുസ്തകവുമായി പോയി. അന്നത്തെ മുഖ്യപ്രസംഗം പടിക്കൽ തോമസ് ഉപദേശിയുടേതായിരുന്നു. 1930 കളിലാണ്. അദ്ദേഹം ശ്രോതാക്കളോടു ചോദിച്ചു. "നിങ്ങളുടെ ഹൃദയം ദൈവത്തിന് കൊടുക്കുമോ." പ്രസംഗമദ്ധ്യേ ഉപദേശി പല പ്രാവശ്യം ഈ ചോദ്യം ആവർത്തിച്ചു. കൺവൻഷനിൽ പങ്കെടുത്ത ആരും അനങ്ങിയില്ല.

പന്ത്രണ്ട് വയസ്സുള്ള ജോർജുകുട്ടി ചാടി എഴുന്നേറ്റ് പറഞ്ഞു. "ഞാൻ എന്റെ ഹൃദയം ദൈവത്തിന് കൊടുക്കുന്നു". ആ ജോർജുകുട്ടിയാണ് വളർന്ന് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയത്. ഇപ്പോൾ നവതിയുടെ നിറവിലും പുസ്തകരചനയിലും വചന ശുശ്രൂഷയിലും ജാഗ്രതപുലർത്തുന്നു.

അമേരിക്കയിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ എം.എ., എസ്. ടി. എം., ബിരുദങ്ങൾ നേടിയ ശേഷമാണ് കൺവൻഷൻ രംഗത്തേക്ക് പ്രവേശിക്കുന്നത്. ആദ്യ കൺവൻഷൻ പ്രസംഗം 1951 ലാണ്. കോട്ടയം നിലയ്ക്കൽ കൺവൻഷൻ. "ക്രിസ്തുവിനെ വേണമോ, ബറബ്ബാസിനെ വേണമോ" എന്നതായിരുന്നു വിഷയം. തുടർന്ന് അനേക കൺവൻഷൻ വേദികളിൽ ദൈവവചനം പങ്കിട്ടു. സ്വദേശത്തും വിദേശത്തും എല്ലാം ഫാ. എം. വി. ജോർജിന്റെ പ്രസംഗത്തിന് അനേകർ കാതോർത്തു. ഫാ. എം. വി. ജോർജ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത ആയപ്പോഴും പ്രസംഗത്തിന് തിരക്ക് വർദ്ധിച്ചു. അനേകരെ ദൈവവചനത്താൽ പ്രബോധിപ്പിച്ച് ആത്മീയ ഉണർവ്വ് പകർന്നു.

പ്രസംഗകലയുടെ വിവിധ കാഴ്ചപ്പാടുകൾ സ്വതസിദ്ധമായ ശൈലിയിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത പങ്കിടുന്നു:

**മലങ്കര സഭയിലെ ആദ്യകാല പ്രസംഗകരിൽ സ്വാധീനിച്ച വ്യക്തികൾ ആരൊക്കെയാണ്?**

ഒന്നാമത് ദൈവമാണ് എന്നെ സ്വാധീനിച്ചത്. ദൈവം വേദപുസ്തക ത്തിലൂടെ എന്നോട് പ്രസംഗിക്കുവാൻ ആവശ്യപ്പെടുകയായിരുന്നു. രണ്ടാമത്, എന്റെ അയൽവാസിയായ മാർത്തോമ്മാ സഭയിലെ ഒരു ഉപദേശി 'പടിക്കൽ തോമസ്' (പി. ജെ. തോമസ്) എന്ന ആളായിരുന്നു. ബൈബിളിലെ ഏതുഭാഗം ചോദിച്ചാലും പറയുമായിരുന്നു. ഇതുപോലെ ബൈബിൾ കാണാപ്പാഠം പഠിച്ച ഒരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല.

മൂന്നാമത്, മിഷൻദൗത്യം (Mission Spirit). അഖില ഭാരത മിഷൻ എന്നത് ഞാൻ ജോർജ്ജുകുട്ടി ആയിരുന്നപ്പോൾ മുതലുള്ള എന്റെ ആഗ്രഹമാണ്. വി. മത്തായി 28:18-20 ഭാഗത്ത് കർത്താവിന്റെ അവസാന വാക്കുകളിൽ പ്രസംഗവും ഉൾപ്പെട്ടിട്ടുണ്ട്. ഈ വാക്യവും എന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട്.

**പ്രസംഗ വിഷയം തിരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും സ്വീകരിക്കുന്ന മാതൃകകൾ ഏതെല്ലാമാണ്?**

പ്രസംഗവിഷയം ഞാൻ തെരഞ്ഞെടുക്കാറില്ല. പകരം വിഷയം എന്നെ തെരഞ്ഞെടുക്കുകയാണ്. പിന്നെ അത് അവതരിപ്പിക്കുന്നതിനുള്ള മാതൃകകൾ ഞാൻ സ്വയമായി രൂപപ്പെടുത്തിയതാണ്. പ്രസംഗം അവതരിപ്പിക്കുമ്പോൾ അത് കേൾക്കുന്ന ആളുകളിൽ ഉണ്ടാകുന്ന ചലനമാണ് പ്രസംഗത്തിന്റെ വിജയം. അതുകൊണ്ട് ആളുകളെ അറിഞ്ഞ് അവർക്ക് മനസ്സിലാകുന്ന രീതിയിൽ ലളിതമായി പ്രസംഗിക്കുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. എന്റെ പ്രസംഗങ്ങൾ എല്ലാം ചെറിയ ചെറിയ വാചകങ്ങളിലായിരിക്കും അവതരിപ്പിക്കുന്നത്.

**പ്രസംഗ അവതരണത്തിനും വിശകലനത്തിനുമായി വിഭവങ്ങൾ സ്വീകരിക്കുന്നത് എങ്ങനെയാണ്?**

എന്റെ പ്രസംഗത്തിൽ ഞാൻ ആദ്യം പറഞ്ഞതുപോലെ വിഷയം എന്നെ തിരഞ്ഞെടുക്കുകയാണ്. ഞാൻ ബൈബിളിൽ നിന്നു മാത്രമേ വിഷയങ്ങൾ സ്വീകരിക്കാറുള്ളൂ. ഉള്ളടക്കം (Matter), അവതരണം (Manner), ഭാഷ (Language) ഈ മൂന്നു കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് പ്രസംഗം തയ്യാറാക്കുന്നത്. വി. ബൈബിൾ വായിക്കുമ്പോൾ ദൈവം എന്നോട് പറയും നീ ഈ വാക്യത്തെ അടിസ്ഥാനമാക്കി പ്രസംഗിക്കണം എന്ന്. അപ്പോൾത്തന്നെ ഞാൻ അതിന് മൂന്ന് ഭാഗങ്ങൾ (Division) കണ്ടുപിടിക്കും. എന്നിട്ട് അതിൽ നിന്നുകൊണ്ടായിരിക്കും പ്രസംഗിക്കുന്നത്. പ്രസംഗത്തിന് നല്ല ഒരുക്കം ആവശ്യമാണ്. പ്രസംഗം പറയുന്നതിനുമുമ്പ് അത് എഴുതുന്നത് നല്ലതാണ്. ഞാൻ ആദ്യകാലങ്ങളിൽ പ്രസംഗം എഴുതി പഠിച്ച് പറയുമായിരുന്നു. പിന്നീട് എഴുതിയിട്ടില്ല.

വിഷയം കൂടുതൽ ഹൃദിസ്ഥമാക്കുവാൻ എഴുതിയിട്ട് അവതരിപ്പിക്കുന്നത് സഹായിക്കും.

**ഓർത്തഡോക്സ് സഭയിൽ പ്രസംഗത്തിന്റെ സ്വാധീനം എപ്രകാരമാണ്?**

ആദ്യകാലത്ത് വൈദികരൊന്നും പ്രസംഗിച്ചിരുന്നില്ല എന്നതാണ് വാസ്തവം. ക്രിസ്തീയ സഭയുടെ ആരംഭത്തിൽ പ്രസംഗത്തിന് പ്രാധാന്യം ഉണ്ടായിരുന്നു (അപ്പോ. 2:42). ഒരു വൈദികൻ എന്നുപറഞ്ഞാൽ കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പുരോഹിതനായും പടിഞ്ഞാറോട്ട് നില്ക്കുമ്പോൾ പ്രവാചകനായും ഇടവക സേവനത്തിലൂടെ ഇടയൻ ആയും മാറുന്നു. ഞാൻ എല്ലാ വി. കുർബ്ബാനയിലും ചെറിയ പ്രസംഗം നടത്തും. ഒരു ഓർമ്മക്കുർബ്ബാനയായാലും പ്രസംഗിക്കും. അത് നിർബന്ധമാണ്. എന്റെ അഭിപ്രായത്തിൽ വി. കുർബ്ബാനയിൽ പ്രസംഗം നടത്തിയില്ലെങ്കിൽ ആ ശുശ്രൂഷ പൂർത്തിയായിട്ടില്ല എന്നാണ്. ഇടവകയിൽ പ്രസംഗത്തെ ഇഷ്ടപ്പെടാത്തവരുണ്ടെങ്കിൽ അവരെ ബോധവൽക്കരിക്കണം. നല്ല പ്രസംഗകർ ഓർത്തഡോക്സ് സഭയിൽ വളർന്നുവരേണ്ടത് വളരെ അത്യാവശ്യമാണ്. പ്രസംഗത്തിന്റെ സ്വാധീനം വളരെയാണ്. അവ കണ്ടെത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയണം.

**സഭാകമ്പം അതിജീവിക്കുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?**

(ചിരിക്കുന്നു....) എന്റെ സാന്നിദ്ധ്യത്തിൽ പണ്ട് ഒരാൾ പ്രസംഗിച്ചപ്പോൾ മറിഞ്ഞുവീണു! വേറൊരാൾ വെള്ളം ചോദിച്ചു! സഭാകമ്പം നൈസ്സർഗ്ഗികമായിട്ടുള്ളതാണ്. പ്രസംഗപരിശീലനത്തിന്റെ ആദ്യഘട്ടങ്ങളിൽ ഇത് കണ്ടെന്നുവരാം. ഒന്നുരണ്ട് സ്ഥലത്ത് പ്രസംഗിച്ചു കഴിയുമ്പോൾ അത് മാറിക്കൊള്ളും.

സഭാകമ്പത്തെ അതിജീവിക്കുവാൻ കഴിയണം. നിരന്തരമായ അഭ്യസനത്തിലൂടെയും ആത്മവിശ്വാസത്തിലൂടെയും സഭാകമ്പത്തെ നേരിടുവാൻ കഴിയണം. വിഷയത്തിൽ നല്ല അവബോധം ഉണ്ടായാൽ ഒരു പരിധിവരെ സഭാകമ്പത്തെ അഭിമുഖീകരിക്കാം. പ്രാർത്ഥന, ഒരുക്കം, ആത്മവിശ്വാസം, വിഷയപരിജ്ഞാനം ഇവ ആവശ്യമാണ്.

**പ്രസംഗകലയിലെ ഭാഷ ഫലപ്രദമാക്കാൻ സ്വീകരിക്കേണ്ട ഘടകങ്ങൾ എന്തെല്ലാം?**

പ്രസംഗത്തിൽ ഭാഷയ്ക്ക് വളരെ പ്രാധാന്യമുണ്ട്. പ്രസംഗവും ഭാഷയും പുട്ട് ഉണ്ടാക്കുന്നതുപോലെ ആണ്. പുട്ട് ഉണ്ടാക്കുമ്പോൾ തേങ്ങാപ്പീര അടിയിൽ ഇടും. അതിന്റെ മുകളിൽ പൊടി ഇടും. പീര ഇട്ടില്ലെങ്കിൽ ആവി മുകളിൽ വരുകയുമില്ല, പുട്ട് വേവുകയുമില്ല.

അതായത് പ്രസംഗത്തിൽ ഉദാഹരണങ്ങളും ചെറിയ പാട്ടുകളും കഥകളും വേണം അല്ലെങ്കിൽ ആളുകളുടെ ഹൃദയത്തിൽ അത് എത്തുകയില്ല. ചിലർ പ്രസംഗിക്കുമ്പോൾ പീര മാത്രമായിപ്പോകും! ചിലർക്ക് പൊടി മാത്രമേ ഉണ്ടാകൂ! രണ്ടും കൂടി ഉണ്ടായാലേ പ്രസംഗം വിജയിക്കൂ.

ലളിതമായ ഭാഷയാണ് ഞാൻ പ്രസംഗത്തിൽ ഉപയോഗിക്കുന്നത്. സംസ്കൃത വാക്കുകളൊന്നും ഉപയോഗിക്കാറില്ല. കർത്താവും പ്രസംഗത്തിൽ ലഘുവാക്യങ്ങളാണ് ഉപയോഗിച്ചത്. ഇത്രയും ചെറിയ ചെറിയ വാക്യങ്ങളിലൂടെ ആരും പ്രസംഗിച്ചിട്ടില്ല. എല്ലാവർക്കും ഒരുപോലെ അതു മനസ്സിലായി. ഉപമകളിലൂടെ ആയിരുന്നുവല്ലോ യേശുവിന്റെ പ്രസംഗങ്ങൾ നടന്നത്.

പ്രസംഗം ചിരിപ്പിക്കുന്നതാകരുത്. കരയിപ്പിക്കുന്നതാകണം. പശ്ചാത്താപത്തിലേക്ക് നയിക്കണം. അതാണ് യഥാർത്ഥ ക്രിസ്തീയ പ്രസംഗം. അതുകൊണ്ട് ജനത്തെ സ്പർശിക്കുന്ന വാക്കുകൾ പ്രസംഗത്തിൽ ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

**പ്രസംഗത്തിൽ സാമൂഹിക വിശകലനങ്ങളും വിമർശനങ്ങളും ഉൾക്കൊള്ളിക്കുന്നത് ജനങ്ങൾ എപ്രകാരം സ്വീകരിച്ചിട്ടുണ്ട്?**

എന്റെ ആദ്യകാല പ്രസംഗം കേൾക്കുന്നവർ എന്റെ പ്രസംഗത്തെ 'സാമൂഹിക നീതി' (Social Justice) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ചെറുപ്പക്കാരാണ് എന്റെ പ്രസംഗം കൂടുതൽ ഇഷ്ടപ്പെടുന്നവർ. പ്രായമായവർ എന്നെ 'കമ്മ്യൂണിസ്റ്റുകാരൻ' എന്നാണ് വിളിച്ചിരുന്നത്. വിമർശനങ്ങൾ പറയുമ്പോൾ പേടിക്കേണ്ട കാര്യമില്ല. കാരണം തെറ്റ് ചെയ്തവരാണല്ലോ, പ്രതികരിക്കുന്നത്. മറ്റുള്ളവരുടെ വിമർശനങ്ങൾ കാര്യമാക്കേണ്ടതില്ല. ദൈവത്തിന്റെ അംഗീകാരം നമുക്ക് കിട്ടിയാൽ മതി. ഭീരു (Fear ful) ആകാതെ ശ്രദ്ധാലു (Care ful) ആയിരിക്കണം. പ്രസംഗത്തിൽ സാമൂഹിക വിശകലനങ്ങളും വിമർശനങ്ങളും അനിവാര്യമാണ്. സമകാലിക സംഭവങ്ങൾ പഠിക്കുവാനും അപഗ്രഥിക്കുവാനും കഴിയണം. ഇതിന് കൂടുതൽ വായന ഉണ്ടാകണം. എപ്പോഴും വായിക്കുകയും പഠിക്കുകയും ചെയ്യണം.

**പ്രസംഗത്തിന്റെ അവതരണം ആകർഷകമാക്കുവാൻ കഴിയുന്നതെങ്ങനെ?**

പ്രസംഗത്തിൽ വൈവിധ്യത (Variety) വേണം. സംവേദന രീതിശാസ്ത്രം (Communication Methodology) വേണം. നല്ല അംഗചലനങ്ങളും (Action) ഉണ്ടാകണം. പ്രസംഗത്തിൽ കഥ, കവിത, സംഭവവിവരണങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ഉൾക്കൊള്ളിക്കാം. എന്നാൽ പ്രസംഗവിഷയത്തിൽ നിന്നും മാറിപ്പോകരുത്. കാടുകയറി പ്രസംഗിച്ചാൽ

ഒരു പ്രയോജനവും ഇരുവർക്കും ലഭിക്കുകയില്ല. വിഷയത്തിൽ നിന്നു കൊണ്ട് മാത്രം പ്രസംഗിക്കണം. ഇന്നത്തെ സാമൂഹിക പ്രശ്നങ്ങൾ ഉൾപ്പെടുത്തി താരതമ്യപഠനത്തിലൂടെ പ്രസംഗിക്കുന്നത് കേൾക്കുന്ന വർക്ക് ഉണർവ്വു നല്കും.

**ഇപ്പോൾ ശക്തിപ്പെടുന്ന 'കരിസ്മാറ്റിക് പ്രസംഗങ്ങളെ' എങ്ങനെ നിരീക്ഷിക്കുന്നു?**

തുള്ളിച്ചാടി ബഹളം വയ്ക്കുന്ന ഈ പ്രസ്ഥാനത്തോട് എനിക്ക് എതിർപ്പാണ്. ചില രാഷ്ട്രീയക്കാരുണ്ട് ഇതുപോലെ. പ്രസംഗത്തിന് വൈകാരികത (Emotion) വേണം. പക്ഷെ അമിതമാകരുത്. അതിവൈ കാരികമായാൽ (Over emotional) അത് ശരിയല്ല. ആളുകളെ വെറുതെ ഇളക്കാമെന്നു മാത്രമേ ഉള്ളൂ. പറയുന്നതിനനുസരിച്ച് വേണം പ്രവർത്ത നം. 'കർത്താവ് സ്വർഗ്ഗത്തിലേക്ക് കരേറി' എന്നുപറയുമ്പോൾ കൈ താഴോട്ട് കാണിച്ചാലോ? അതുകൊണ്ട് തുള്ളിച്ചാടിയുള്ള കരിസ്മാ റ്റിക് പ്രസംഗങ്ങളെ ഞാൻ വിമർശിക്കാറുണ്ട്. ദൈവവചനം ജനങ്ങളി ലേക്ക് ആഴമായി സന്നിവേശിപ്പിക്കുവാൻ കഴിയണം.

**പ്രസംഗത്തെക്കുറിച്ചുള്ള ഓർത്തഡോക്സ് സഭയുടെ കാഴ്ചപ്പാട് എപ്രകാരമുള്ളതാണ്?**

ഓർത്തഡോക്സ് സഭയ്ക്ക് പ്രസംഗത്തോട് താല്പര്യം കുറവാണ്. ഇപ്പോൾ ഇത് മാറിത്തുടങ്ങി. നല്ല പ്രസംഗകരെ സഭയിൽ വളർത്തിയെ ടുക്കണം. എങ്കിൽ മാത്രമേ സഭയിലെ ഈ കുറവ് പരിഹരിക്കുവാൻ സാധിക്കൂ. എല്ലാ വി. കുർബ്ബാനകളിലും ഒരു സന്ദേശം കൊടുത്തിരി ക്കണം എന്നുള്ളത് എനിക്ക് നിർബന്ധമാണ്. 'ആരാധന മാത്രം മതി പ്രസംഗം വേണ്ട' എന്നുള്ള തെറ്റായ ധാരണ ഓർത്തഡോക്സ് സഭ യിൽ ശക്തമാണ്. അതിനെ മാറ്റേണ്ടത് വളർന്നുവരുന്ന വൈദികരുടെയും ആദ്ധ്യാത്മിക പ്രവർത്തകരുടെയും കടമയാണ്. ഇപ്പോൾ കുറെയൊക്കെ മാറിവരുന്നതിൽ സന്തോഷം ഉണ്ട്.

**ടെലിവിഷൻ ചാനലുകൾ വഴിയുള്ള പ്രസംഗത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണ്?**

ഇപ്പോൾ ടെലിവിഷൻ ചാനലുകൾ വഴി ഒത്തിരി പ്രസംഗങ്ങൾ വരു ന്നുണ്ട്. പക്ഷെ അത് വിജയമല്ല. ജനങ്ങളോട് നേരിട്ടുപറയുന്ന പ്രസം ഗങ്ങൾക്കേ ജീവനുള്ളൂ. ടെലിവിഷനിലെ പ്രസംഗത്തിൽ വേദശാസ് ത്രപരമായിട്ടുള്ളത് (Theological) ഒന്നും തന്നെ ഇല്ല. പറഞ്ഞതുതന്നെ വീണ്ടും വീണ്ടും പറയുന്നു. ടി. വിയിലെ പ്രസംഗം ചില ആളുകൾ മാത്ര മാവും കാണുക. അതുകൊണ്ട് ടെലിവിഷൻ പ്രസംഗത്തോട് എനിക്ക് യോജിപ്പില്ല. പല ഗോസ്പൽ ചാനലുകൾക്കും അധികം ശ്രോതാക്കൾ ഇല്ലന്നാണ് കണക്കുകൾ പറയുന്നത്.

**പ്രസംഗ ശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് നൽകുന്ന സന്ദേശം എന്തായിരിക്കും?**

കർത്താവിന്റെ കൃപയാണ് പ്രസംഗം. ക്രിസ്തുവിനെപ്പോലെ ആയെങ്കിൽ മാത്രമേ പ്രസംഗിക്കാവൂ. പ്രസംഗത്തിനു മുമ്പ് പ്രാർത്ഥന ആവശ്യമാണ്. അരമണിക്കൂർ പ്രസംഗത്തിന് ഒരു മണിക്കൂർ പ്രാർത്ഥനയെങ്കിലും ആവശ്യമാണ്. ശരിയായ വ്യാഖ്യാനങ്ങൾ മാത്രമേ നൽകാവൂ. പ്രസംഗം വാക്കിൽ മാത്രം പോരാ, പ്രവൃത്തിയിലും വേണം. നല്ല സാക്ഷ്യമുള്ള പ്രസംഗകർ സഭയിൽ ഉണ്ടാകണം. എങ്കിൽ മാത്രമേ ലോകത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിയൂ.

**ബഹുമത സംസ്ക്കാരം ഉൾക്കൊള്ളുന്ന ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയ പ്രഭാഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?**

സ്നേഹമാണ് ഏറ്റവും വലുത്. ക്രിസ്തീയ മതം പഠിപ്പിക്കുന്നത് അതാണ്. അത് ജനങ്ങളെ പഠിപ്പിക്കണം. ഹിന്ദുമതത്തിൽ 'അഹം' 'ബ്രഹ്മം' ഞാനും ബ്രഹ്മവും എന്നേയുള്ളൂ. ഞാൻ ഭാവമാണ് അവിടെ. എല്ലാ മതങ്ങളും സ്വാർത്ഥം (Selfish) ആണ്. ഇന്ന് മനുഷ്യൻ മൃഗങ്ങളുടെ അവസ്ഥയിലാണ്. മൃഗങ്ങൾക്ക് തിന്നുക, കുടിക്കുക, കുട്ടികളെ തീറ്റുക ഈ ചിന്തമാത്രമേയുള്ളൂ. മനുഷ്യനും ഇന്ന് സമ്പാദിക്കുക, മക്കളെ തീറ്റുക എന്നതല്ലാതെ പ്രാർത്ഥനയ്ക്ക് സമയമില്ല. സ്നേഹം പങ്കിടാൻ, പരസ്പരം സ്നേഹിക്കാൻ പഠിപ്പിക്കുകയാണ് ക്രിസ്തീയ പ്രസംഗകർ ചെയ്യേണ്ടത്. സ്നേഹത്തിന്റെ വിശാലമായ ദർശനമാണ് ഇപ്പോൾ ഞാൻ പഠിപ്പിക്കുന്ന 'അദ്വൈത' ഫിലോസഫിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ബഹുമത സംസ്ക്കാരത്തിൽ അനിവാര്യമായ ഒരു ദർശനമാണ്.

**പ്രസംഗ പര്യടനത്തിലെ പ്രധാന ഓർമ്മക്കുറിപ്പുകൾ പങ്കിടാമോ?**

എന്റെ ആദ്യത്തെ പ്രസംഗം എന്റെ വീട്ടിൽ വച്ചുതന്നെയായിരുന്നു. പ്രസംഗവിഷയം മത്തായി 3:2. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ' എന്നുള്ളതായിരുന്നു. അത് ഇപ്പോഴും എന്റെ ഓർമ്മയിൽ ഉണ്ട്. ഞാൻ എസ്. എസ്. എൽ. സിക്ക് പഠിക്കുമ്പോൾ ഞങ്ങളുടെ പള്ളിയിൽ ബിഷപ്പ് എച്ച്. പെക്കൻ ഹാം വാൾഷ് വന്നു. അദ്ദേഹത്തിന്റെ പ്രസംഗം തർജ്ജമ ചെയ്തത് ഞാനായിരുന്നു. അത് എനിക്ക് വലിയൊരു അനുഭവം തന്നെയായിരുന്നു. ഇന്ത്യയുടെ വിവിധ ഭാഗത്തും വിദേശത്തും പല സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ അനേക പ്രസംഗങ്ങൾ നടത്തി. എന്റെ ചില പ്രസംഗങ്ങളും ആശയങ്ങളും ചിലരൊക്കെ ഓർത്തിരിപ്പുണ്ട്. അവർ എന്നെക്കാണുമ്പോൾ അവയെക്കുറിച്ച് പറയും. അപ്പോൾ സന്തോഷം തോന്നും.

ദൈവമാണ് എന്നെക്കൊണ്ട് പ്രസംഗിപ്പിക്കുന്നത്. ഒത്തിരിയൊത്തിരി ഓർമ്മകൾ പ്രസംഗപര്യടനത്തിലുണ്ടായിട്ടുണ്ട്. അവയൊക്കെ ഞാൻ ലേഖനത്തിലും പുസ്തകത്തിലും ആക്കിയിട്ടുണ്ട്. പലതും ഇപ്പോൾ ഓർക്കുവാൻ കഴിയുന്നില്ലെന്നു മാത്രം. പ്രായമായില്ലേ....

**'ഡോ. ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ്' തിരുമേനിയുടെ പ്രസംഗം എപ്രകാരം വിലയിരുത്തുന്നു?**

'ഡോ. ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ്' എന്ന എനിക്ക് എന്റെ പ്രസംഗം എന്നതില്ല. ദൈവത്തിന്റെ പ്രസംഗമാണ്. ദൈവം എന്നോട് പ്രസംഗിക്കാൻ പറയുന്നു. ഞാൻ പറയുന്നു എന്നുമാത്രം. ജോർജ്ജു കുട്ടി ആയിരിക്കുമ്പോൾ മുതൽ ദൈവം പ്രസംഗം എന്ന കൃപ എനിക്ക് നല്കിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഒന്നും അല്ല. എല്ലാം ദൈവം തന്ന താണ്. അതിനാൽ 'എന്റെ പ്രസംഗം എന്ന പ്രസംഗം' ഇല്ല.

**പ്രസംഗകലയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നൽകുന്ന സന്ദേശം....?**

ഞാൻ സുവിശേഷം പ്രസംഗിക്കുമ്പോൾ പ്രസംഗകരായി സഭയിൽ മൂന്നുപേരെ അറിയപ്പെട്ടിരുന്നുള്ളൂ. ഞാനും ടി. ജെ. ജോഷ്വാ അച്ചനും, ചാക്കോ മാസ്റ്ററും. ഇന്നു ധാരാളം പേർ പ്രസംഗകരായുണ്ടെങ്കിലും പ്രസം ഗത്തിന്റെ ഞാറ്റുതല നഷ്ടപ്പെടുന്നുവോ...? പുതിയ ഞാറ്റുതല വരണം. അതിനു നാം കൂട്ടായി പഠിക്കണം. ചിന്തിക്കണം. പ്രാർത്ഥിക്കണം.

**1. കാലത്തിന്റെ മാറ്റം ഉൾക്കൊള്ളണം:** സമയം (Time), സംസ്കാരം (Culture), സാഹചര്യം (Context) എന്നിവ മാറിക്കൊണ്ടിരിക്കുകയാണ്. ആധുനികോത്തരഘട്ടത്തിലേക്ക് നീങ്ങുകയാണ്. ഈ സാഹചര്യത്തിൽ പ്രസംഗകർ വ്യക്തികളെ മാത്രം മാറ്റിയാൽ പോരാ. കാലഘട്ടത്തെ തന്നെ മാറ്റിമറിക്കണം. 'കാലത്തിനു മാറ്റം ഉണ്ടാക്കുവാൻ ദൈവം വിളിച്ചവരാണു കൺവൻഷൻ പ്രസംഗകർ' ആ ദർശനം പൂർണ്ണമായും ഉൾക്കൊണ്ട് സ്നേഹത്തിന്റെ പുത്തൻ ദർശനങ്ങൾ പങ്കിടണം.

**2. ജീവിതം ആവശ്യമാണ്:** പ്രസംഗകർ ധാരാളം ഉണ്ടാകുന്നു. ജീവി തമുള്ള പ്രസംഗകർ വേണ്ടേ? 'പ്രസംഗത്തേക്കാൾ പ്രസംഗകനാണ് കൂടു തൽ പ്രാധാന്യം'. പ്രസംഗവും ജീവിതവും തമ്മിൽ ബന്ധം വേണം. പണത്തോടുള്ള കൊതി ആർക്കും ഉണ്ടാകരുത്. ഇന്നു പണത്തോടുള്ള കൊതിയാണോ പ്രവാചകദൗത്യമാണോ ഉള്ളത്. പ്രസംഗം ജീവിതമാക്കി തീർക്കുന്നവർ പ്രവാചകദൗത്യം നിർവ്വഹിക്കണം. വചനശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ കർത്താവിന്റെ അടുത്തുനിൽക്കുന്ന അനുഭവവും ഉണ്ടാകണം.

**3. പ്രസംഗം സ്വാധീനിക്കണം:** പ്രസംഗത്തിന്റെ ഉള്ളടക്കം ശ്രോതാ ക്കളെ സ്വാധീനിക്കണം. കാലത്തിന്റെ ഒഴുക്കനുസരിച്ചുള്ള പ്രസംഗങ്ങൾ

എപ്പോഴും അഭികാമ്യമല്ല. സ്ഥായിയായ ചിന്തകൾ നൽകണം. പ്രസംഗങ്ങൾ കഥാക്ഷേപം ആകരുത്. ചിരിപ്പിക്കുവാനും രസിപ്പിക്കുവാനും അധികം ശ്രമിക്കരുത്. പ്രസംഗങ്ങൾ ആഴമായി സ്വാധീനിക്കണം. പ്രസംഗം വഴി കല്ലേറു ലഭിക്കുന്ന പ്രവാചകന്മാരുണ്ടാകണം. സാക്ഷ്യ ജീവിതമുള്ള പ്രസംഗകർ ഉണ്ടാകണം. ക്രിസ്തുവിൽ കേന്ദ്രീകൃതമായ സന്ദേശങ്ങൾ പങ്കിടണം. വേദപുസ്തകം പഠിച്ചിട്ടേ പ്രസംഗിക്കുവാൻ പോകാവൂ. 'വേദപുസ്തകം ഒരു പ്രാവശ്യമെങ്കിലും മുഴുവൻ വായിച്ചിട്ടില്ലാത്തവർ പ്രസംഗിക്കരുത്'. പ്രസംഗത്തിൽ ഓർത്തഡോക്സ് വിശ്വാസവും പഠിപ്പിക്കുവാൻ ശ്രദ്ധിക്കണം. പ്രസംഗം ജനങ്ങളെ സ്വാധീനിക്കണം. രൂപാന്തരപ്പെടുത്തണം.

**4. ലോകത്തോട് പ്രസംഗിക്കണം:** ആരോടാണു പ്രസംഗിക്കുന്നത്. ഇടവകയോടല്ല. ശ്രോതാക്കൾ ലോകത്തിലുള്ള എല്ലാവരും ആകണം. ലോകം മുഴുവൻ ഇടവകയായി കരുതണം. മിഷൻ ദർശനം ഉണ്ടാകുന്നത് ഇവിടെയാണ്. മിഷൻ സഭയുടേതാണ്. ദൈവത്തിന്റേതാണ്. വ്യക്തികളുടേതല്ല മിഷൻ. കൺവൻഷൻ പ്രസംഗയോഗങ്ങളിൽ ഒന്ന് പൊതുസ്ഥലത്ത് നടത്തണം. 'പാരിഷ് മിഷൻ' എന്ന ചിന്തമാറ്റണം. 'ലോക മിഷൻ' എന്ന ദർശനം വളർത്തണം. ലോകം മുഴുവൻ 'സുവിശേഷാലയമായി' കരുതി പ്രവർത്തിക്കണം. പൊതുസ്ഥലത്തെ പ്രസംഗങ്ങൾ ശക്തിപ്പെടുത്തണം.

**5. വേദവാക്യം പിടിക്കണം:** ഏതു വാക്യം പ്രസംഗിക്കണമെന്ന് അന്വേഷിച്ചു നടക്കരുത്. എന്താ പ്രസംഗിക്കേണ്ടത് എന്നും അന്വേഷിക്കരുത്. ദൈവം സംസാരിക്കും. വേദപുസ്തകം പഠിക്കുമ്പോൾ, ധ്യാനിക്കുമ്പോൾ, വേദവാക്യങ്ങൾ കയറിപ്പിടിക്കണം. പ്രസംഗകനെ കയറിപ്പിടിക്കുന്ന വാക്യങ്ങളെ പ്രസംഗത്തിൽ ഉപയോഗിക്കാവൂ. അത് ജീവിതത്തെ വളരെയധികം സ്വാധീനിക്കും. വ്യക്തികളെയും സമൂഹത്തേയും ലോകത്തേയും അതു പരിവർത്തനം ചെയ്യിപ്പിക്കും. നമ്മുടെ കൺവൻഷൻ പ്രസംഗകർ മിഷൻ ദർശനം ഉൾക്കൊണ്ട് ലോകത്തോട് പ്രസംഗിക്കണം. ക്രിസ്തുവിന്റെ സാക്ഷികൾ ആകണം.

*(16 ഓഗസ്റ്റ് 2004)*

□

# 5

# പ്രാർത്ഥനയുടെ മൂന്നാം കണ്ണ്[1]

'ദൈവമേ, നീ ഞങ്ങൾക്ക് നാല് കുഞ്ഞുങ്ങളെ തന്നിട്ടുണ്ട്. ഞങ്ങൾ അവർക്കുവേണ്ടി ഒന്നും കരുതിയിട്ടില്ല. നീ അവർക്കുവേണ്ടി കരുതി കൊള്ളേണമേ....' മുറിയടച്ച് അമ്മ കരഞ്ഞു പ്രാർത്ഥിച്ചു.

ഈ പ്രാർത്ഥന മുറിക്ക് വെളിയിൽ നിന്ന് കേട്ടുവളർന്ന മകൻ പ്രശസ്ത ദൈവശാസ്ത്രജ്ഞനും വാഗ്മിയും പ്രതിഭയുമായി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ബാല്യം പ്രാർത്ഥന യുടെ തണലിൽ ശക്തിപ്പെട്ടതാണ്. ഏഴാം ക്ലാസ് പാസ്സായിട്ടും ഒരു വർഷം പഠിത്തം നിർത്തി. സാമ്പത്തികമായി ബുദ്ധിമുട്ടിയപ്പോൾ അമ്മ പറഞ്ഞു: 'മോനെ പ്രാർത്ഥിക്ക് ദൈവം വഴിയൊരുക്കും.' പ്രാർത്ഥനയും വേദപഠനവും ജീവിതത്തിൽ ആഴമായി അനുഭവിച്ചറിഞ്ഞ മെത്രാപ്പോ ലീത്ത സ്വന്തം ശൈലിയിൽ രചിച്ച വേദാധിഷ്ഠിത ധ്യാനപ്രാർത്ഥനക ളാണ് *'ഇടവിടാതെ പ്രാർത്ഥിപ്പിൻ' (1998), 90 തിരുവചന പ്രാർത്ഥനകൾ (2004), '91 തിരുവചന പ്രാർത്ഥനകൾ (2005)* എന്നീ ഗ്രന്ഥങ്ങൾ[2].

'91 തിരുവചന പ്രാർത്ഥനകൾ' എന്ന ഗ്രന്ഥത്തിൽ ഏപ്രിൽ ഒന്നുമു തൽ ജൂൺ 30 വരെയുള്ള വേദപുസ്തക അടിസ്ഥാനപ്രാർത്ഥനകളും വേദവിശകലനങ്ങളുമാണ്. 1960-ൽ കാർഡിൽ അച്ചടിച്ച് വിതരണം ചെയ്ത പ്രാർത്ഥനയിലെ ഒരു ഭാഗം: 'ലോകമൊക്കെയും വിശിഷ്യാ ഭാര തത്തിലും നിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിൽ ഞങ്ങൾക്കു വന്നു പോയ അലസത ഞങ്ങളോടു ക്ഷമിക്കണമേ. നിനക്ക് തിരുവിഷ്ടമാകുന്ന വിധത്തിലും സ്ഥലങ്ങളിലും സൗകര്യങ്ങളിലും നിന്റെ സഭയേയും സഭാ മക്കളേയും ഉപയോഗിക്കണമേ. ക്രിസ്തീയ കാര്യവിചാരകബോധവും സാമൂഹിക നീതിയ്ക്കായുള്ള വാഞ്ചയും ഞങ്ങൾക്കു നൽകണമേ'.

1971 ഏപ്രിൽ 26-ന് എഴുതിയ പ്രാർത്ഥനയിലും ദൗത്യനിർവ്വഹണ ത്തെക്കുറിച്ച് ചിന്തകൾ വെളിപ്പെടുത്തുന്നു: 'ഇന്ത്യയുടെ വിവിധ സംസ്ഥാ നങ്ങളിൽ ഓരോ മിഷൻ കേന്ദ്രമെങ്കിലും തക്കസമയത്ത് ഉണ്ടാക്കിത്തര

ണമേ. മിഷൻ പ്രവർത്തനങ്ങളെ ഏകീകരിക്കുവാനും ത്വരിതപ്പെടുത്തുവാനും വിപുലീകരിക്കുവാനും ബലഹീനനും പാപിയുമായ എന്നെ അവിടുത്തെ തൃക്കരങ്ങളിൽ വീണ്ടും ഭരമേൽപ്പിക്കുന്നു....'

## പ്രാർത്ഥനയെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്താണ്?

മനുഷ്യ ജീവിതത്തിന് പ്രാർത്ഥന ശ്വാസോശ്വാസംപോലെ ആകണം. ഇടവിടാതെ പ്രാർത്ഥിക്കുവാൻ കഴിയണം. ഇത് ജീവിതശൈലിയിൽപ്പെട്ടതാകണം. കാനോനിക പ്രാർത്ഥനകൾ സഭയുടെ ശിക്ഷണ ക്രമത്തിലുള്ളതാണ്. ക്രിസ്തുവിലുള്ള നിരന്തരബന്ധം സ്ഥാപിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. ഇത് പരിശുദ്ധാത്മാവിലുള്ള ജീവിത ശൈലിയാണ്. പ്രാർത്ഥന, സീനായ് മലമുകളിൽ മോശ അനുഭവിച്ച സ്വർഗ്ഗീയ അനുഭവമാകണം. പ്രാർത്ഥനയും ജീവിതവും തലയും ശരീരവുംപോലെ പരസ്പര ബന്ധിതമാണ്. വിശുദ്ധിയിലേക്കുള്ള വളർച്ചയാണ് പ്രാർത്ഥനയിലൂടെ ആർജ്ജിക്കേണ്ടത്. യാമപ്രാർത്ഥനകളും ഇടവിടാതെ പ്രാർത്ഥനയും ഒന്നാകണം.

## വേദപുസ്തക പഠനവും പ്രാർത്ഥനയും എങ്ങനെ ബന്ധപ്പെട്ടിരിക്കും?

വേദപുസ്തകം പഠിക്കുന്നത് ബാല്യംമുതൽ എനിക്ക് ഹരമായിരുന്നു. വേദപുസ്തക അടിസ്ഥാനങ്ങൾ കൂടാതെ ആത്മീയ രംഗത്ത് പ്രസംഗിക്കുവാനും പ്രവർത്തിക്കുവാനും കഴിയത്തില്ല. വേദപുസ്തകം ദൈവിക വെളിപ്പാടിന്റെ വിശുദ്ധ രേഖകളാണ്. പരിശുദ്ധാത്മാവിന്റെ ചൈതന്യവും വേദപുസ്തകത്തിൽ കൂടി അനുഭവിച്ചറിയാം. വേദപുസ്തകത്തിന്റെ ആഴം അപാരമാണ്. ആരും പൂർണ്ണമായും അത് ഉൾക്കൊണ്ടിട്ടില്ല. വേദപുസ്തകം ആത്മീയ ജീവിതത്തിന് വഴികാട്ടിയും പ്രകാശവും ഊന്നുവടിയുമാകണം. വേദവായനയിൽ സന്തോഷവും സമാധാനവും കണ്ടെത്തണം. തിരുവചനം വായിച്ച് ധ്യാനിച്ച് പ്രാർത്ഥിച്ച് ആത്മീയ പക്വത അനുദിനം പ്രാപിക്കണം. പ്രാർത്ഥനയെ ശക്തവും ചൈതന്യവുമാക്കുന്നത് വേദവായനയും ധ്യാനവുമാണ്. ഇതു ദൈവകൃപയാണ്.

## പ്രാർത്ഥനാ ജീവിതത്തിന്റെ പ്രസക്തി....

പ്രാർത്ഥന ജീവിതത്തിൽ അനുസ്യൂതം ഉണ്ടാകണം. അനുദിനം പ്രാർത്ഥിക്കുവാൻ കഴിയണം. സാമൂഹിക പ്രശ്നങ്ങൾ ഉൾക്കൊണ്ട് പ്രാർത്ഥന സജീവമാകണം. സഭയുടെ കാനോനിക പ്രാർത്ഥനകൾക്ക് ഒപ്പം രഹസ്യപ്രാർത്ഥനകളും വ്യക്തിപരമായ പ്രാർത്ഥനകളും ഉൾക്കൊള്ളിക്കണം. ഉത്തമമായ ക്രിസ്തീയ ജീവിതത്തിന് വിവിധ തലങ്ങളിലുള്ള പ്രാർത്ഥനകൾ ആവശ്യമാണ്. പരസ്യപ്രാർത്ഥന, രഹസ്യപ്രാർത്ഥന, പൊതുപ്രാർത്ഥന, സാമൂഹിക പ്രാർത്ഥന.... ഇങ്ങനെ എല്ലാ തലങ്ങളിലുമുള്ള പ്രാർത്ഥനകളും വേണം. കുടുംബജീവിതത്തിന്റെ സത്ത

പ്രാർത്ഥനയാണ്. ദൈവത്തോടുള്ള കൂട്ടായ്മയാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നിറയുമ്പോൾ സ്വാർത്ഥത കുറയും. സ്നേഹത്തിൽ നിറയും. ജീവിതം സ്നേഹത്തിന്റേയും നന്മയുടേതുമാകും.

**പ്രാർത്ഥനയിൽ മതാതീത ദർശനങ്ങൾ ഉൾക്കൊള്ളുന്നത്?**

എന്റെ ധ്യാനപഠനത്തിലും പ്രാർത്ഥനയിലും മതപരവും മതാതീതവുമായ ദർശനമുണ്ട്. അത് സ്നേഹത്തിന്റെ ഏക മതത്തേയാണ് വെളിപ്പെടുത്തുന്നത്. ദൈവം സ്നേഹമാണ്. ദുഷ്ടന്മാരിലും നീതിമാന്മാരിലും ദൈവത്തിന്റെ കൃപ ഉണ്ടാകും. അന്ത്യന്യായവിധിയിൽ സ്നേഹിക്കുന്നവരേയും സ്നേഹിക്കാത്തവരേയും തമ്മിലാണ് വേർതിരിക്കുന്നത്.

സ്നേഹത്തിന്റെ സംഗമവേദികൾ ദൈവരാജ്യത്തിന്റെ അനുഭവങ്ങളാണ്. 'സകല ജാതികളേയും ശിഷ്യരാക്കികൊൾവീൻ' എന്നാണ് ക്രിസ്തുവിന്റെ അന്ത്യശാസനം. 'എല്ലാവരേയും മാമോദീസാമുക്കുവിൻ' എന്നല്ല. ക്രിസ്തുവെളിപ്പെടുത്തിയതുപോലെ എല്ലാവരേയും സ്നേഹമാർഗ്ഗത്തിലൂടെ ശിഷ്യരാക്കണം. മാമോദീസായെക്കാൾ ക്രിസ്തീയ ശിഷ്യത്വത്തിനാണ് പ്രാധാന്യം. ഇത് സ്നേഹത്തിന്റെ ശിഷ്യത്വവും സ്നേഹാധിഷ്ഠിതമായ സമീപനവുമാണ്. ലോകത്ത് സ്നേഹത്തിന്റെ ഏകമതം വളരണം. അതിനാലാണ് പ്രാർത്ഥനയിലും ധ്യാന-വ്യാഖ്യാനങ്ങളിലും മതാതീതമായ ദർശനം വെളിപ്പെടുന്നത്. സ്നേഹത്താലുള്ള ദൈവീകരണം വളർത്തുവാൻ പ്രാർത്ഥനകൾ സഹായിക്കുന്നു. നമ്മുടെ കർത്താവ് പുറജാതിയായ ശതാധിപന്റെ വിശ്വാസത്തിന് ഒന്നാം സ്ഥാനം നൽകിയതാണ്. (മത്തായി 8:10). ക്നായിക്കാരിയോട് പറഞ്ഞു: "നിന്റെ വിശ്വാസം വലിയത്" (15:27).

**പ്രാർത്ഥനയിൽ സാമൂഹിക പ്രശ്നങ്ങൾ ഉൾക്കൊള്ളിക്കുന്നതിന്റെ പ്രസക്തി...**

പ്രാർത്ഥന വ്യക്തിപരം മാത്രമാകരുത്. രഹസ്യപ്രാർത്ഥനകളും വ്യക്തിപരമായ പ്രാർത്ഥനകളും ആവശ്യമാണ്. ഉള്ളടക്കത്തിന്റെ സ്വഭാവത്തിൽ എല്ലാ പ്രാർത്ഥനകളും പരസ്യവും സാമൂഹികവുമാകണം. സമൂഹത്തിലേക്ക് ഇറങ്ങി ദൈവത്തിങ്കലേക്ക് വളരുന്നതാവണം പ്രാർത്ഥന. സമൂഹത്തേയും സാമൂഹിക പ്രശ്നങ്ങളെയും വിസ്മരിച്ചുള്ള പ്രാർത്ഥനകൾ സ്വാർത്ഥതയിൽ കേന്ദ്രീകൃതമാകും. സ്നേഹത്തിൽ വളരുമ്പോൾ മാത്രമേ സമൂഹത്തെ ഉൾക്കൊള്ളാനും രൂപാന്തരപ്പെടുത്തുവാനും കഴിയൂ. വേദപുസ്തകത്തിന്റെ കാലികമായ വ്യാഖ്യാനം സാമൂഹികബോധം ഉയർത്തുവാൻ പ്രേരിപ്പിക്കുന്നു. കർത്താവ് പഠിപ്പിച്ച പ്രാർത്ഥന നോക്കൂ.

'സംസ്കാരത്തിൽ ഞാൻ ഹിന്ദുവും വിശ്വാസത്തിൽ ക്രിസ്ത്യാനിയും പൗരത്വത്തിൽ ഭാരതീയനും വീക്ഷണത്തിൽ എക്യൂമെനിക്ക' ലുമാ

ണെന്ന് വ്യക്തമാക്കിയിട്ടുള്ള ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ദൈവശാസ്ത്ര-വേദപഠന രചനകളിൽ എല്ലാത്തിനെയും ഉൾക്കൊള്ളുന്ന വിശാലമായ സ്നേഹത്തിന്റെ വിശ്വദർശനമാണ് അവതരിപ്പിക്കുന്നത്. 'മാനവ ജാതി മുഴുവൻ ഒരു സമൂഹം' എന്ന ദർശനമാണ് ഈ പഠനത്തിന്റെ അന്തർധാര. "ഏതുമതത്തിലായാലും മനുഷ്യർ അന്യോന്യം സ്നേഹിച്ചാൽ ഒന്നായിത്തീരും.

സമൂഹത്തോടും സമസൃഷ്ടിയോടും താതാത്മ്യപ്പെടുകയും സാമൂഹിക ഘടനയിലെ ജീർണ്ണതകളെ തിരിച്ചറിഞ്ഞ് അവയ്ക്ക് എതിരെ പ്രതികരിക്കുകയും സഹതപിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. പ്രാർത്ഥനയിൽ നിന്നും ആർജ്ജിക്കുന്ന ആത്മീയ പക്വത ഭൗതിക ആസക്തികളിൽ നിന്നുള്ള പരിവർജ്ജനമാണ്. ലോകമോഹങ്ങളെ പരിത്യജിച്ചവർക്കേ പ്രാർത്ഥനയുടെ ശക്തി ഉൾക്കൊള്ളുവാൻ കഴിയൂ.

പരമ്പരാഗതമായി പ്രാർത്ഥനയെ സ്വകാര്യസൗഖ്യങ്ങൾ ആർജ്ജിക്കുന്നതിനുള്ള ഉപാധിയായി മനുഷ്യർ മനസ്സിലാക്കിയിരുന്നു. ഇപ്പോഴും ഈ ചിന്താഗതി വളരെയാണ്. സമൂഹത്തിന്റെ വിശുദ്ധീകരണവും രൂപാന്തരവും സ്നേഹത്തിൽ അധിഷ്ഠിതമായ ബന്ധങ്ങളും പ്രാർത്ഥനയിൽ കൂടി പങ്കിടുവാൻ കഴിയുമെന്ന് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത സ്ഥാപിക്കുന്നു. പ്രാർത്ഥനയിൽ കൂടി ആത്മീയ പക്വത പ്രാപിച്ച ഒരു യോഗിക്കുമാത്രമേ യഥാർത്ഥ മനുഷധർമ്മം പാലിക്കുവാൻ കഴിയൂ. പ്രാർത്ഥനയുടെ ഉദാത്ത മേഖലകളിലേക്കുള്ള കയറ്റം വഴി ദൈവിക ബന്ധനത്തിലേക്കു പ്രവേശിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു.

പ്രാർത്ഥനയും ധ്യാനവും ദൈവിക സന്നിധിയിൽ എത്തുന്നതിനുള്ള സ്വാതന്ത്ര്യമാണെന്നുള്ള പൗരസ്ത്യ കാഴ്ചപ്പാട് ഗ്രന്ഥകാരൻ നൽകുന്നു. ഇവിടെ അവതരിപ്പിക്കുന്ന വേദവ്യാഖ്യാനവും പ്രാർത്ഥനയും ദൈവിക ബന്ധത്തിലേക്കുള്ള വളർച്ചയും സാമൂഹിക പ്രതിബദ്ധതയിലേക്കുള്ള ദർശനവും ശക്തമായി സന്നിവേശിപ്പിക്കുന്നു. സാമൂഹികവും പാരസ്ഥികവുമായ ഉത്തരവാദിത്വങ്ങളും ധർമ്മങ്ങളും വിസ്മരിച്ച് സ്വാർത്ഥതയും സുഖലോലുപതയും ലക്ഷ്യമാക്കി ജീവിക്കുന്ന പുതിയ തലമുറയ്ക്ക് ഇവിടെ അവതരിപ്പിക്കുന്ന ധ്യാന-മനനങ്ങൾ പ്രതിരോധ ശക്തിയായിതീരും.

ജീവിതത്തിലെ എല്ലാ അവസരങ്ങളിലും ഇതിലെ വേദപഠനങ്ങളും പ്രാർത്ഥനകളും പ്രത്യേകമായോ, യാമപ്രാർത്ഥനയോടൊപ്പമോ ചൊല്ലി ധ്യാനിക്കാവുന്നതാണ്. സമൂഹത്തിൽ ശക്തിപ്പെടുന്ന പുത്തൻ ഉണർവ്വ് പ്രാർത്ഥനാ ശൈലികൾക്ക് ഇതിലെ ഉള്ളടക്കം വെല്ലുവിളി ഉയർത്തുന്നു.

ആദ്ധ്യാത്മിക ജീവിതത്തിന് പ്രാർത്ഥനയും വേദധ്യാനവും പുത്തൻ ഉൾക്കാഴ്ച പകരും. ദൈവിക സ്വാതന്ത്ര്യത്തിലേക്കു വളരുന്നതിന്റെ

ആഹ്ലാദം പ്രാർത്ഥനവഴി അനുഭവിച്ചറിയുവാൻ കഴിയും. പ്രാർത്ഥനയ്ക്ക് ജീവനും ചൈതന്യവും പകരുന്ന ഈ വേദപഠനം ആത്മീകതയ്ക്ക് സാമൂഹികമാനം സൃഷ്ടിക്കുന്നു. ഇതുവഴി പ്രാർത്ഥനയുടെ പുത്തൻ ദർശനങ്ങൾ ജനഹൃദയങ്ങളിൽ സംവേദിക്കപ്പെടുന്നു. പാപത്തിൽ നിന്നും തിന്മയിൽ നിന്നും പിന്തിരിഞ്ഞ് ലോകത്തേക്ക് പ്രവേശിക്കുവാനുള്ള സ്വാതന്ത്ര്യവും ഈ കൃതി പ്രദാനം ചെയ്യുന്നു.

## അടിക്കുറിപ്പുകൾ

1. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ *91 തിരുവചനപ്രാർത്ഥനകൾ* എന്ന ഗ്രന്ഥത്തിന് എഴുതിയ ആമുഖം, സി.എസ്.എസ്, 2005. പേജ് iii - vii
2. പ്രതിദിന ധ്യാനവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന നാല് ഗ്രന്ഥങ്ങൾ ഉണ്ട്. cf. *92 തിരുവചന പ്രാർത്ഥനകൾ*, സി. എസ്.എസ്, 2007, ഗ്രന്ഥസൂചി കാണുക.

*(10 ജൂൺ 2005)*

□

# 6

# പ്രവാചക ഗാനങ്ങളിലൂടെ......

ഉജ്ജ്വലമായ ഒരു സുവിശേഷ പ്രസംഗത്തിൽ (1977) ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പൊലീത്ത ചൊല്ലി കൊടുത്തു:

"ത്രിയേക ദൈവം എല്ലാവർക്കും ദൈവം

ഹിന്ദുവിനും, മുസൽമാനും......"

വിശ്വാസികൾ അക്ഷരാർത്ഥത്തിൽ ഞെട്ടി. വളരെ യാഥാസ്ഥിതികരായ ക്രിസ്തീയസമൂഹത്തിൽ യാതൊരു സങ്കോചവും കൂടാതെ അദ്ദേഹം വരികൾ ചൊല്ലി കൊടുത്തു. എല്ലാവരോടും ഏറ്റു ചൊല്ലുവാൻ ആവശ്യപ്പെട്ടു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ വിശ്വാസികൾ ഗാനം ഹൃദിസ്ഥമാക്കി, വരികൾ ഉച്ചത്തിൽ ഏറ്റു ചൊല്ലി.

ജാതി-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾ ഒന്നും ദൈവം സൃഷ്ടിച്ചതല്ല. അതെല്ലാം മനുഷ്യൻ സ്വാർത്ഥതമൂലം ഉണ്ടാക്കിയതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. സ്നേഹത്തിൽ വളർന്നാൽ സ്വാർത്ഥത കുറയും. മാനവരാശിയെ മുഴുവൻ സ്നേഹിക്കുവാൻ കഴിയും. ജാതീയ വേർതിരിവുകൾപ്പുറമുള്ള സ്നേഹത്തിന്റെ ആദ്ധ്യാത്മികത വികസിതമാകും. ത്രിയേക പ്രഖ്യാപനത്തിന്റെ അന്തർധാര സ്നേഹത്തിന്റെ ഏകമതമാണ്.

ഡോ. ഗീവറുഗീസ് ഒസ്താത്തിയോസ് മെത്രാപ്പൊലിത്തായുടെ ഗാനങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് സ്വാതന്ത്ര്യം, നീതി, സമത്വം, പങ്കിടീൽ, സ്നേഹം എന്നീ വിഷയങ്ങളാണ്.

'നിന്റെ രാജ്യം വന്നിടേണം' എന്ന ഗാനത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വൈവിധ്യം വ്യക്തമാക്കുന്നു. സ്വർഗ്ഗരാജ്യം സ്നേഹം പങ്കിടുന്നു ലോകരാജ്യം സ്വാർത്ഥതയായിതീരുന്നു. സുവിശേഷത്തോടുള്ള ആത്യന്തികമായ ആവേശമാണ് 'സുവിശേഷ വാഹി' എന്ന ഗാനം. 'സുവിശേഷ വാഹിയാക്കിടേണമെന്നെ, ജീവ സുവിശേഷ വാഹിയാക്കെന്നെ' എന്ന സമർപ്പണമാണ് ശക്തമാകുന്നത്. സുവിശേഷഘോഷണത്തോടുള്ള

പ്രതിബദ്ധതയാണ് ദൗത്യനിർവ്വഹണത്തിൽ അടിസ്ഥാനമായിട്ടുള്ളത്. – സുവിശേഷവും സാമൂഹിക നീതിയും വിളിച്ചറിയിക്കുന്ന നിരവധി ഗാനങ്ങൾ ആദ്യകാല രചനകളിൽ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ സാമൂഹിക പരിവർത്തനവും മതാതീതമായ സ്നേഹവും വെളിപ്പെടുത്തുന്ന സ്നേത്തിന്റെയും പങ്കിടീലിന്റെയും ദർശനം ഉൾക്കൊള്ളുന്ന ഗാനങ്ങൾക്കാണ് പ്രാധാന്യം.

മാനവരാശിയെ മുഴുവൻ സ്നേഹത്തിൽ ഒന്നിപ്പിക്കണമെന്ന ആഗ്രഹം മാർ ഒസ്താത്തിയോസിന്റെ ഗാനങ്ങളിൽ വെളിപ്പെടുന്നു. 1965 നവംബർ 12ന് മാങ്ങാനത്ത്വെച്ച് എഴുതിയ ഗാനം ശ്രദ്ധേയമാണ്.

"ലോകമാകെ ഒന്നായിടാൻ പ്രാർത്ഥിക്കുന്നു
ലോകർക്കായി ക്രൂശേറ്റോനേ നിൻ നാമത്തിൽ
നാനാജാതി ഒന്നായിടാൻ പ്രാർത്ഥിക്കുന്നു
മാനവർക്കായി ക്രൂശേറ്റോനേ നിൻ നാമത്തിൽ"...

'ലോകം ഒന്നായിടാൻ' 'നാനാജാതി ഒന്നായിടാൻ' ഉള്ള പ്രാർത്ഥനയിൽ ജാതീയ ചിന്തകൾക്ക് അപ്പുറമാണ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് നിലകൊള്ളുന്നത്. ഒരു വർഗ്ഗരഹിത സമൂഹത്തെക്കുറിച്ചുള്ള ദർശനം ചിന്തയിൽ രൂപപ്പെടുന്ന കാലമാണിത്. അതിനാലാണ് ക്രിസ്തുവിന്റെ കുരിശാരോഹണത്തെ 'ലോകർക്കായി', 'മാനവർക്കായി' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

1979 മാർച്ച് 28ന് എഴുതിയ 'മോശക്കുഞ്ഞിനെ വളർത്തുക' എന്ന ഗാനം മാർ ഒസ്താത്തിയോസിന്റെ മിഷൻ ദർശനം വെളിപ്പെടുത്തുന്ന സ്നേഹ ദർശനത്തിന്റെ വരികളാണ്. 'നദിയിലെ വട്ടിയിൽ' ഒഴുകിയെത്തിയ മോശ ഫറവോയുടെ പുത്രിയുടെ കാരുണ്യത്താൽ വളർന്ന് യിസ്രയേൽ ജനതയുടെ നായകനായി ഉയർന്നു. അനാഥരായി വഴിയോരങ്ങളിൽ 'ഒഴുകി നടക്കുന്ന' പൈതങ്ങളിൽ 'മോശയുടെ ആത്മാവിനെ' അദ്ദേഹം ദർശിക്കുകയാണ്. അർഹമായ പരിഗണനയും വാത്സല്യവും വിദ്യാഭ്യാസവും നൽകാമെങ്കിൽ ഉജ്ജ്വല പ്രതിഭകളായി തീരുവാനുള്ള സാധ്യതയാണ് അനാഥ കുഞ്ഞുങ്ങൾക്കുള്ളത്. അനാഥബാല്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ആര് ഏറ്റെടുക്കുമെന്നത് വിവരിക്കുന്നത് ശ്രദ്ധിക്കുക:

'പട്ടിക്കുഞ്ഞുങ്ങൾപോലെ, കുട്ടികൾ വഴി നീളെ വട്ടിയിൽ കിടക്കുന്നു – തൊട്ടിയിൽ മാറ്റാനാര്? സർക്കാർ സുഖിക്കുന്നു, സൽക്കാരം നടത്തുന്നു, ഫറവോതൻ കൊട്ടാരത്തിൽ മോശ തൻ വിളി കേൾക്ക'.

അനവധി അനാഥ ബാല്യങ്ങൾ നാട്ടിൽ വർദ്ധിക്കുമ്പോഴും സഭയും സർക്കാരും അവരെ അവഗണിച്ച് സുഖങ്ങളിലും ആർഭാടങ്ങളിലും ജീവിക്കുന്നു. അനാഥനായ മോശയെ ഫറവോ പുത്രി വളർത്തിയതു

പോലെ അനാഥരെ സംരക്ഷിക്കുവാനുള്ള ആഹ്വാനമാണ് സർക്കാരിനോടും വിശ്വാസികളോടും മാർ ഒസ്താത്തിയോസ് ആഹ്വാനം ചെയ്യുന്നത്.

'മോശക്കുഞ്ഞിനെ വളർത്തുക' എന്ന ഗാനത്തിൽ ബാലഭവനുകൾ ആരംഭിക്കേണ്ട ആവശ്യം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് വ്യക്തമാക്കുന്നു. മോശയുടെ സംരക്ഷണം ഫറവോ പുത്രി ഏറ്റെടുക്കുന്നു. മോശ വളർന്നു നേതാവായതുപോലെ എല്ലാ കുട്ടികൾക്കും നേതാവാകുവാൻ കഴിയും. അതിനുള്ള അവസരം നിഷേധിക്കുന്നത്, പാപമെന്നും അദ്ദേഹം കരുതുന്നു.

**'ത്രിയേക ദൈവം എല്ലാവർക്കും ദൈവം....' എന്ന ഗാനം എങ്ങനെയാണ് പ്രശസ്തി നേടിയത്.**

കൃത്യമായി പറഞ്ഞാൽ 1977 കാലഘട്ടത്തിലാണ് ഈ ഗാനം എഴുതിയത്. ആദ്യകാലത്ത് ഇത് പ്രചരിപ്പിച്ചപ്പോൾ വളരെ എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നിരവധി പാട്ടുപുസ്തകങ്ങൾ വഴി ഈ ഗാനത്തിന് പ്രചാരം ലഭിച്ചു. 'സ്നേഹ സന്ദേശം' എന്ന സഞ്ചാര സുവിശേഷ സംഘം അനവധി കേന്ദ്രങ്ങളിൽ ഈ ഗാനം ആലപിക്കുകയും പഠിപ്പിക്കുകയും ചെയ്തു. കാസ്സെറ്റും സി.ഡി.യും ആയി പാട്ടിന് പ്രചാരം വർദ്ധിച്ചു. ഗാനത്തിന് ജനകീയ സ്വഭാവം ഉണ്ടായി. ഇതിലെ ആശയം പൊതുസമൂഹം അംഗീകരിച്ചു. സുവിശേഷ പ്രസംഗത്തിലും ഞായറാഴ്ച പ്രസംഗത്തിലും എല്ലാം ഈ ഗാനം ഞാൻ ചൊല്ലി കൊടുക്കും. എല്ലാവരും ഇത് ഏറ്റു ചൊല്ലി ഹൃദിസ്ഥമാക്കി. 'ത്രിയേക ദൈവം എല്ലാവർക്കും ദൈവം' എന്ന ആശയത്തിന്റെ വിപുലീകരണമാണ് 'അദ്വൈത ദൈവം'. സ്നേഹവാനായ ഏക ദൈവത്തെയാണ് 'അദ്വൈത ദൈവം' എന്നതിൽ അർത്ഥമാക്കുന്നത്.

**ഗാനങ്ങൾ എഴുതി തുടങ്ങിയ സാഹചര്യം വിശദീകരിക്കാമോ?**

ചെറുപ്രായത്തിൽ തന്നെ തുടങ്ങിയതാണ് ഗാനരചന. ഹൈറേഞ്ചിൽ ധ്യാനത്തിൽ ഇരുന്നപ്പോൾ തീവ്രമായ ആശയങ്ങൾ മനസ്സിൽ വന്നു. അതാണ്-"ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്." എന്ന ഗാനം. അമേരിക്കയിൽ 1990-കളിൽ മനസ്സിൽ രൂപം കൊണ്ടതാണ്- "പ്രാർത്ഥന കേൾക്കും പ്രാണപ്രിയനേ" എന്ന ഗാനം. ആ ഗാനത്തിലെ 'യേശുവേ എന്റെ ഹൃദയം നിന്റെ രാജധാനിയായി തീർക്കണേ' എന്ന വരി എന്റെ ഹൃദയത്തിൽ നിന്നു വന്നതാണ്. ഞാൻ സൺഡേസ്കൂളിൽ പഠിക്കുന്ന കാലത്ത് എന്റെ ഹൃദയം ദൈവത്തിന് കൊടുത്തതാണ്. എന്റെ ഹൃദയ ശസ്ത്രക്രിയയ്ക്ക് 55000 ഡോളർ (17 ലക്ഷം രൂപ) ചെലവായി എന്നാൽ എനിക്ക് ഒന്നും നൽകേണ്ടി വന്നില്ല. ആശുപത്രിക്കാർ സൗജന്യമായി ചികിത്സ നൽകി. ഇതിന് എന്നെ സഹായിച്ച ഡോ. പ്രസാദ് ഏബ്രഹാം ഉമ്മനോടും അമേരിക്കയിലെ ആശുപത്രി ജീവനക്കാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

**ഗാനങ്ങൾ എഴുതുന്നതിനുവേണ്ടി പ്രത്യേക സമയം തെരഞ്ഞെടുക്കാറുണ്ടോ?**

അഖിലലോക സഭാകൗൺസിലിന്റെ സമ്മേളനത്തിലെ പ്രസംഗ വിഷയങ്ങളുടെ ചിന്തയിൽ മുഴുകി വിമാനത്തിൽ ഇരുന്നപ്പോൾ ക്രിസ്തീയ സ്വാതന്ത്ര്യത്തെപ്പറ്റി പാട്ട് എഴുതിയിട്ടുണ്ട്. നിശബ്ദതയിൽ നിന്ന് നിരന്തരമായി ഗാനങ്ങൾ വരണം. 'എന്നെ വിഷയം സ്പർശിച്ചെങ്കിലേ' എനിക്ക് പാട്ടെഴുതുവാൻ പറ്റുകയുള്ളൂ. "ധനവാനേ ബലവാനേ" എന്ന ഗാനം ഞാൻ ജോർജ്കുട്ടിയായിരിക്കുമ്പോൾ മാവേലിക്കര പുതിയകാവ് പള്ളിയുടെ മദ്ബഹായിൽ വെച്ച് എഴുതിയതാണ്. പ്രത്യേക സമയം തെരഞ്ഞെടുക്കാറില്ല. ചിലപ്പോൾ നടക്കാനിറങ്ങുമ്പോൾ മനസ്സിൽ വരുന്ന ആശയങ്ങൾ ഗാനങ്ങളായി തീർന്നിട്ടുണ്ട്.

**ചില ഗാനങ്ങൾ കേൾക്കുമ്പോൾ ബൈബിൾ വായനയുടെ അനുഭവമാണല്ലോ ഉണ്ടാകുന്നത്?**

അതെ, എന്നെ ഞാനാക്കിയത് വേദപുസ്തകമാണ്. പി.ജെ. തോമസ് ഉപദേശി എന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ബൈബിൾ കാണാപ്പാഠമായിരുന്നു. എന്റെ കുഞ്ഞുന്നാളിൽ വീട്ടിൽ ഒരു ഉപദേശി വരുമായിരുന്നു. അദ്ദേഹത്തോട് തർക്കിച്ച് ശിശുസ്നാനം വേണമെന്ന് ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുമായിരുന്നു. മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശിയും എന്നെ വേദപുസ്തക പഠനത്തിൽ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

**ഈണത്തേക്കാൾ ആശയത്തിനാണല്ലോ പ്രാധാന്യം കൊടുക്കുന്നത്?**

(പൊട്ടിച്ചിരിച്ചുകൊണ്ട്) എക്സാറ്റ്ലി, ആശയ പ്രചാരണമാണ് എന്റെ ഗാനങ്ങളുടെ ലക്ഷ്യം. താളലയങ്ങൾക്കോ, ഈണത്തിനോ പ്രാധാന്യം കൊടുക്കാറില്ല. ഞാൻ പാടിയ രീതിയിൽ നിന്നും വ്യത്യസ്തമായി പല ഗാനങ്ങളും കാസറ്റിൽ നല്ല ഈണങ്ങളാക്കിയിട്ടുണ്ട്.

**വേദശാസ്ത്ര ചിന്തകൾ പ്രചരിപ്പിക്കുന്നതിന് ഗാനരചന സഹായിക്കുമോ?**

തീർച്ചയായും, ത്രീയേക ദൈവം എല്ലാവർക്കും ദൈവം എന്ന ഗാനത്തിന്റെ ചിന്ത ത്രിത്വ സ്നേഹമാണ്. 1 യോഹന്നാൻ 4:8–16–ൽ കാണുന്ന 'ദൈവ സ്നേഹം' സർവ്വമാനവജാതിയേയും സ്നേഹിക്കുന്നു. ത്രിത്വം, സ്നേഹം, പ്രത്യാശ ഇവയെല്ലാം ആഴമേറിയ ദൈവശാസ്ത്ര ദർശനങ്ങളാണ്.

**ആരാധനാ ഗാനങ്ങളാണോ, സുവിശേഷ ഗാനങ്ങളാണോ ഏറെ ഇഷ്ടം?**

എന്റെ ഗാനങ്ങൾ എല്ലാം തന്നെ സുവിശേഷ ഗാനങ്ങളാണ്. എന്നെ കൂടുതൽ സ്വാധീനിച്ചതും അവയാണ്. ആരാധനയ്ക്ക്, പ്രത്യേകിച്ച്

കൈമുത്തുന്ന അവസരങ്ങളിലും മറ്റും സുവിശേഷ ഗാനങ്ങൾ ഉപയോഗിക്കുന്നത് നല്ലതാണ്.

**പ്രസംഗ മദ്ധ്യേ ഗാനങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച്...?**

സംഗീതത്തിന് വലിയ ശക്തിയുണ്ട്. എന്റെ പ്രസംഗങ്ങളിൽ പാട്ടുകൾ ഉപയോഗിക്കാറുണ്ട്. ഞാൻ ജോർജ്കുട്ടി ആയിരുന്ന കാലത്ത് പ്രസംഗത്തിനിടയിൽ കൂടുതൽ പാട്ടുകൾ ഉപയോഗിക്കുമായിരുന്നു. കൺവൻഷൻ പ്രസംഗങ്ങളിൽ പാട്ടുകൾ പാടുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഗാനങ്ങളുടെ സ്വഭാവം എന്താണ്?**

എന്റെ ഗാനങ്ങളിൽ ആശ്വാസ ഗീതങ്ങൾ (Comforting songs) വളരെ കുറവാണ്. പ്രവാചക ഗാനങ്ങളാണ് (Prophetic songs) എന്റേത്. സഭയിലും സമൂഹത്തിലും തിരുത്തൽ നല്കുന്ന സന്ദേശമാണ് ഉള്ളടക്കം.

**ഇഷ്ട ഗാനം ഏതാണ്?**

“നിനക്കുവേണ്ടി ഞാൻ ധരയിലെന്തുവേണമോ.... ഇതാണ് എന്റെ ഇഷ്ട ഗാനം. ഈ ഗാനത്തിന്റെ ഈണത്തിലാണ് പിന്നീട് - ദൈവവാക്യമേ എന്നെ നവ്യമാക്കണേ”- എന്ന ഗാനം എഴുതിയത്.

**ഏറ്റവും കൂടുതൽ ചൊല്ലിക്കൊടുത്ത ഗാനം?**

എല്ലാ ഗാനങ്ങളും ജനങ്ങളെ പഠിപ്പിക്കും. ഏറ്റവും കൂടുതൽ വേദികളിൽ ചൊല്ലി കൊടുത്തത്, ‘ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി...’ എന്ന ഗാനമാണ്. എനിക്ക് ഇമ്പകരമായി പാടാൻ അറിയില്ലെങ്കിലും ഞാൻ പാടുകയും പാട്ടുകൾ പഠിപ്പിക്കുകയും ചെയ്യും. ഇവ കാസെറ്റിലും സി.ഡി.യിലും ആക്കിയിട്ടുണ്ട്. അതിനാൽ ഇവ എല്ലാവർക്കും പഠിക്കുവാൻ സാധിക്കും.

**മാർ ഒസ്താത്തിയോസ് തിരുമേനിയുടെ വേദശാസ്ത്രം പൂർണ്ണമായും വെളിപ്പെടുന്ന ഗാനം ഏതാണ് ?**

എല്ലാ ഗാനങ്ങളിലും എന്റെ വേദശാസ്ത്രം വെളിപ്പെടുന്നുണ്ട്. (ഓർക്കുന്നു): ഏകത്വത്തിൽ സ്നേഹമില്ല
ദ്വിത്വസ്നേഹം പൂർണ്ണമല്ല
ത്രിത്വസ്നേഹം പൂർണ്ണമത്രെ
വാങ്ങാം, നല്കാം, പങ്കിട്ടീടാം.

ത്രിത്വാധിഷ്ടിത സ്നേഹത്തിന്റെ പ്രായോഗികതയാണ് ഞാൻ പഠിപ്പിക്കുന്നത്.

*(10 നവംബർ 2003)*

□

# 7

# സഭയും സ്ത്രീകളും

സഭയിലും സമൂഹത്തിലും സ്ത്രീകളുടെ നേതൃത്വവും പങ്കാളിത്തവും പുനർവായിക്കപ്പെട്ടു. 'വനിതാ ബില്ല്' വഴി സ്ത്രീ പ്രാതിനിധ്യം പാർല മെന്റിൽ 33 ശതമാനമാക്കുവാനുള്ള സാധ്യത തെളിയുകയാണ്. ത്രിതല പഞ്ചായത്തുകളിൽ 50 ശതമാനത്തിൽ അധികം സ്ത്രീകൾ 2010ൽ അധികാരത്തിലെത്തി. പുരുഷനോടൊപ്പം സ്ത്രീകൾക്കും പങ്കാളിത്തവും പ്രാതിനിധ്യവും ലഭ്യമായി. ഇതിനായി നിരവധി ചർച്ചകളും പോരാട്ട ങ്ങളും വിവധ കാലഘട്ടങ്ങളിലായി ശക്തിപ്പെട്ടിരുന്നു.

സ്ത്രീ പ്രാതിനിധ്യം രാഷ്ട്രീയത്തിൽ വിശാലമായ വഴി തുറന്ന പശ്ചാത്തലത്തിൽ സഭകളും സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് പുനർ വിചാരണ നടത്തുകയാണ്. സ്ത്രീ പങ്കാളിത്തം സഭകളുടെ ഭരണ നിർവ ഹണ പ്രക്രിയയിൽ ഉണ്ടാകണമെന്ന അവശ്യം മുന്നോട്ട്വെച്ചവരിൽ പ്രമുഖരായ മെത്രാപ്പോലീത്തന്മാരാണ് ഡോ. പൗലോസ് മാർ ഗ്രിഗോറി യോസും ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസും.

മലങ്കര ഒർത്തഡോക്സ് സഭയിൽ സ്ത്രീകളുടെ സ്ഥാനവും പങ്കാളിത്തവും സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സഭയിൽ വിവിധ ഔദ്യോഗിക പ്രഖ്യാപനങ്ങൾ ഉണ്ട്: മാമോദീസാ കഴിഞ്ഞ് പെൺകുഞ്ഞു ങ്ങളെ വി. മദ്ബഹായിൽ പ്രവേശിപ്പിക്കണം (1988), വി. കുർബ്ബാനയ്ക്ക് മുമ്പ് പള്ളിയിൽ പഴയനിയമം സ്ത്രീകൾക്ക് പരസ്യമായി വായിക്കാം (1988), യുവജനപ്രസ്ഥാനത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തം നൽകാം (2005), സെമിനാരിയിൽ വേദശാസ്ത്ര പഠനത്തിൽ സ്ത്രീകൾക്ക് പ്രവേശ നം നൽകാം (1981:2005), ഇടവക പൊതുയാഗത്തിൽ സ്ത്രീകൾക്ക് 'നിരീക്ഷകരായി' പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുവാനും ഇടവകയു മായി ബന്ധപ്പെട്ട ഉപസമിതികളിൽ അംഗങ്ങൾ ആകുവാനും സാധിക്കും (2007:2008) തുടങ്ങിയ പ്രഖ്യാപനങ്ങൾ സ്ത്രീകളുടെ പങ്കാളിത്തം സഭാ ശുശ്രൂഷകരിലും നേതൃത്വത്തിലും ഉണ്ടാകേണ്ട ആവശ്യകത വിളിച്ചറിയിക്കുന്നവയാണ്. 2012 –ൽ മലങ്കര ഓർത്തഡോക്സ് സഭയിലെ

സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ വോട്ടവകാശം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, സഭയിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് പഠിപ്പിക്കുവാൻ തുടങ്ങിയിട്ട് കാലമേറെയായി. സ്ത്രീ പുരുഷ വേർകൃത്യങ്ങൾ മനുഷ്യനിലെ സ്വാർത്ഥതയിൽ നിന്നു വളർന്നുവരുന്നവയാണ്. പാപത്തിന്റെ പരിണിതഫലമാണ് ഈ ആധിപത്യ സ്വഭാവങ്ങൾ എന്ന് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ ആഴവും പരപ്പും വളരെ ശ്രദ്ധേയമാണ്:

## ലിംഗവിവേചനവും ആധിപത്യമനോഭാവങ്ങളും ഉണ്ടാകുന്നത് എന്തുകൊണ്ട്?

പുരുഷനും സ്ത്രീയും തമ്മിലുള്ള ശാരീരികമായ വ്യത്യാസം സ്പഷ്ടമാണെങ്കിലും അത് സ്ത്രീ പുരുഷ വിവേചനത്തിന് ഇടയാക്കരുത്. വ്യത്യസ്ത കർമ്മങ്ങൾ ചെയ്യുന്ന സ്ത്രീയും പുരുഷനും, ആരും ആർക്കും ഉപരിയല്ല. വ്യത്യസ്തം എന്നാൽ തുല്യം (distinct but equal)എന്നർത്ഥമാക്കേണ്ടതാണ്.[1] സ്ത്രീ പുരുഷ സമത്വമാണ് വേണ്ടത്, ആധിപത്യമല്ല. തുല്യതയ്ക്കുവേണ്ടിയത് ത്രിത്വ ദൈവശാസ്ത്രം, (Trinitarian theology) ആയിരിക്കണം പൗലോസ് ശ്ലീഹ പറയുന്ന സമത്വം (ഗല 3: 28) യുഗാന്ത്യത്തിൽ ലഭ്യമാകുന്നതാണ്. പന്ത്രണ്ട് അപ്പൊസ്തലന്മാർ സ്ത്രീകൾ ഇല്ലായിരുന്നെങ്കിലും സഭയിൽ സ്ത്രീകൾക്ക് രണ്ടാം സ്ഥാനം കല്പിച്ചിട്ടില്ല. യേശുവിന്റെ മാതാവിന് സഭയിൽ അപ്പോസ്തോലന്മാരെക്കാൾ ഉന്നതമായ സ്ഥാനമാണുള്ളത്. ലിംഗവിവേചനവും ആധിപത്യമനോഭാവങ്ങളും മാറുവാൻ ത്രിത്വാധിഷ്ഠിതമായ ഒരു വർഗ്ഗരഹിത സമൂഹത്തെ ഞാൻ സ്വപ്നം കാണുന്നു.

## സ്ത്രീകൾക്ക് വേദശാസ്ത്ര പഠനം അനിവാര്യമല്ലേ?

സഭയിൽ വേദശാസ്ത്രം പഠിക്കുന്ന സ്ത്രീകൾ അനവധി ഉണ്ടാകണം. ഇതിനായി സ്ത്രീകൾ മുന്നോട്ടു വരണം. സ്ത്രീകൾക്ക് കോട്ടയം സെമിനാരിയിൽ വേദശാസ്ത്രപഠനത്തിന് സൗകര്യം ഉണ്ടാകണമെന്ന് 1981–ലെ സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ട്.[2]

എന്തുകൊണ്ടോ സ്ത്രീകൾക്ക് വേദശാസ്ത്ര വിദ്യാഭ്യാസം കോട്ടയത്ത് നടന്നില്ല. നാഗപ്പൂർ സെമിനാരിയിൽ പെൺകുട്ടികളെ 2005 മുതൽ പഠിക്കുവാൻ അനുവദിച്ചിട്ടുണ്ട്. പക്ഷേ പഠിക്കുവാൻ സ്ത്രീകളില്ല. ഇതാണ് സ്ഥിതി. സ്ത്രീകളുടെ വേദശാസ്ത്ര പഠനത്തെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം ഉണ്ടാകണം. നമ്മുടെ സ്ത്രീകൾ മറ്റ് സഭയിലെ സ്ത്രീകളെപ്പോലെ തന്നെ വേദശാസ്ത്ര പഠനത്തിൽ മുന്നേറണം.

## സഭാ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം എങ്ങനെ?

സ്ത്രീകൾക്ക് സഭാ പ്രവർത്തനങ്ങളിൽ പ്രാധാന്യം നൽകണമെന്ന് അഖില ലോക സഭാ കൗൺസിലിന്റെ നെയ്റോബിയിൽ നടന്ന അഞ്ചാം അസംബ്ലിയിൽ (1975) ആവശ്യപ്പെട്ടത് ഓർക്കുന്നു. ആ സമ്മേളനത്തിൽ ഞാനും സഭയുടെ പ്രതിനിധിയായിരുന്നു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചർച്ചയും അവബോധവും WCC യുടെ ചരിത്രത്തിലെ പുതിയ സംഭവമായിരുന്നു. സഭകളുടെ കമ്മറ്റികളിൽ സ്ത്രീകൾക്കു അർഹിക്കുന്ന സ്ഥാനം കൊടുക്കണമെന്ന് നെയ്റോബി അസംബ്ലിയാണ് സഭകളോട് ആഹ്വാനം ചെയ്തത്.[3]

നെയ്റോബി സമ്മേളനത്തിൽ ആസ്ത്രേലിയക്കാരി സ്ത്രീ പ്രസംഗം അവസാനിപ്പിച്ചത് ഓർക്കുന്നു. 'പ്രിയ സഹോദരങ്ങളെ, നിങ്ങൾക്ക് ഞങ്ങൾ കൈനീട്ടിത്തരുന്നു. നമുക്ക് ഒരുമിച്ച് കൈപിടിച്ച് നടക്കാം... എന്നാൽ നിങ്ങളുടെ പിറകെ നടക്കുവാൻ ഇനി ഞങ്ങളെ കിട്ടുകയില്ല! ആ വർഷം സ്ത്രീകൾക്ക് ആറിൽ രണ്ടു സ്ഥാനം പ്രിസീഡിയത്തിൽ ലഭിച്ചു. അതിനാൽ സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനം കൊടുക്കുവാൻ കുടുംബങ്ങളും ഇടവകകളും സഭയും മുൻകൈ എടുക്കേണ്ടതാണ്.

## 'സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ...' എന്ന പൗലോസിന്റെ വീക്ഷണത്തെ എങ്ങനെ സമീപിക്കുന്നു?

'സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ' എന്നത് പൗലോസിന്റെ സ്വകാര്യ വേദശാസ്ത്രമാണ്. വ്യക്തിപരമായ ചിന്തയാണ്. ക്രിസ്തുവിന്റെ ദർശനം മറിച്ചാണ്. പൗലോസിന്റെ ദർശനം സഭയുടെ ഔദ്യോഗിക ഭാഷ്യമല്ല. കൊരിന്തു സഭയുടെ പശ്ചാത്തലത്തിൽ പൗലോസ് ശ്ലീഹ പറഞ്ഞതാണ്, 'സഭയിൽ സ്ത്രീകൾ സംസാരിക്കരുത്' എന്ന്. വേദപുസ്തത്തിൽ മറ്റൊരിടത്തും പറയുന്നില്ലല്ലോ.

പൗലോസ് പറഞ്ഞതിനല്ല ക്രിസ്തു പറഞ്ഞതിനാണ് പ്രാധാന്യം നൽകേണ്ടത്. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ സദ്വാർത്ത പത്രോസിനോടും മറ്റ് ശിഷ്യന്മാരോടും പോയി പറയാനാണ് മഗ്ദലന മറിയയോട് യേശു ആവശ്യപ്പെടുന്നത്. 'മിണ്ടാതിരിക്കാനല്ല'. വേദപുസ്തകത്തിലെ ലേഖനങ്ങളാക്കാൾ പ്രാധാന്യം നൽകേണ്ടത് സുവിശേഷങ്ങൾക്കാണ് (Gospel is more Christ centered). യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങളിൽ ധാരാളം സ്ത്രീകൾ പങ്കു ചേർന്നിട്ടുണ്ട്. (ലൂക്കോ 8:1–3, മാർക്കോ 15:41)

പ്രാർത്ഥിക്കുമ്പോൾ സ്ത്രീ തലമൂടണം, എന്നാൽ പുരുഷന്മാർ തലമൂടാതിരിക്കണം എന്നും പൗലോസ് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വൈദികരും മേൽപ്പട്ടക്കാരും തലമൂടുന്നില്ലേ? അത് വൈദികരുടെ

സ്ഥാനചിഹ്നമായി സഭ നിശ്ചയിച്ചതാണ്. കല്പന ലംഘനമല്ലല്ലോ. സ്ത്രീകൾ ആരാധനാ സമയത്ത് തലമൂടുന്നത് ഇവിടുത്തെ സാംസ്കാരിക പശ്ചാത്തല പാരമ്പര്യത്തിലാണ്. പൗലോസ് എഴുതിയതുകൊണ്ടല്ല.

## സ്ത്രീ-പ്രകൃതി ബന്ധങ്ങളെ എങ്ങനെ കാണുന്നു?

സ്ത്രീയും പ്രകൃതിയും ഒരുപോലെയാണ്. സ്ത്രീ അമ്മയാണ്. പ്രകൃതിയും മാതാവാണ്. സ്ത്രീയേയും പ്രകൃതിയെയും ഇന്ന് ചൂഷണം ചെയ്യുന്നു. എല്ലായിടവും ചൂഷണത്തിന്റെ സംസ്കാരമാണ്, വളർന്നു വരുന്നത്. നീതി നിഷേധമാണ് വർദ്ധിക്കുന്നത്. സ്വാർത്ഥതയാണ് വളരുന്നത്. പിതാവും മാതാവും തമ്മിലുള്ള ബന്ധംപോലെയാണ് സംസ്കാരവും പ്രകൃതിയുമായുള്ളത്. പാരസ്പര്യതയാണ് പ്രധാനം.[4]

## സ്ത്രീകൾ പ്രസംഗരംഗത്ത് എത്തുന്നതിനെക്കുറിച്ച്....?

ഞാൻ ഏഴാം ക്ലാസ്സ് കഴിഞ്ഞ അവസരത്തിൽ ഒരു വർഷത്തോളം സുവിശേഷകയായ ഏലിയാമ്മ ഉമ്മന്റെ കൂടെയാണ് സുവിശേഷ പ്രസംഗങ്ങൾ നടത്തിയത്. 'പിടക്കോഴി കൂവുന്നു' എന്ന് ആളുകൾ കളിയാക്കിയിട്ടുള്ളത് ഓർക്കുന്നു.[5]

1979 ഏപ്രിൽ 25ന് ഗോഹട്ടിയിലെ ഡിഗാറുവിൽ (Digaru) കത്തോലിക്കരുടെ ആദിവാസി പള്ളിയിൽ പ്രസംഗിച്ചപ്പോൾ എന്റെ പ്രസംഗം ഹിന്ദിയിലേക്ക് അതീവ പാടവത്തോടെ തർജ്ജമ ചെയ്തത് ഒരു പെൺകുട്ടി ആയിരുന്നു.[6] അതിനാൽ സ്ത്രീകൾ പ്രസംഗ രംഗത്തേയ്ക്ക് വരേണ്ടതാണ്.

## ക്രിസ്തീയ പ്രസംഗശുശ്രൂഷയിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം?

മാർത്തോമ്മാ സഭയിലും, സി. എസ്. ഐ സഭയിലുമെല്ലാം സ്ത്രീകൾ പ്രസംഗിക്കുന്നുണ്ട്. സ്ത്രീകൾക്ക് പ്രസംഗിക്കുവാൻ അവസരം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. 'സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കുവാൻ' പറഞ്ഞെങ്കിൽ അത് പൗലോസിന്റെ വേദശാസ്ത്രം (Theology) ആണ്. ഒരു യഹൂദനായതുകൊണ്ട് അദ്ദേഹം അങ്ങനെ പറഞ്ഞതാണ്. ഇത് സഭയുടെ ഔദ്യോഗിക ഭാഷ്യമല്ല. കൊരിന്തു സഭയുടെ പശ്ചാത്തലത്തിൽ പറഞ്ഞത് സാർവ്വത്രികമായി അംഗീകരിക്കേണ്ടതുമില്ല.

എന്നാൽ കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം മഗ്ദലക്കാരി മറിയയോട് ഞാൻ ഉയിർത്തെഴുന്നേറ്റ വിവരം പത്രോസിനോടും മറ്റും പറയാൻ പറഞ്ഞു. ഇവിടെ രക്ഷാസുവിശേഷത്തെ പ്രസംഗിക്കുവാനാണ് സ്ത്രീയെ കർത്താവ് ആഹ്വാനം ചെയ്യുന്നത്. സ്ത്രീകൾക്ക് വേദപഠന ക്ലാസ്സുകൾ നടത്തുവാൻ പ്രോത്സാഹനം നൽകണം. കൂടുതൽ സ്ത്രീകൾ ഈ രംഗത്തേയ്ക്ക് വരണം.

പൗലോസ് പറഞ്ഞതിനെ വിമർശനാത്മകമായി (Critical) കാണണം. ക്രിസ്തുപറഞ്ഞതിന് ഒന്നാം സ്ഥാനം നല്കണം. അതുകൊണ്ട് സ്ത്രീകൾക്ക് സഭയിൽ പ്രസംഗിക്കുവാൻ അവസരം നല്കേണ്ടത് ആവശ്യമാണ്.

## സ്ത്രീ-പുരുഷ-മക്കൾ സമത്വം എങ്ങനെ വിലയിരുന്നു?

'സ്ത്രീ പുരുഷ സമത്വം മാത്രം' എന്നതിനോട് എനിക്ക് യോജിപ്പില്ല. സ്ത്രീകളുടെ രാഷ്ട്രീയ സ്വാതന്ത്ര്യവും സ്ത്രീ പുരുഷ സമത്വവും വളരെ ചർച്ച ചെയ്യപ്പെടുന്നെങ്കിലും എന്റെ അഭിപ്രായത്തിൽ അമ്മ, അപ്പനേക്കാൾ ഒരു ഡിഗ്രി മുന്നിലാണ്. കാരണം സ്നേഹിക്കുവാൻ കഴിവുള്ളത് അമ്മയാണ്. അപ്പനേക്കാൾ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നത് അമ്മമാരാണ്. അതിനാലാണ് കുഞ്ഞുങ്ങൾക്ക് അമ്മമാരോട് സ്നേഹം വർദ്ധിക്കുന്നത്. അപ്പനും അമ്മയും തുല്യരാണെന്ന് പറയുന്നത് ശരിയല്ല. സ്ത്രീയും പുരുഷനും കുഞ്ഞുങ്ങളും ചേരുന്നതാണ് ഒരു 'ഫാമിലി' യൂണിറ്റ്. ഇതിന്റെ അടിസ്ഥാനം വിശുദ്ധ ത്രിത്വം ആണ്. സമത്വത്തിന്റെ മാതൃക ത്രിത്വമാണ്. അപ്പനും അമ്മയും കുഞ്ഞുങ്ങളും ഉള്ള ഒരു ഫാമിലി യൂണിറ്റിൽ സമത്വം ഉണ്ടാകണം.

സ്ത്രീയും പുരുഷനും കുട്ടികളും ഒന്നിക്കുന്നിടത്താണ് സമത്വം പൂർണ്ണമാകുന്നത്. എന്റെ ഒരു പുസ്തകത്തിൽ ത്രിത്വത്തെ കുടുംബത്തോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഒരു ഓർത്തഡോക്സ് ബിഷപ്പ് അതിനെ എതിർത്തിരുന്നു. ത്രിത്വത്തെ കുടുംബത്തോട് ഉപമിച്ചിരിക്കുന്ന എന്റെ പഠനം വളരെ പ്രായോഗികമാണ്. സമത്വവും സ്നേഹവും പങ്കിടീലും ജീവിതത്തിൽ മാതൃകയായി സ്വീകരിക്കുവാൻ ത്രിത്വം അല്ലാതെ മറ്റെന്തുണ്ട്?

സിദ്ധാന്തവും പ്രയോഗവും സമന്വയിപ്പിച്ചത് ക്രിസ്തുവാണ്. ദൈവരാജ്യ സിദ്ധാന്തങ്ങളെ ലളിതമായ ജീവിത മാതൃകകളിലൂടെ ക്രിസ്തു പ്രായോഗികമാക്കി. ഇത് ഇപ്പോൾ അസാധ്യമായിത്തീരുന്നു എന്നതാണ് വേദശാസ്ത്രം നേരിടുന്ന വെല്ലുവിളി. ത്രിത്വത്തിലെ സ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ സ്നേഹത്തിന്റെ ജീവിതമാതൃക പ്രായോഗികമാക്കുവാൻ കഴിയണം എന്നർത്ഥം.

## സ്ത്രീ പങ്കാളിത്തം നിഷേധിച്ചതിനെതിരെയുള്ള ഒരു പ്രാർത്ഥന ഉണ്ടല്ലോ... ?

എന്റെ തിരുവചന പ്രാർത്ഥനകളിൽ വിവിധ തരത്തിലുള്ള പ്രാർത്ഥനകളുണ്ട്. അതിൽ സ്ത്രീകളെക്കുറിച്ചും പ്രാർത്ഥന കാണും:

> "സഭയുടെ ശുശ്രൂഷാരംഗത്തും നേതൃത്വതലങ്ങളിലും സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകാഞ്ഞതിനാൽ ഞങ്ങളോട് ക്ഷമിക്കണമേ. സഭയുടെ വിവിധ ശ്രേണികളിൽ കഴിവുറ്റ വനിതകൾ ഉണ്ടായിട്ടും അവരെ അർഹമായ രീതിയിൽ അംഗീക

രിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ലല്ലോ. സ്ത്രീകൾക്ക് സജ്ജീവമായ പങ്കാളിത്തം കൊടുക്കാവുന്ന വിവിധ മേഖലകൾ സഭയിൽ ഉണ്ടായിട്ടും ആവശ്യമായ രീതിയിൽ പ്രായോഗികമാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ലാ എന്ന് സമ്മതിക്കുന്നു..... ”[7]

## അടിക്കുറിപ്പുകൾ

1. വർഗ്ഗരഹിത സമൂഹം pp 15-16
2. പ. സുന്നഹദോസ് നിശ്ചയം: “സഭയിലെ മഠങ്ങളിലെ സിസ്റ്റേഴ്സ്, മർത്തമറിയം സമാജം പ്രവർത്തകർ, വീട്ടമ്മമാർ തുടങ്ങി വനിതകൾക്കായി പഴയ സെമിനാരിയിലെ സോഫിയാ സെന്ററിൽ വച്ച് വേദപഠനം നടത്തുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിചിന്തനം ചെയ്യണമെന്നുള്ള വൈദിക സെമിനാരി ഫാക്കൽറ്റിയുടെ അഭ്യർത്ഥന അംഗീകരിക്കുകയും അവർക്കായി പ്രത്യേക ക്ലാസ്സുകൾ എടുക്കുന്നതിനും അവരുടെ വായനയ്ക്കും പഠനത്തിനുമായി ലൈബ്രറി സൗകര്യപ്പെടുത്തി കൊടുക്കുന്നതിനും സെമിനാരി അധികൃതരേ ചുമതലപ്പെടുത്തണമെന്ന് നിശ്ചയിക്കുകയും ചെയ്തു.”

   1981-ലെ പ. സുന്നഹദോസ് നിശ്ചയം. 1976-83 വരെയുള്ള എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ No. 8, P. 39. see, *www.malankaraorthodox.tv.*
3. നാല് ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ, സെന്റ് പോൾസ് മിഷൻ ബുക്ക് ഡിപ്പോ, മാവേലിക്കര, 1993 p. 75
4. നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ. p.153
5. അശീതി ജന്മദിന - മെത്രാൻ സ്ഥാനാരോഹണ രജതജൂബിലി സ്മരണിക. p. 203
6. നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ p. 103
7. 91 തിരുവചന പ്രാർത്ഥനകൾ, 2005, p. 72

*(9 സെപ്റ്റംബർ 2010)*

□

# 8

# പങ്കിടീൽ കുട്ടികളിലൂടെ

**ഡോ.** ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വളരെ ചെറുപ്പത്തിലേ സുവിശേഷ പ്രവർത്തനങ്ങളോട് വളരെ ആഭിമുഖ്യം പുലർത്തി. സഞ്ചാര സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. വീടുവീടാന്തരം സുവിശേഷ സന്ദേശം അറിയിക്കുവാനും പ്രാർത്ഥിക്കുവാനും മുതിർന്നവരോടൊപ്പം പോകുമായിരുന്നു. 'ജോർജുകുട്ടി' എന്ന പേരിൽ പ്രശസ്തി നേടി. പേരിനോടൊപ്പം അമ്മയുടെ വീട്ടുപേരും ചേർത്താണ് നാട്ടിൽ അറിയപ്പെട്ടത്.

'ഇഴേക്കടവിൽ ജോർജ്കുട്ടി', സഞ്ചാര സുവിശേഷത്തിനായി ഒരു ദിവസം മാവേലിക്കരയിലെ ചെറുകോൽ ഗ്രാമത്തിൽ കൂടി അതിശീഘ്രം പോകുകയായിരുന്നു. കാക്കകളുടെ ബഹളം കേട്ടാണ് ജോർജ്കുട്ടി ആ ഭാഗത്തേക്ക് ശ്രദ്ധിച്ചത്. ഒരു കുഞ്ഞിന്റെ ശരീരം കാക്കകൾ കൊത്തിപ്പറിക്കുന്ന ബീഭത്സമായ കാഴ്ചയാണ് ജോർജ്കുട്ടി കണ്ടത്. കണ്ണുകൾ കൂട്ടിയടച്ചു. ഏതോ അമ്മ ഉപേക്ഷിച്ച കുഞ്ഞായിരുന്നു അത്. കുഞ്ഞ് നിർജ്ജീവമായപ്പോൾ കാക്കകൾക്ക് ഭക്ഷണമായി - ഈ പൊന്നോമന പൈതൽ!

ഇന്നും കുഞ്ഞുങ്ങളെ ഉപേക്ഷിക്കാറില്ലേ? പെൺകുഞ്ഞുങ്ങളെ ...? 'അമ്മതൊട്ടിലിൽ' എത്തിച്ചേരുന്നത് എത്രയേറെ കുഞ്ഞുങ്ങളാണ്.

ജോർജ്കുട്ടിയുടെ ഹൃദയത്തെ മുറിപ്പെടുത്തിയ ഒരു സംഭവമാണിത്. അനേക രാത്രികളിൽ ഈ രംഗം ജോർജ്കുട്ടിയെ അസ്വസ്ഥമാക്കി. അനാഥ കുഞ്ഞുങ്ങൾക്കുവേണ്ടി എന്തെങ്കിലും ഉടനെ ചെയ്യണമെന്ന ആശയം മനസ്സിലുദിച്ചു. ഇനിയും ഒരു കുഞ്ഞിനും ഇത്തരം ഒരനുഭവം ഉണ്ടാകുവാൻ ഇടയാകരുത്. അങ്ങനെയാണ് ജോർജ്കുട്ടിയുടെ മനസ്സിൽ സുവിശേഷവും മിഷനും ബാലഭവനും ഇടം നേടിയത്. മുപ്പതാം വയസ്സിലാണ് (1947) ജോർജുകുട്ടി ശെമ്മാശുപട്ടം ഏൽക്കുന്നത്. അമേരിക്കയിലെ ഉപരി പഠനത്തിനുശേഷം വൈദികനായി. ഉടൻതന്നെ മലബാറിലേക്കുള്ള യാത്രയിൽ 1956-ൽ പൂതപ്പാടിയിൽ ബാലഭവൻ

ആരംഭിക്കുന്നതിനായി 25 ഏക്കർ സ്ഥലം കണ്ടെത്തി. ഇപ്പോൾ അവിടെ 90 ഏക്കർ സ്ഥലം ഉണ്ട്. വിവിധ സ്ഥലങ്ങളിൽ ബാലഭവനുകൾ, ആതുര ക്ഷേമപ്രവർത്തനങ്ങൾ, അമ്പതിൽപ്പരം പദ്ധതികൾ...!

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളുടെ സുപ്രധാന മേഖലയാണ് ബാലഭവൻ. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട ബാല-ബാലികാ ഭവനുകൾ ഉണ്ട്. അദ്ദേഹം കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു. അവർക്കായി പ്രാർത്ഥിക്കുന്നു. അവരെ സംരക്ഷിക്കുന്നു. വേർതിരിവുകളില്ലാതെ ദൈവസ്നേഹം പങ്കിടുന്നു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സൗഹൃദ വലയത്തിൽപ്പെടുന്ന ആദ്യ വിഭാഗം കുട്ടികളാണ്. അവരെ കണ്ടാൽ അടുത്തു വിളിക്കും, ചോദ്യങ്ങൾ ചോദിക്കും, വേദപുസ്തക വാക്യം പഠിപ്പിക്കും. 'ഞാൻ യേശുവിന്റെ കുഞ്ഞായി വളരും' എന്ന് അവരെ ക്കൊണ്ട് ഏറ്റു പറയിപ്പിക്കും. മിഠായി കൊടുക്കും, അത് പരസ്പരം പങ്കിടുവാൻ പഠിപ്പിക്കും. പിന്നെ അവരുടെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കും. എല്ലാ കുഞ്ഞുങ്ങളെയും സൗഹൃദ വലയത്തിലാക്കും.

ദൈവസ്നേഹത്തിന്റെയും പങ്കിടീലിന്റെയും തത്വശാസ്ത്രം കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിൽ അതീവ ജാഗ്രതയാണ് അദ്ദേഹം പുലർത്തുന്നത്. കുട്ടികളുടെ അവകാശവും പങ്കാളിത്വവും ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകൾ പങ്കിടുന്നു:

### കുട്ടികളിൽ പങ്കിടീൽ (sharing)സ്വഭാവം വളർത്തി എടുക്കുവാൻ എന്തു ചെയ്യണം?

കുട്ടികളെക്കുറിച്ച് ഇന്നത്തെ മാതാപിതാക്കൾക്ക് വേണ്ടത്ര ശ്രദ്ധയുണ്ടോ എന്നത് സംശയമാണ്. കുഞ്ഞുങ്ങളെക്കാൾ മാതാപിതാക്കൾക്ക് പണമാണ് പ്രധാനം. എന്റെ ചെറുപ്പത്തിൽ വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കാതെ എന്റെ അമ്മ എനിക്ക് അത്താഴം തരത്തില്ലായിരുന്നു. ഇപ്പോഴത്തെ അമ്മമാർ അങ്ങനെ ചെയ്യുമെന്ന് തോന്നുന്നില്ല. കുഞ്ഞുങ്ങൾ നന്നാകണമെങ്കിൽ അമ്മമാർ നന്നാകണം. അമ്മമാരിൽ നിന്നാണ് നല്ല കുഞ്ഞുങ്ങൾ ജനിക്കുന്നത്. ഏതു മഹാന്മാരോടു ചോദിച്ചാലും അവർ പറയും: 'അമ്മയാണ് എന്നെ സ്വാധീനിച്ചത്.'

കുടുംബം ചെറിയ ഘടകമാണ്(Family is a small unit). അപ്പനും അമ്മയും നന്നാകാതെ കുഞ്ഞുങ്ങൾ നന്നാകത്തില്ല. കുടുംബപരമായ പങ്കിടീൽ ഉണ്ടാകണം. അത് കുടുബത്തിൽ പഠിപ്പിക്കണം. കുഞ്ഞുങ്ങളെ ഒറ്റപ്പെടുത്തരുത്. ഇന്നത്തേത് വർഗ്ഗ സമ്പ്രദായമാണ്. അമേരിക്കയിൽ ആണുംപെണ്ണും ഒന്നിച്ച് ജീവിക്കുന്ന 'സഹവാസ സമ്പ്രദായം' ഉണ്ട്

(living together). ഇവർക്ക് കുഞ്ഞുങ്ങൾ വേണ്ട. ഇത് എങ്ങനെ ന്യായീകരിക്കുവാൻ കഴിയും. ഇത്തരം സമ്പ്രദായം കേരളത്തിലും ആയി എന്നറിയുന്നു. സഹവാസത്തിൽ 'സെക്സ് മാത്രം മതി' എന്നത് ദൈവികമല്ല. അത് മൃഗങ്ങളുടേതാണ്. കുഞ്ഞുങ്ങളാണ് ദൈവത്തിന്റെ ഏറ്റവും വലിയ വരദാനം. നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന കുഞ്ഞ് പതിനായിരം കോടി രൂപായേക്കാൾ വലുതാണ്. കോടികൾ സ്വർഗ്ഗത്തിൽ കൊണ്ടുപോകുവാൻ പറ്റുമോ?

**കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ എന്നാണല്ലോ കർത്താവിന്റെ മൊഴികൾ...**

ദൈവത്തിന്റെ ഏറ്റവും വലിയ ദാനം ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ഏറ്റവും അടുത്തുള്ള സ്ഥാനം കുഞ്ഞിനാണ്. (Christ is the greatest gift of God, Child is next to Christ, the greatest gift of God). കുഞ്ഞിനാണ് പ്രാധാന്യം. ഇതു മനസ്സിലാക്കി മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ഒപ്പം സമയം പങ്കിടാൻ അവസരം നൽകുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കണം. കുടുംബപ്രാർത്ഥന ഇപ്പോൾ ഇല്ലല്ലോ. പിന്നെ എങ്ങനെയാണ് കുഞ്ഞിനൊപ്പം സമയം പങ്കിടുന്നത്?

അമേരിക്കയിൽ ഞാൻ ഒരു കുഞ്ഞിനോട് ചോദിച്ചു വീട്ടിൽ കുടുംബ പ്രാർത്ഥന ഉണ്ടോ? അവൻ മറുപടി പറഞ്ഞു: "When dady is at home, mummy is at work; when mummy is at home, dady is at work. When mummy and dady are at home, we are in the school. ഈ അവസ്ഥ കേരളത്തിലെ നാട്ടിൻപുറങ്ങളിലും ആയി. കുടുംബ പ്രാർത്ഥന നഷ്ടപ്പെട്ടുപോകുന്ന ഒരു സംവിധാനം വളർന്നു വരുന്നത് ആപത്താണ്. അത് കുഞ്ഞുങ്ങളെ സാരമായി ബാധിക്കും.

**കുഞ്ഞുങ്ങളെ സന്മാർഗ്ഗ ശാസ്ത്രം പഠിപ്പിക്കുന്നതിന്റെ പ്രാധാന്യം?**

കുഞ്ഞുങ്ങളെ വേദപുസ്തകം പഠിപ്പിക്കാത്ത സ്കൂളുകളിലെ ആദ്ധ്യാത്മികത തകരും. സ്കൂളുകളിൽ ക്രമമായി സന്മാർഗ്ഗ ശാസ്ത്രം പഠിപ്പിക്കണം. സെക്കുലറിസം സമൂഹത്തെ തകർക്കുകയാണ്. കുഞ്ഞുങ്ങളെ ധാർമ്മികമായി നശിപ്പിക്കുകയാണ്. ആദ്ധ്യാത്മികത വേണ്ട സെക്കുലറിസം മതി എന്നാണ് ഇന്നത്തെ മുദ്രാവാക്യം. ഇത് വലിയ ആപത്താണ്. ഇത് പൈശാചികതയാണ്. ദൈവം ഇല്ലാത്ത ലോകത്തെക്കുറിച്ച് എങ്ങനെ ചിന്തിക്കുവാൻ കഴിയും. കുഞ്ഞുങ്ങളെ ആദ്ധ്യാത്മികമായി വളർത്തണം. സൺഡേസ്കൂൾ പഠിപ്പിക്കണം. ഇക്കാര്യത്തിൽ മാതാപിതാക്കൾ ഉപേക്ഷ വിചാരിക്കരുത്.

**കുഞ്ഞുങ്ങളെ എങ്ങനെ കാണുന്നു?**

എന്റെ ബാലഭവനങ്ങളിൽ അനവധി കുഞ്ഞുങ്ങൾ ഉണ്ട്. ആണും പെണ്ണും ഉണ്ട്. എല്ലാം എന്റെ കുഞ്ഞുങ്ങളാണ്. അവരെ എല്ലാം ഞാൻ

സ്നേഹിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്റെ ബാലഭവന ത്തിലെ കുഞ്ഞുങ്ങൾ ഓടിപ്പോകാറില്ല. അവർക്ക് ദൈവിക സ്നേഹം പകർന്നു കൊടുക്കുന്ന കന്യാസ്ത്രീകളും അമ്മമാരും ബ്രദറന്മാരും ഉണ്ട്. ദൈവസ്നേഹം പകരുന്നതിനായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സഭാ വകയായി ബാലിക-ബാലഭവനങ്ങൾ ആരംഭിക്കണം എന്നാണ് എന്റെ ആഗ്രഹം.

'ബാലഭവനത്തിലെ കുഞ്ഞുങ്ങൾ എല്ലാം എന്റെ കുഞ്ഞുങ്ങൾ ആണ്.' നാം അവരെ സ്നേഹിക്കുന്നു, അവർ നമ്മളേയും സ്നേഹി ക്കുന്നു. ദൈവികമായ സ്നേഹം കൊടുത്താണ് അവരെ വളർത്തുന്നത്. അവരെ മാമോദീസാ മുക്കുന്നതിന് എനിക്ക് താല്പര്യം ഇല്ല. സ്നേഹ ത്തിന്റെ മതമാണ് എന്റെ ദൈവശാസ്ത്രം. ഈ കുഞ്ഞുങ്ങളെ സ്നേഹി ച്ചാൽ മതി. മതം മാറ്റേണ്ട കാര്യമില്ല.

**ദമ്പതികൾക്ക് 'ഇപ്പോൾ കുഞ്ഞുങ്ങളെ വേണ്ട' എന്ന ആശയം വർദ്ധിക്കുന്നല്ലോ?**

ഒരാൾ അവിവാഹിതനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ തടസ്സമില്ല. പക്ഷെ സന്യാസിയാകണം. വിവാഹം കഴിച്ചിട്ട് കുഞ്ഞില്ലെ ങ്കിൽ ദത്തെടുക്കണം. കുഞ്ഞുങ്ങളെ നിഷേധിക്കുന്നവർ ക്യാപിറ്റലി സ്റ്റാണ്. 'കുഞ്ഞുങ്ങളെ വേണ്ടാ' എന്നു വെയ്ക്കുന്നവനും സ്വാർത്ഥ നാണ്. കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾ കുഞ്ഞുങ്ങളെ ദത്തെടുത്ത്, സ്നേഹം പങ്കിടണം. സ്നേഹം പങ്കിടുമ്പോൾ മാത്രമേ ജീവിതം അർത്ഥ പൂർണ്ണമാകൂ.

**കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണം?**

ഇന്നത്തെ ലോകം ജീവിത മൂല്യങ്ങൾ നഷ്ടപ്പെടുത്തുകയാണ്. അമ്മമാർ കുഞ്ഞുങ്ങളെ ശരിക്ക് വളർത്തുന്നില്ല. ജനിച്ച് നാലു മാസം കഴിയുന്നതു മുതൽ കുഞ്ഞിന്റെ സ്വഭാവ രൂപീകരണം ഉണ്ടാകുന്നു. ആ കുഞ്ഞിന് മുലപ്പാൽ കൊടുക്കണം. മറ്റ് പാലു കൊടുത്താൽ കുഞ്ഞ് നന്നായി വരില്ല. കഴിയുമെങ്കിൽ രണ്ട് വയസ്സുവരെ കുഞ്ഞിന് മുലപ്പാൽ കൊടുക്കണം. കുഞ്ഞിനെ അവഗണിക്കുന്ന അപ്പനും അമ്മയ്ക്കും ആ കുഞ്ഞ് പോയി.

മക്കളെ ആത്മീയരാക്കാത്ത മാതാപിതാക്കൾ മക്കളെ നശിപ്പിക്കുന്ന വരാണ്. കുഞ്ഞുങ്ങൾക്ക് ആദ്യം നൽകേണ്ടത് കൃപയാണ് - ദൈവകൃപ. അതിനുശേഷം മതി വിശ്വാസം. ദൈവകൃപയിലും ദൈവവിശ്വാസത്തി ലും കുഞ്ഞുങ്ങളെ വളർത്തണം. നീതിയിലും സത്യത്തിലും വളർത്ത ണം. സാമൂഹിക പ്രതിബദ്ധതയിൽ വളർത്തണം.

*(23 നവംബർ 2003)*

□

# 9

# സോഷ്യലിസവും സ്നേഹത്തിന്റെ ആഗോളതയും

ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, കൊറിയ എന്നിവിടങ്ങളിൽ വളർന്ന വിമോചന ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിൽ ദലിത് വേദശാസ്ത്രം ശക്തിപ്പെട്ടത്. വിവിധ തരത്തിൽ പീഢനം അനുഭവിക്കുന്ന ജനതയുടെ സമഗ്രമായ വിമോചനമാണ് മുഖ്യ ലക്ഷ്യം. ദലിത് സമൂഹത്തിന്റെ പ്രവർത്തനങ്ങൾ മലങ്കരസഭയിൽ 'വിജാതീയ മിഷൻ', ബ്രഹ്മവാർമിഷൻ, 'സ്ലീബാ ദാസ സമൂഹം', സെന്റ് പോൾസ് മിഷൻ, ഉത്തരേന്ത്യൻ മിഷൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. 'ദലിതർക്കുവേണ്ടി ദലിതരിൽ നിന്നുള്ള ദലിതരുടെ വേദശാസ്ത്രമായി' വ്യാഖ്യാനിക്കപ്പെടുന്നുണ്ടെങ്കിലും ദലിതരുടെ സമഗ്ര വിമോചനമാണ് അടിസ്ഥാനം. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ദലിത് വിമോചനത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് പങ്കിടുന്നു:

**ദലിത് ജനതയോട് എങ്ങനെ ഏകീഭവിക്കുവാൻ കഴിയും?**

ലാറ്റിൻ അമേരിക്കയിലെ വിമോചന ദൈവശാസ്ത്രവും (Liberation Theology) കൊറിയയിലെ മിഞ്ചുങ് തിയോളജിയും(Minguing Theology) സൗത്ത് ആഫ്രിക്കയിലെ കറുത്ത ദൈവശാസ്ത്രവും (Black Theology) ശക്തിപ്പെട്ട പശ്ചാത്തലത്തിലാണ് ദലിത് ദൈവശാസ്ത്രം (Dalit Theology)ഇന്ത്യയിൽ വളർന്നു വന്നത്. ഇന്ന് വേദശാസ്ത്ര രംഗത്ത് മാത്രമല്ല, സാമൂഹിക ശാസ്ത്രത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും എല്ലാം ദലിത് ദർശനവും പ്രാതിനിധ്യവും ശക്തിപ്പെട്ടിരിക്കുകയാണ്.

മർദ്ദിത ജനതയെയാണ് ഇവ അർത്ഥമാക്കുന്നത്. വേദശാസ്ത്രം വളരേണ്ടത് അടിച്ചമർത്തപ്പെട്ടവരും, നിശബ്ദരും, മർദ്ദിതരും, അവശരുമായ ജനവിഭാഗങ്ങളിൽ നിന്നാണ്. (ഇന്ന് ഈ പദങ്ങൾ എല്ലാം ദലിത് ദർശനങ്ങളിൽ നിഷേധിച്ചിട്ടുണ്ട്).

യേശു മനുഷ്യാവതാരത്തിൽ ഏകീഭവിച്ചത് ഇത്തരം ജനവിഭാഗത്തോടാണ്. സദ്വർത്തമാനം അവർക്കാണ് യേശു അറിയിച്ചത്. സമ്പന്ന

വിഭാഗം ദൈവത്തിലല്ല സ്വത്തിലാണ് സുരക്ഷിതാവസ്ഥ കാണുന്നത്. അവർക്ക് ദൈവശബ്ദം കേൾക്കാൻ, അവരും ദരിദ്രരോട് ഏകീഭവിക്കണം.[1] 'ദരിദ്രരോട് സുവിശേഷം അറിയിച്ചാൽ പോരാ ദരിദ്രരുടെ സുവിശേഷം ധനവാന്മാർ കേൾക്കുകയും വേണം'.[2] മിഷൻ ദരിദ്രരോട്, ദലിതരോട്, ഏകീഭവിക്കുന്നതാകണം എന്നർത്ഥം. യേശുവിന്റെ മനുഷ്യാവതാര മാതൃകയാണ് (ഫിലി. 2:5–10) ഈ ഏകീഭാവത്തിലുള്ളത്.

**സഭയിൽ ദലിത് വിഭാഗങ്ങളുടെ വികാസം എങ്ങനെ സാധ്യമാകും?**

മലങ്കര സഭയിലെ ദലിത് വിഭാഗങ്ങളെ ഉദ്ധരിക്കുവാനായി പ. പരുമല തിരുമേനിയും (1848–1902) പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും (1886–1968) 'വളരെ' അദ്ധ്വാനിച്ചു. ദലിതരോട് ഇവർ വ്യക്തമായ വീക്ഷണത്തിൽ പ്രവർത്തിച്ചു. പിന്നീട് ഈ വിഭാഗത്തെ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ വ്യാപിക്കുവാൻ സഭയ്ക്ക് നേതൃത്വം ഇല്ലാതെ പോയി. ദലിത് വിഭാഗങ്ങളോട് സഭയ്ക്കുണ്ടായ താല്പര്യമില്ലായ്മ വളരെയാണ്. അവരെ സഭയുടെ അംഗങ്ങളായി കരുതുകയും സഹായിക്കുകയും ചെയ്യണം. ദലിത് ജനതയ്ക്കുവേണ്ടി അർപ്പണത്തോടും ആദ്ധ്യാത്മീകതയോടും പ്രവർത്തിക്കുവാൻ സന്നദ്ധമായ ഒരു 'മിഷനറി വിഭാഗം' ശക്തിപ്പെടണം. ഇവർ ദലിതരെ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യണം. അവരുടെ അവകാശങ്ങൾക്കായി പോരാടുകയും വേണം. ദലിത് വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് സഭയുടെ വിവിധ സമിതികളിൽ പ്രാതിനിധ്യം നൽകണം. ഇക്കാര്യത്തിൽ യാതൊരു ഉപേക്ഷയും വിചാരിക്കരുത്. ഭാവിയിൽ ദേശിയ തലത്തിൽ ദലിത് പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കുവാൻ കഴിവുറ്റവർ വളർന്നു വരണം. ദലിതരോടുള്ള വേർകൃത്യങ്ങൾ സഭയിൽ നിന്നും സമൂഹത്തിൽ നിന്നും മാറ്റണം.

**ദലിത് വിഭാഗങ്ങൾക്കായി പ്രവർത്തിച്ചത് എങ്ങനെയാണ്?**

ദലിത് ജനതയുടെ വികസനത്തിനുവേണ്ടി വാദിച്ചതിനേക്കാൾ അധികമായി പ്രവർത്തിക്കുവാനാണ് ഞാൻ ആഗ്രഹിച്ചത്. സഭ ആരംഭിച്ച വിവിധ മിഷൻ പ്രസ്ഥാനങ്ങൾ ദലിത് ജനതയുടെ വികസനത്തിനുള്ളതാണ്. പാവപ്പെട്ടവരുടെ ജീവിതാഭിവൃദ്ധിയാണ് ലക്ഷ്യം. കമ്മ്യൂണിസത്തിന്റെ പ്രാരംഭത്തോടെയാണ് പാവങ്ങളെക്കുറിച്ചുള്ള ചിന്ത സമൂഹത്തിൽ വളർന്നത്. ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും മാത്രം വിമോചനമല്ല, ദലിതരുടെ സമഗ്രമായ വിമോചനമാണ് ആവശ്യം.

ദലിത് രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയിൽ ശക്തിപ്പെടുകയാണ്. രാഷ്ട്രീയഅധികാരത്തിനുള്ള പോരാട്ടമാണിത്. രാഷ്ട്രീയ അധികാരങ്ങൾ ലഭിച്ച സംസ്ഥാനങ്ങൾ നോക്കിയാലും ദലിതർ ഇന്നും നിത്യ ദാരിദ്ര്യത്തിലാണ്. ദലിതരുടെ വിമോചനം സാധ്യമാകുന്നത് വിദ്യഭ്യാസത്തിലൂടെയാണ്. എല്ലാ വിഭാഗം ദലിതരുടെയും വികസനം ഫലപ്രദമാ

ക്കുവാൻ സർക്കാരിനും സഭക്കും ഉത്തരവാദിത്വം ഉണ്ട്. ദലിതരുടെ അവകാശ നിഷേധങ്ങൾക്ക് എതിരേ സഭകൾ ഉണർന്ന് പ്രവർത്തിക്കണം.

**പരിസ്ഥിതി പ്രശ്നങ്ങൾ എന്തുകൊണ്ട്?**

ഒരു ന്യൂനപക്ഷം സുഖലോലുപർ സമൂഹത്തിൽ നീതിപൂർവ്വമായ ഉത്തരവാദിത്വം നിർവ്വഹിക്കാത്തതിനാൽ സമ്പത്ത് ദുർവിനിയോഗം ചെയ്യുകയാണ്. ഇവർ ആഢംഭരവും ആർഭാടവും വർദ്ധിപ്പിക്കുന്നതിനാൽ ദാരിദ്രവും പരിസ്ഥിതി പ്രതിസന്ധിയും ഉണ്ടാകുന്നു. ഇപ്പോഴുള്ള പരിസ്ഥിതി പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ ശാസ്ത്രീയമായി പഠിക്കേണ്ടതുണ്ട്[1].

ഓരോരുത്തരും മറ്റുള്ളവരെ കരുതുകയും സ്വാർത്ഥതയും അസൂയയും ആർഭാടവും ഒഴിവാക്കുകയും ചെയ്താൽ ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാം. ഇത് ക്രിസ്തീയമായ ഒരു ഉത്തരവാദിത്വം കൂടിയാണ്.

**മിഷൻ രംഗത്തെ വിവിധ ചാരിറ്റബിൾ ട്രസ്റ്റിനെക്കുറിച്ച് എങ്ങനെ വിലയിരുത്തുന്നു**

ദൈവകൃപയാൽ പത്തു നാല്പതു ചാരിറ്റബിൾ പ്രോജക്ടുകൾ ഉണ്ട്. ഞാൻ ചാരിറ്റബിൾ ട്രസ്റ്റുകൾ കൊണ്ട് തൃപ്തിപ്പെടാത്തയാളാണ്. ഞാൻ സാമൂഹിക നീതിക്കും (social justice) പങ്കിടീലിനും (sharing) സ്നേഹത്തിനും (love) പ്രാധാന്യം നൽകുന്നു. ത്രിയേക ദൈവത്തിന്റെ ഏകത സ്നേഹമായതുപോലെ 'സ്നേഹത്തിന്റെ ഒരു മിഷൻ' ഉണ്ടാകണം. സമത്വവും (equality) പങ്കിടീലും ഉള്ള ഒരു ലോകം വളരണം. ഇതിനായി സ്നേഹത്തിന്റെ വിപ്ലവാത്മകയായ പരിവർത്തനം (radical change) ഉണ്ടാകണം.

ദൈവസ്നേഹം പങ്കിടുന്നതിന് ചാരിറ്റി ഒരു പ്രതിവിധിയല്ല (solution). സമ്പത്ത് എല്ലാവർക്കും നീതിപൂർവ്വം പങ്കിടാനുള്ള മനസ്സ് ഉണ്ടാകണം. ദരിദ്രർ സംരക്ഷിക്കപ്പെടണം. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം' എന്ന തത്ത്വം പ്രായോഗികമാക്കണം. നിന്റെ അയൽക്കാരൻ ദരിദ്രനാണെങ്കിൽ നീയും ദരിദ്രനാകണം. നിന്റെ സ്വത്ത് ദരിദ്രർക്കായി പങ്കിടുവാൻ കഴിയണം.

യഥാർത്ഥ ക്രിസ്തീയത പഠിപ്പിക്കുന്നത് സാമൂഹിക നീതിയാണ് പങ്കിടീലാണ്. ചാരിറ്റിയല്ല. എന്നാൽ ചാരിറ്റി തുടങ്ങാം. ദശാംശം മാറ്റിവെച്ച് സത്പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ലളിത ജീവിതമുള്ളവർക്ക് ദശാംശം പങ്കിടാനുള്ളമനസ്സുണ്ടാകും. യഥാർത്ഥ ക്രിസ്ത്യാനിയുടെ മാതൃക യേശു ക്രിസ്തുവാണ്. ലളിതമായ ജീവിതത്തിന്റെ മാതൃകയാണ് അത്. കൊട്ടാരത്തിലല്ല ക്രിസ്തു ജനിച്ചത്, കുടിലിലാണ്.

ക്രിസ്തു പശുതൊട്ടിലിൽ ജനിച്ചു. സാധാരണക്കാരോട് ഏകീഭവിച്ചു. അതുപോലെ സഭ സാധാരണക്കാരോട് താദാത്മ്യപ്പെടണം. 'ബൂർഷ്വാ

സഭ' ക്രിസ്തീയമല്ല. 'സ്വർണ്ണ കുരിശും' 'കിരീടങ്ങളും' തെറ്റാണ്. പട്ടിണി പാവങ്ങൾക്കായി അവ വിൽക്കണം. ആർഭാടവും ആഡംഭരവും സഭ യിലും സമൂഹത്തിലും അവസാനിപ്പിക്കണം.

**മിഷന് പണം ആവശ്യമല്ലേ?**

മിഷൻ പ്രവർത്തനത്തിന് പണം ഒരു പ്രശ്നമല്ല. ആളുകളെയാണ് വേണ്ടത്. വിശ്വസ്തരും പ്രതിബദ്ധരുമായ ഒരുകൂട്ടം ആളുകൾ മിഷൻ പ്രവർത്തനത്തിനായി മുന്നോട്ട് വരണം. മിഷൻ ട്രെയിനിങ്ങ് സെന്ററിൽ 12 പേരെ പഠിപ്പിക്കുവാൻ സംവിധാനം ഉണ്ട്. എന്നാൽ ആവശ്യത്തിന് പ്രവർത്തകരെ ലഭിക്കുന്നില്ല.

ഒരു കത്തോലിക്കാ ഭവനത്തിൽ ഞാൻ പോയി. ഏകമകൻ മാത്രം. സെമിനാരിയിൽ പോയിരിക്കുകയാണ്. ഞാൻ ചോദിച്ചു: കുടുംബം നിന്നു പോകത്തില്ലയോ? അവർ പറഞ്ഞു, തിരുമേനി, "ഈശോയുടെ സഭ നിന്നു പോകുമോ"?. അതാണ് കത്തോലിക്കർ. ഒരു കുഞ്ഞേ ഉള്ളെങ്കിലും ദൈവത്തിനു കൊടുക്കും. എല്ലാ മക്കളേയും കൊടുക്കും. ഒരു കുടുംബത്തിൽ നിന്നു എത്രപേരാണ് സഭയുടെ ശുശ്രൂഷകരായി വരുന്നത്. വൈദികരും കന്യാസ്ത്രീകളും മെത്രാന്മാരും എല്ലാം ഉണ്ടാ കുന്നു. പണമല്ല പ്രവർത്തകരാണ് ആവശ്യം.

**ഓർത്തഡോക്സ് സഭയുടെ മിഷൻ ദർശനം എങ്ങനെയാണ്?**

സഭയ്ക്ക് ആരാധനയാണ് പ്രാധാന്യം. മിഷൻ പിന്നീടാണ്. എന്നാൽ ആരാധനയും മിഷനും ഒന്നിച്ചു കൊണ്ടുപോകുവാൻ കഴിയണം. ഓർത്തഡോക്സ് സഭാസമൂഹം മുഴുവനും ഒരു ആരാധനാ സമൂഹത്തി ന്റെ സ്വഭാവമാണ് നിലനിർത്തുന്നത്. എന്നാൽ ഇപ്പോൾ ഇതു മാറിയിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയിൽ 1979ലാണ് ഒരു 'മിഷൻ സൊസൈറ്റി' ഉണ്ടാകുന്നത്. ഞാൻ അതിന്റെ പ്രസിഡന്റാണ്. ഭദ്രാസന ചുമതലവിട്ടെങ്കിലും മിഷൻ ബോർഡിന്റെ ചുമതല വഹിക്കുന്നു. ഭദ്രാസന ഭരണത്തിൽ നിന്നും ഞാൻ വിരമിച്ചു. അതിനാൽ സിന്നഡിലും മാനേജിങ്ങ് കമ്മറ്റിയിലും ഞാൻ അംഗമല്ല. സെമിനാരിയിൽ ഞാൻ പഠിപ്പിക്കുന്നു. മിഷനും സെമിനാരിയും എനിക്കു മതി. എല്ലാം നന്മയ് ക്കാണ്. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് പ്രധാന പങ്കുവഹിക്കുന്നത് വൈദികരാണ്. ഈ രംഗത്ത് വൈദികർ കൂടുതൽ ശുഷ്കാന്തി കാണിക്കണം. മിഷൻ പ്രവർത്തനത്തിന് വൈദികർ പ്രാധാന്യം നൽകണം.

സഭയുടെ ശുശൂഷാരംഗത്തേക്ക് വരുന്ന എല്ലാവർക്കും വൈദികനാകു വാൻ ആഗ്രഹമുണ്ട്. എന്നാൽ മിഷൻ പ്രവർത്തനത്തോട് വിരക്തിയാണ്. സുവിശേഷാലയത്തിലെ നല്ലവണ്ണം പ്രസംഗിക്കുന്നവർ ചെന്നാലും ചില വൈദികർ പള്ളിയിൽ പ്രസംഗിക്കുവാൻ അവസരം കൊടുക്കാറില്ല.

കുപ്പായം ഇട്ടാൽ പ്രസംഗിക്കുവാൻ അവസരം കൊടുക്കും. വൈദികർ 'അത്മായ പ്രേക്ഷിതത്വം' വിശ്വസിക്കുന്നില്ലാ എന്നു തോന്നിപ്പോകും. 1979 മുതൽ ഇവിടെ പഠിച്ച മിഷനറിമാരിൽ 30 ലധികം പേർ ഇപ്പോൾ വൈദികരായി വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. അനവധിപ്പേർ മിഷനറിമാരായിട്ടുണ്ട്. മിഷൻ പഠനത്തിനും പ്രവർത്തനത്തിനും പ്രവർത്തകരുടെ അഭാവം വളരെയാണ്.

## സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം എന്താണ്

ഞാനിപ്പോൾ സോഷ്യലിസത്തെക്കുറിച്ച് വീണ്ടും ചിന്തിക്കുകയാണ്. മൂന്നു തരത്തിലുള്ള സോഷ്യലിസ്റ്റ് ചിന്തകളുണ്ട്. സെക്കുലർ സോഷ്യലിസം, മതപരമായ സോഷ്യലിസം, ക്രിസ്തീയ സോഷ്യലിസം.

സെക്കുലർ സോഷ്യലിസത്തിൽപ്പെടുന്നതാണ് കമ്മ്യൂണിസ്സവും ക്യാപിറ്റലിസവും. ഇവിടെ രണ്ടിടത്തും ദൈവത്തിന് സ്ഥാനമില്ല. എന്നാൽ റിലീജിയസ് സോഷ്യലിസത്തിൽ ദൈവത്തിന് സ്ഥാനമുണ്ട്. ക്രിസ്തീയ സോഷ്യലിസത്തിൽ അർത്ഥമാക്കുന്നത് എല്ലാവരുടെയും ദൈവമായ യേശുക്രിസ്തുവിനെക്കുറിച്ചാണ്. അത് സ്നേഹത്തിന്റെ സോഷ്യലിസമാണ്. ഇതാണ് പുതിയ തലമുറയിൽ എല്ലാവർക്കും വേണ്ടത്. ആഗോളതലത്തിൽ സ്നേഹത്തിന്റെ സാഹോദര്യം വളരണം. സോഷ്യലിസത്തിന്റെ അടിസ്ഥാനം ത്രിത്വത്തിലാണ് ഞാൻ കാണുന്നത്. ഇതിന് അധികാര ശ്രേണിയില്ല (hierarchy). കമ്മ്യൂണിസം വളരെ സെക്കുലറായിപ്പോയി. എന്നാൽ സോഷ്യലിസം സെക്കുലറല്ല. 'ദൈവത്തിന്റെ എല്ലാം ദൈവത്തിന്റെ മക്കൾക്ക് വേണം' എന്ന് പഠിപ്പിക്കുന്നതാണ് സോഷ്യലിസം.

## ഒസ്താത്തിയോസ് തിരുമേനി സോഷ്യലിസ്റ്റോ കമ്മ്യൂണിസ്റ്റോ?

ഞാൻ സോഷ്യലിസ്റ്റാണ്. കമ്മ്യൂണിസ്റ്റല്ല. കമ്മ്യൂണിസം നിരീശ്വരത്വമായതിനാൽ അത് തെറ്റാണ്. കമ്മ്യൂണിസത്തിൽ ഒരു പൊതുവായ പിതാവില്ല (Common father). പിതാവില്ലാതെ, മക്കളില്ല. സഹോദരങ്ങളില്ല. ആഗോള സാഹോദര്യം വരത്തില്ല. കമ്മ്യൂണിസത്തിൽ സാഹോദര്യമില്ല. സഖാക്കളെയുള്ളൂ. ദൈവവിശ്വാസം ഉണ്ടെങ്കിലെ സാഹോദര്യം പൂർണ്ണമാകൂ. ദൈവകൃപയിൽ വളരുമ്പോൾ മാത്രമേ എല്ലാവരെയും സഹോദരന്മാരും സഹോദരിമാരുമായി കരുതുവാൻ കഴിയൂ.

ദൈവമില്ലാത്തവർ മൃഗമാണ്. അത് നിർമ്മനുഷ്യത്വമാണ്. കമ്മ്യൂണിസമാണ്. ക്യാപിറ്റലിസവുമാണ്. ഇവിടെ എങ്ങും മനുഷ്യത്വമില്ല. നിർമ്മനുഷ്യത്വമാണ്. എല്ലാ സ്വാർത്ഥതയും മൃഗീയമാണ്. ഞാനും മക്കളും എന്നത് മൃഗീയമാണ്. ഞാനും അയൽക്കാരും എന്നത് സാഹോദര്യത്തിന്റേതാണ്. ഇത് ദൈവികമാണ്. സാമൂഹിക ശുശ്രൂഷകളും ഇടവക ശുശ്രൂഷകളും നിർവ്വഹിക്കേണ്ടത് ശമ്പളം നോക്കിയോ നിയമം

നോക്കിയോ അല്ല. സ്നേഹം നോക്കിയാകണം. അപ്പോൾ മാത്രമേ ദൈവ സ്നേഹം പങ്കിടുവാൻ സാധിക്കൂ. ദൈവസ്നേഹം പങ്കിടുന്ന ഇടമായിരിക്കണം ഇടവക. അതിരുകളില്ലാത്ത ദൈവ സ്നേഹമായിരിക്കണം പങ്കിടേണ്ടത്. എല്ലാവർക്കും സ്നേഹം പങ്കിടുന്ന വ്യവസ്ഥിതി ഇടവകയിൽ ഉണ്ടാകണം. അത് സമൂഹത്തിലേക്ക് വ്യാപിക്കണം.

**ജീവിതത്തിൽ പഠിപ്പിച്ചതും പഠിച്ചതും എന്താണ്?**

എന്റെ ജീവിതത്തിൽ ഞാൻ പഠിച്ചതും പഠിപ്പിച്ചതും സ്വാർത്ഥത തെറ്റാണെന്നുള്ള പാഠമാണ്. സ്നേഹമാണ് രക്ഷ. പിശാച് സ്വാർത്ഥനും ദൈവം സ്നേഹവുമാണ്.

സ്വാർത്ഥരെല്ലാം പൈശാചികതയുടെതാണ്. സ്നേഹിക്കുന്നവരെല്ലാം ദൈവികരാണ്. സ്നേഹിക്കുന്ന എല്ലാവരും ക്രിസ്ത്യാനികളാണ്. സ്നേഹിക്കുന്ന നിരീശ്വരനും അവിശ്വാസിയും ക്രിസ്ത്യാനിയാണ്. ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി എന്ന് ബൈബിൾ പഠിപ്പിക്കുന്നു. 'കർത്താവ്' പറയുന്നത് 'നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് അറിയപ്പെടും'(യോഹ. 13:35). സ്നേഹത്തിൽ വസിച്ചാൽ ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന് വിളിക്കപ്പെടും. ക്രിസ്തുവിന്റെ ശിഷ്യന്മാരാണ് ക്രിസ്ത്യാനികൾ. ഇവിടെ ദൈവം ജാതിയോ മതമോ ഒന്നും നോക്കുന്നില്ല. മനുഷ്യർ സ്നേഹിക്കുന്നുണ്ടോ? സ്നേഹിച്ചിരുന്നുവോ എന്നു മാത്രമേ അന്ത്യന്യായവിധിയിൽ ചോദിക്കുകയുള്ളൂ. തമ്മിൽ തമ്മിൽ സ്നേഹിക്കുന്ന സമൂഹത്തിൽ എല്ലാവരും ക്രിസ്ത്യാനികളാണ്. ഈ 'ക്രിസ്ത്യാനികൾ' എന്നത് പരിമിതമായ അർത്ഥത്തിലുള്ളതല്ല. ആഗോള സാഹോദര്യത്തിന്റെതാണ്. ജാതീയ വേർതിരുവുകൾക്ക് അപ്പുറമാണ്.

അന്ത്യന്യായവിധിയിൽ വിശ്വാസവും കൂദാശയും ഒന്നും ചോദിക്കത്തില്ല. 'നിങ്ങൾ സ്നേഹിച്ചോ' എന്നു മാത്രം ദൈവം അന്വേഷിക്കും. അന്ത്യന്യായവിധിയിൽ സ്നേഹിക്കുന്നവർ എല്ലാം വലത്തും സ്വാർത്ഥന്മാർ എല്ലാം ഇടത്തും ആയിത്തീരും. 'സ്വാർത്ഥത' ഈ ലോകത്തെ തകർക്കുന്നു. ഇതിനെ അതിജീവിക്കുവാൻ കഴിയുമ്പോഴാണ് മനുഷ്യർ തമ്മിലുള്ള സാഹോദര്യം സംജാതമാകുന്നത്.

**സ്നേഹത്തിന്റെ ആഗോളത എന്താണ്?**

'ക്രിസ്തീയ സ്നേഹത്തിന്റെ ആഗോളത' എന്നെ ആകർഷിച്ചു. അതായത് യേശുക്രിസ്തു 'ക്രിസ്ത്യാനികളുടെ മാത്രം' എന്നു പഠിപ്പിക്കുന്നത് ശരിയല്ല. ഗബ്രിയേൽ മാലാഖ യേശുവിന് നൽകിയ പേര് 'ലോകത്തിന്റെ രക്ഷകൻ' എന്നാണ് (ലൂക്കോ. 1:32). അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകത്തില്ല. ബൈബിൾ ശരിക്ക് പഠിച്ചാൽ നല്ല ശമരിയാക്കാരനായി വന്നത് യേശുവാണ്. നല്ല ശമരിയാക്കാരന്റെ

കഥയിൽ 'ഏതു ജാതിയിലും മതത്തിലും യേശു ഉണ്ടാകണം' എന്നാണ് അർത്ഥമാക്കുന്നത്. ഈ കഥയിൽ ശമര്യാക്കാരൻ വന്നാണ് യഹൂദനെ രക്ഷിക്കുന്നത്. ഞാൻ പഠിപ്പിക്കുന്നത് സ്നേഹത്തിന്റെ ഒരു ആഗോളതയാണ്. ഇതിൽ നിരീശ്വരന്മാർ സ്നേഹിച്ചാലും അവരെ ദൈവം സ്നേഹിക്കും എന്നാണ് ഞാൻ പഠിപ്പിക്കുന്നത്.

സ്നേഹം, വിശുദ്ധി, സ്വാതന്ത്ര്യം എന്നിവ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവം നല്കി. മനുഷ്യനിലെ ദൈവസാദൃശത്തിൽ ഈ സത്ഗുണങ്ങൾ ഉൾക്കൊള്ളുന്നു. ചിലർ നിരീശ്വരന്മാരായിരിക്കുന്നത് ദൈവം കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യം കൊണ്ടാണ്. അവർക്ക് അതിനുള്ള സ്വാതന്ത്ര്യം ഉണ്ട് (വെളി. 3:20). പാപം ചെയ്യുവാനും ചെയ്യാതിരിപ്പാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. മനുഷ്യൻ പാപത്തെ അതിജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

'പാപം ചെയ്യാനുള്ള സാധ്യതയില്ലാതെ മനുഷ്യനെ സൃഷ്ടിക്കാഞ്ഞത് എന്ത്'? ചിലർ ചോദിച്ചേക്കാം. അതിന് അർത്ഥമില്ല. പാപത്തിൽ നിന്നും തിന്മയിൽ നിന്നും വിശുദ്ധിയിലേക്ക് വളരുവാൻ കഴിയണം. സാമൂഹിക നീതി എന്നത് സഭാശാസ്ത്രമാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തുവിന്റെ ഭാവം സഭകൾക്കും ഉണ്ടായിരിക്കണം. യേശു ജനിച്ചതും ജീവിച്ചതും പാവങ്ങളിൽ പാവമായിട്ടാണ് (The poorest of the poor). തല ചായിക്കുവാൻ ഇടമില്ലായിരുന്നു. ഒരു സ്വത്തും കൈവശമില്ലായിരുന്നു. ഇന്ന് സമ്പത്തും സ്വാർത്ഥതയും വർഗ്ഗീയതയും എല്ലാ സഭകളിലും വളരുന്നു. വർഗ്ഗീയത പഴയനിയമത്തിലുണ്ട്. പുതിയ നിയമത്തിൽ 'ദൈവം സ്നേഹമാകുന്നു' എന്നാണ് പഠിപ്പിക്കുന്നത്. ഇത് പഴയ നിയമത്തിലുമില്ല, മറ്റ് മതങ്ങളുടെ പഠിപ്പിക്കലിലും ഇല്ല. അതിനാലാണ് 'സ്നേഹത്തിന്റെ വേദശാസ്ത്രം' ഞാൻ അന്വേഷിക്കുന്നത്. ത്രിത്വം സ്നേഹമാണെന്ന് ഞാൻ പഠിപ്പിക്കുമ്പോൾ അതിൽ പിതാവ് സ്നേഹമാണ്. പുത്രൻ സ്നേഹമാണ്. പരിശുദ്ധ റൂഹായും സ്നേഹമാണ് എന്നർത്ഥം. ഈ സ്നേഹത്തിൽ ഐക്യവും സമത്വവും പങ്കിടീലും ഉണ്ട്. ഇത് ജീവിതത്തിൽ യാഥാർത്ഥ്യമാക്കുവാനുള്ള ഉത്തരവാദിത്വമാണ് 'സ്നേഹത്തിന്റെ ആഗോളതയിൽ' ലക്ഷ്യമിടുന്നത്.

**അടിക്കുറിപ്പുകൾ**

1. നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ, p 180.
2. Ibid p 196

*(15 ഓഗസ്റ്റ് 2010)*

□

# 10

## ഒരു പ്രാർത്ഥനയിൽ...

അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ വാചാ പ്രാർത്ഥനയിൽ ജ്വലിക്കുന്നതും സാമൂഹിക നീതിയാണ്. ഒരു സ്വകാര്യ പ്രാർത്ഥനയുടെ മാതൃകയാണിത്:

"ദൈവമേ, അച്ചനെയും കൊച്ചമ്മയേയും കുഞ്ഞുങ്ങളെയും നിന്റെ സന്നിധിയിൽ ഏല്പിക്കുന്നു. മാതൃകാ കുടുംബമായി ശോഭിക്കുവാനും മറ്റുള്ളവർക്ക് മാതൃകയായിരിപ്പാനും സഹായിക്കണമേ... കുഞ്ഞുങ്ങളെ അവിടുന്ന് ഉദ്ദേശിക്കുന്ന സ്ഥാനത്ത് എത്തിക്കണമേ. എഴുത്തിനുള്ള കഴിവു കൊടുത്തിരിക്കുന്നതിനായി സ്തുതി. ബലഹീനനായ എന്നെക്കുറിച്ച് എഴുതുന്ന ലേഖനങ്ങൾ അനേകർക്ക് പ്രയോജനകരമായി തീരണമേ. മനുഷ്യനെ പൊക്കാതെ നിന്നെ പൊക്കുവാൻ ഞങ്ങളെ സഹായിക്കണമേ. നിന്റെ കൃപയല്ലാതെ മറ്റൊന്നും സ്വന്തമല്ല എന്ന് ഞങ്ങളെ ബോധ്യപ്പെടുത്തണമേ. 'അത് കർത്താവാകുന്നു' എന്നും, 'ദൈവത്തിന്റെ കൃപയാലാകുന്നു' എന്നും പറയുവാൻ ശക്തി നൽകണമേ. നിന്റെ കൃപയല്ലാതെ ഞങ്ങൾക്ക് ഒന്നുമില്ല. ഞാൻ ആകുന്നത് കൃപയാലാകുന്നു എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ ഞങ്ങളും പറയുന്നു.

സഭയ്ക്കുവേണ്ടി ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു. ഇന്നത്തെ സഭ ലോകമയമായി തീർന്നു പോയിരിക്കുന്നു. 'സഭ' സഭയാകുമ്പോൾ സ്നേഹം കാണുമല്ലോ, ത്യഗം കാണുമല്ലോ, കൂദാശകാണുമല്ലോ. ഇപ്പോൾ കൂദാശയുണ്ട്; സ്നേഹവുമില്ല, പ്രവൃത്തിയുമില്ല. അതിനാൽ ആരാധനയല്ലാതെ മിഷൻ എന്ന ഒരു വാക്കുപോലുമില്ലാതെ താണു കിടക്കുകയാണ്. ഭരണഘടനയിൽ മിഷൻ എന്നൊരു വാക്കുണ്ടാക്കുവാൻ പറഞ്ഞിട്ട് ആരും കേൾക്കുന്നില്ല. മാനേജിങ്ങ് കമ്മറ്റിയിൽ പോലും മിഷൻ ബോർഡിന്റെ പ്രസിഡന്റിന് സ്ഥാനമില്ല. സഭ ഇതൊക്കെ മനസ്സിലാക്കുവാൻ സഹായിക്കണമെ.

ഒരു കടലാസ്സിലെ രണ്ട് വശങ്ങൾ പോലെയാണ് മനുഷ്യനെ സ്നേഹിക്കുന്നതും ദൈവത്തെ സ്നേഹിക്കുന്നതും. മനുഷ്യനെ സ്നേഹിക്കുന്നതാണ് മിഷൻ. ആ ബോധ്യം എല്ലാവർക്കും കൊടുക്കേണമേ. ഈ ലോകം മുഴുവൻ നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന സ്വാർത്ഥത മാറികിട്ടുവാൻ സഹായിക്കണമെ. ലോക യുദ്ധം (World War) ഉണ്ടാകുമ്പോൾ ആത്മീയത ഉണ്ടാകും. പ്രതിസന്ധികളിൽ ആത്മീയത വർദ്ധിക്കുന്നു. പിന്നെയും പഴയതുപോലെയാകുന്നു. ഇപ്പോൾ യുദ്ധത്തിന് വേണ്ടി കോടി, കോടി ചെലവാക്കുന്നു. നാല്പത് കോടി ജനങ്ങൾ ഇന്ത്യയിൽ പട്ടിണി കിടക്കുന്നു. ആ പട്ടിണി കിടക്കുന്നവരേക്കുറിച്ച് യാതൊരു ചിന്തയും പ്രധാനമന്ത്രിക്കുമില്ല, മന്ത്രിമാർക്കുമില്ല ആർക്കുമില്ല. രാഷ്ട്രീയ മതനേതാക്കന്മാർക്കുമില്ല. പട്ടിണി മാറ്റുവാനാണ് തിയോളജി. അതാണ് ക്രിസ്ത്യാനിറ്റി. അതാണ് എത്തിക്സ്. സോഷ്യലിസത്തിൽ പട്ടിണിക്ക് സ്ഥാനമില്ല.

റഷ്യൻ കമ്മ്യൂണിസം ഒരുകാലത്ത് സോഷ്യലിസമായിരുന്നു. ഇപ്പോൾ അത് ക്യാപ്പിറ്റലിസമായി. ചൈനീസ് കമ്മ്യൂണിസത്തിൽ ഇപ്പോൾ സ്വാതന്ത്ര്യം ഉണ്ടാകുന്നു. വൺ പാർട്ടി ഗവൺമെന്റ് സോഷ്യലിസ്റ്റാകണമെ. പ്രതിപക്ഷ പാർട്ടികൾ ശക്തമാണെങ്കിൽ മാത്രമേ സ്വാതന്ത്ര്യം ഉണ്ടാകൂ എന്ന ബോധ്യം ജനങ്ങൾക്ക് കൊടുക്കണമെ. ഇന്ത്യയിൽ മാവോയിക്ക് പകരം വന്നത് ഗാന്ധിയാണ്. ഇന്ത്യയിൽ ബലാത്ക്കാരം ചെയ്യുന്ന കമ്മ്യൂണിസം ഇല്ല. പാർലമെന്ററി ജനാധിപത്യം ഉണ്ടെങ്കിലും ഈ നാട് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ കോടീശ്വരന്മാരാണ് എം. പി. മാരും എം. എൽ. എ. മാരും. എല്ലാം മന്ത്രിമാരും അതുതന്നെയാണ്. ഈ ധനവാനാകുവാനുള്ള കൊതി രാഷ്ട്രീയക്കാരിൽ നിന്നും എല്ലാവരിൽ നിന്നും മാറ്റിത്തരണമെ. ധനവാനാകുന്നത് തെറ്റാണെന്നുള്ള ഒരു ബോധ്യം ഞങ്ങൾക്ക് തരണമെ. 'ദരിദ്ര ലോകത്തിൽ ധനവാനായിരിക്കുന്നത് പാപം' എന്ന് എല്ലാവരും പഠിക്കണമെ. ഞാനും പാപിയാണ്. ഞങ്ങൾ എല്ലാവരിലും സ്വാർത്ഥതയുണ്ട്.

സഭയെ സ്വാർത്ഥതയില്ലാത്ത സഭയാക്കണമെ. വൈദികരെ സ്വാർത്ഥതയില്ലാത്ത വൈദികരാക്കണമെ. ബിഷപ്പുമാരെ സ്വാർത്ഥതയില്ലാതെ സ്നേഹമുള്ളവരാക്കി തീർക്കണമെ. പുതിയ ബിഷപ്പുമാർ എല്ലാവർക്കായും പ്രാർത്ഥിക്കുന്നു. വാർദ്ധക്യത്തിലായവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കോട്ടയത്ത് പണിയുന്ന ബാലഗ്രാം പൂർത്തിയാക്കുവാൻ കൃപ നൽകി സഹായിക്കണമെ. തിരുവിഷ്ടമാകുന്നെങ്കിൽ രണ്ടാം വാർഷികമായ ജൂൺ 29 ന് തന്നെ അതിന്റെ കൂദാശ നടത്തുവാൻ കൃപ നൽകണമെ. ആവശ്യമായ കൃപ തന്നുകൊണ്ടിരിക്കുന്നതിനാൽ നിനക്കു സ്തുതി. പതിനഞ്ച് സെന്റ് സ്ഥലം കൂടി വാങ്ങിക്കുവാൻ കൃപ നൽകിയതിൽ നിനക്ക് സ്തുതി. എല്ലാം നിന്റെ കരുണയാണ്. എന്നെ ആവശ്യമായ

രീതിയിൽ ഉപയോഗിക്കണമെ. ഞങ്ങൾക്ക് പിന്നെയും പിന്നെയും കാണുവാൻ ഭാഗ്യം നൽകണമെ. ബലഹീനനായ എന്നെ വീണ്ടും ഉപയോഗിച്ചുകൊള്ളണമെ. ഞങ്ങളുടെ പാപങ്ങളും കുറ്റങ്ങളും ക്ഷമിക്കണമെ. സ്വാർത്ഥത മാറ്റിത്തരണമെ. കൂടുതൽ കൃപയിൽ ജീവിക്കുവാൻ സഹായിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും മഹത്ത്വത്തിനായി തന്നെ. ആമീൻ.

ശുദ്ധമുള്ള പിതാവേ.....

*(9 സെപ്റ്റംബർ 2010)*

□



# ദർശന പഠനങ്ങൾ

# 11

# മനുഷ്യദർശനം

പ്രശസ്തവേദശാസ്ത്രജ്ഞൻ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്തായുടെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള 60 ലധികം ഗ്രന്ഥങ്ങളിലും ആയിരത്തിലധികം ലേഖനങ്ങളിലുമായി തന്റെ മനുഷ്യ ദർശനം അവതരിപ്പിക്കുന്നു.[1]

മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനത്തിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനം അദ്ദേഹത്തിന്റെ രചനകളും പ്രഭാഷണങ്ങളുമാണ്. വിവിധ കാലഘട്ടങ്ങളിൽ ഇവ എഴുതിയെങ്കിലും മനുഷ്യദർശനം എല്ലാ രചനകളിലും സ്ഥായിയായി നിലനിൽക്കുന്നു. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ വേദശാസ്ത്ര ദർശനവും മിഷൻ ദർശനവും വികസിപ്പിക്കുന്നതിന്റെ അന്തർധാര മനുഷ്യനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ്. മനുഷ്യ ദർശനം മാർ ഒസ്താത്തിയോസിന്റെ രചനകളിൽ എങ്ങനെ വെളിപ്പെടുന്നു എന്ന അന്വേഷണമാണ് ഈ പഠനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### 1. മനുഷ്യൻ വേദപുസ്തക ദർശനത്തിൽ

മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. വേദപുസ്തകത്തിൻ ഉല്പത്തി 1:26,27 ലും ഉല്പത്തി 2:7, 21–23 ലും മനുഷ്യസൃഷ്ടിയെക്കുറിച്ച് പ്രതിപാദിക്കുന്നു. സൃഷ്ടി വിവരണത്തിൻ മനുഷ്യന്റെ സവിശേഷതകൾ വിവരിക്കുന്നുണ്ട് : [2]

> 1. മനുഷ്യനെ സൃഷ്ടിക്കുന്നതിൽ ദൈവികമായ ആസൂത്രണം (ഉല്പ 1:26) 2. മനുഷ്യനെ ദൈവം സൃഷ്ടിക്കുന്നു (ഉല്പ 1:27) 3. മനുഷ്യന് മാത്രം ദൈവസ്വരൂപവും സാദൃശ്യവും (ഉല്പ 1:26,27) 4. മനുഷ്യനിൽ ദേഹം (Body), ദേഹി (Soul), ആത്മാവ് (Spirit) (ഉല്പ 2:7) 5. മനുഷ്യൻ സൃഷ്ടിയുടെ മകുടം (ഉല്പ 1:28)

മനുഷ്യന് മാനസികമായി (Mentally) യുക്തിയോടെ ചിന്തിക്കുവാനും ധാർമ്മികമായി (Morally) പൂർണ്ണനീതിയിലും വിശുദ്ധിയിലും വളരുവാനും

സാമൂഹികമായി (Socially) കൂട്ടായ്മയിൽ ജീവിക്കുവാനും കഴിയും[3]. ദൈവിക സാദൃശ്യം മനുഷ്യനിൽ ഭരമേൽപ്പിച്ചിരിക്കുന്നത് ഈ ഉത്തര വാദിത്വം പൂർണ്ണതയിലേക്ക് ഉയർത്തുവാനാണ്. ദൈവസ്വരൂപവും സാദൃ ശ്യവും നിരന്തരം നവീകരിച്ച് ദൈവികതയിലേക്ക് വളരുവാൻ മനുഷ്യന് കഴിയണം. മനുഷ്യനെക്കുറിച്ചുള്ള വിശകലനം സൃഷ്ടിവിവരണത്തിലെ മനുഷ്യന്റെ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് ക്രിസ്തീയ വേദ ശാസ്ത്രത്തിൽ വികസിപ്പിച്ചിട്ടുള്ളത്[4].

## 2. മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനത്തിന്റെ അടിസ്ഥാനങ്ങൾ

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ 'മനുഷ്യദർശനം' രൂപപ്പെടുന്നത് വേദപുസ്തക അടിസ്ഥാനത്തിലാണ്. ആദിമ സഭയിലെ ഗുരുക്കന്മാരുടെ എഴുത്തുകളിലും പഠിപ്പിക്കലുകളിലുമുള്ള (Early teachers of the faith) പാശ്ചാത്യ പൗരസ്ത്യ വേദശാസ്ത്രചിന്തകളും ഇന്ത്യൻ തത്ത്വശാസ്ത്രത്തിലെ ദർശനങ്ങളും അദ്ദേഹത്തിന്റെ മനുഷ്യദർശനത്തെ സ്വാധീനിച്ചിട്ടുണ്ട്[5].

### 1. മനുഷ്യനിലെ ദൈവസാദൃശ്യവും സ്വരൂപവും

ദൈവം മനുഷ്യനെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടി ച്ചു. "നാം നമ്മുടെ സ്വരൂപത്തിൽ (Our image), നമ്മുടെ സാദൃശ്യപ്ര കാരം (Our likeness) മനുഷ്യനെ ഉണ്ടാക്കുക" (ഉല്പ 1:26) എന്നതിൽ ത്രിയേകദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും മനുഷ്യന് ലഭ്യമായി എന്ന് വ്യക്തം. ത്രിയേക ദൈവത്വത്തിന്റെ പ്രത്യേകത കൂട്ടായ്മ, തുല്യ സമത്വം, പങ്കിളിത്തം എന്നിവയാണ്. ഇതുപോലെ മനുഷ്യനിലെ ദൈവ സ്വരൂപം (image of God) സർവ്വ നന്മകളുടെയും പ്രതീകമാണ്. സർവ്വ സത്ഗുണങ്ങളും ഇതിൽ ഉൾപ്പെടുന്നു. ദൈവസാദൃശ്യം (Likeness of God) സർവ്വ നന്മകളിലും ജീവിക്കുവാനുള്ള കഴിവാണ്. അതായത് സത് കർമ്മങ്ങൾ അനുഷ്ഠിക്കുവാനുള്ള സിദ്ധിയാണ്[6].

ഏദനിലെ പാപ വീഴ്ചയിൽ ദൈവസാദൃശ്യം (image) 'വികലമായി' എന്നോ 'വികൃതമായി' എന്നോ പറയാം, എന്നാണ് മാർ ഒസ്താത്തി യോസ് സമർത്ഥിക്കുന്നത്. 'നഷ്ടപ്പെട്ടു' എന്നു പറയുവാൻ കഴിയില്ല[7]. മനുഷ്യനിലെ വരദാനങ്ങളായ സ്വാതന്ത്ര്യം, വിവേചനാശക്തി, നീതി, വിശുദ്ധി, സ്നേഹം തുടങ്ങിയ നന്മകൾക്ക് വീഴ്ചയിൽ ഭംഗം സംഭവി ച്ചു. പാപത്തിന്റെ ഫലമായി വർഗ്ഗീയതയും ചേരിതിരിവും ചൂഷണവും മുതലാളിത്ത മനോഭാവവും ധനവാനും ദരിദ്രനും തമ്മിലുള്ള അകലവും യുദ്ധവും ജാതിവ്യത്യാസവും ഉളവായതായി മാർ ഒസ്താത്തിയോസ് വിശദീകരിക്കുന്നു.[8]

ദൈവസ്വരൂപത്തിന്റെ മേന്മയായി മാർ ഒസ്താത്തിയോസ് വിശദീക രിക്കുന്ന വിശേഷണ പദം 'സ്നേഹമാണ്'. "സ്നേഹം അസാദ്ധ്യമായി

ടത്ത് ദൈവത്തിന്റെ പ്രതിച്ഛായയില്ല" (image) എന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു[9]. ദൈവസ്വരൂപത്തിന്റെ വിവിധങ്ങളായ പ്രത്യേകതകളിൽ ഏറ്റവും പ്രമുഖമായത് സ്നേഹമാണ്. മനുഷ്യനിലെ ദൈവസ്വരൂപം (പ്രതിച്ഛായ) ദൈവത്തോടുള്ള ഏകീഭാവം മാത്രമാണ്. എന്നാൽ പൂർണ്ണ ആളത്ത്വമാകുകയില്ല. ദൈവത്തിന്റെ ആളത്വം മാത്രമാണ് പൂർണ്ണ ആളത്വം. ദൈവസ്വരൂപത്തിൽ (image of God) അന്തർലീനമായ 'സ്നേഹം' മനുഷ്യൻ സഹജീവികൾക്ക് കാരുണ്യ പ്രവൃത്തികൾ വഴി പങ്കിടുമ്പോൾ ദൈവസാദൃശ്യത്തിന്റെ (Likeness of God) പൂർണ്ണതയിലേക്ക് ഉയരുന്നു.

'മനുഷ്യനിലെ ദൈവസാദൃശ്യവും സ്വരൂപവും' എന്ന ദർശനം മാർ ഒസ്താത്തിയോസ് വിശദീകരിക്കുമ്പോൾ സ്നേഹത്തിൽ അധിഷ്ഠിതമായ ദൈവികമായ മാനവരാശി ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. ഇതിനെ 'ത്രിയേകീകരണം' എന്ന് വിശേഷിപ്പിക്കുന്നു[10]. ത്രിത്വത്തിൽ ബഹുത്വവും ഏകത്വവും ഉള്ളതുപോലെ മനുഷ്യനിൽ ആളത്വത്തിന്റെ പ്രത്യേകത നഷ്ടപ്പെടാതെ ഏകത്വവും ബഹുത്വവും സ്നേഹത്തിൽ സംയോജിതമാകണം. ഇതാണ് മനുഷ്യത്വത്തിലെ ത്രിയേകീകരണം. ഇത് വ്യക്തിക്കും സമൂഹത്തിനും പ്രാധാന്യമുള്ള ഒരു നൂതന മാനവികതയാകുന്നു (New humanity). ബഹുത്വത്തിൻ (Plurality) ഏകത്വവും ഏകത്വത്തിൻ (Unity) ബഹുത്വവും ഉൾക്കൊള്ളുന്ന ദർശനമാണ്. ഇതിന്റെ തായ്‌വേര് സ്നേഹമാണ്.

**2. മനുഷ്യത്വത്തിന് മാതൃക യേശുക്രിസ്തു**

ദൈവമനുഷ്യബന്ധം പാപം വഴി വിച്ഛേദിതമായി. മനുഷ്യവീണ്ടെടുപ്പിനായി ദൈവം താണിറങ്ങിവന്നതാണ് മനുഷ്യാവതാരം. യേശുക്രിസ്തുവിൽ മാത്രമേ ദൈവത്തിന്റെ തികവ് മനുഷ്യരൂപത്തിൽ വെളിവായുള്ളൂ (കൊലോ 2:9). മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനത്തിൽ ദൈവപുത്രനായ യേശു ക്രിസ്തുവിനെയാണ് 'മാതൃകയായി സ്വീകരിക്കുന്നത്[11] .

ന്യായാധിപനായ പീലാത്തോസ് 'കണ്ടാലും ആ മനുഷ്യൻ' (Behold the Man) എന്ന് യേശുവിനെ ചൂണ്ടികാണിക്കുന്നു (യോഹ 19:5). യേശുവിനെ ശ്രദ്ധിക്കുക (to watch), കാണുക (to see), നോക്കുക എന്നർത്ഥം. മനുഷ്യവർഗ്ഗത്തിനുവേണ്ടി 'മുൾക്കിരീടവും ചുവന്ന അങ്കിയും ധരിച്ച് പുറത്തു' നിൽക്കുന്ന യേശു മാനവരാശിക്കു മുഴുവൻ മാതൃകയാണ്. യേശു സ്വമനസ്സാലെ മാനവരാശിക്കായി ക്രൂശും കിരീടവും വഹിച്ചു. യേശു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനും ആയിരുന്നതിനാൽ ആത്മപരിത്യാഗം പൂർണ്ണമാക്കി. പൂർണ്ണ മനുഷ്യത്വത്തിലേക്കുള്ള വളർച്ചയ്ക്ക് മാതൃക യേശുക്രിസ്തുവാണ്. അതിനുള്ള ഉപാധി പാപത്തിൽ വീഴാതെയുള്ള സ്വയം ത്യജിക്കലും ക്രൂശുവഹിക്കലുമാണ്.

**3. സ്വാർത്ഥരഹിതനായിത്തീരുന്ന മനുഷ്യൻ**

മനുഷ്യ സൃഷ്ടിയിൽ ദൈവ സ്വരൂപവും സാദൃശ്യവും ഉണ്ട്. വീഴ്ചയുടെ ഫലമായി സ്വാർത്ഥത ശക്തിപ്പെട്ടു. മനുഷ്യനിലെ ദൈവികരണ പ്രക്രിയ തടസ്സപ്പെടുത്തുന്നതാണ് സ്വാർത്ഥത. 'സ്വാർത്ഥത' യിൽ പാപമുണ്ട്. ഇത് സ്നേഹരാഹിത്യമാണ്.

മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ ത്രിഭാഗികത്വം ഉണ്ട് (Trichotomy). മനുഷ്യനിലെ ആത്മാവ് (Spirit) ദേഹിയോടൊപ്പം ആണ്. മനുഷ്യന്റെ സമ്പൂർണ്ണമായ വളർച്ചയെ തടസ്സപ്പെടുത്തുന്നതിൽ പ്രധാനഘടകം സ്വാർത്ഥതയാണ്. ഇത് ദൈവസ്വഭാവത്തിന് എതിരാണ്ത്. 'മൃഗീയത', 'പൈശാചികത', 'സുഖലോലുപത' തുടങ്ങിയ വാക്കുകളിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് 'സ്വാർത്ഥത'യെ വിശദീകരിക്കുന്നു.

മനുഷ്യത്വത്തിന്റെ അടിസ്ഥാന സ്വഭാവം സ്വാർത്ഥരഹിതതയാണ്. മനുഷ്യൻ സ്വാർത്ഥരഹിതനാകുമ്പോൾ (being) സ്നേഹം, നീതി, പങ്കീടീൽ എന്നിവയാൽ മനുഷ്യത്വം പ്രകാശ പൂർണ്ണമാക്കും. ഈശ്വരന് ആയിത്തീരലില്ല. മനുഷ്യൻ 'ആയിത്തീരൽ' ഉണ്ട്. അങ്ങനെ മനുഷ്യനാകുവാൻ സാധിക്കൂ. നന്മയുടെ നിറവിലേക്ക് ആയിതീരുവാൻ മനുഷ്യനു കഴിയണം[12]. സ്വാർത്ഥരഹിതമായ ജീവിത സാക്ഷ്യത്തിൽ മാത്രമേ ഇതു സാധ്യമാകൂ. മനുഷ്യന് ലഭ്യമായ സ്വാതന്ത്ര്യം തിന്മയ്ക്കല്ല, നന്മയ്ക്കായി വിനിയോഗിക്കണം.

പാരസ്പര്യത, പങ്കീടിൽ, കൂട്ടായ്മ, നീതി, സ്നേഹം എന്നിവ മനുഷ്യത്വത്തിൽ ഉൾച്ചേരുമ്പോൾ മനുഷ്യസാഹോദര്യവും കൂട്ടായ്മയും വിശാലമാകുമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. യഥാർത്ഥ മനുഷ്യത്വത്തിന്റെ തകർച്ച സ്വാർത്ഥതയിൽ ആരംഭിക്കുന്നു.

**3. മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനം**

വേദശാസ്ത്രവും സഭാ ശാസ്ത്രപരവുമായ ദർശനങ്ങൾ സ്വാംശീകരിച്ച് മനുഷ്യത്വത്തിന്റെ പ്രായോഗികത നിർണ്ണയിക്കുന്നതിൽ ഡോ. ഗീവറുഗീസ് മാർ ഒസ്തത്തിയോസ് പ്രത്യേകം ശ്രദ്ധിക്കുന്നു. മനുഷ്യ ദർശനങ്ങൾ സിദ്ധാന്തങ്ങളിൽ നിന്നും പ്രയോഗത്തിൽ എത്തിക്കുന്നതിലാണ് പ്രാധാന്യം. മനുഷ്യ ദർശനത്തിൽ അദ്ദേഹം നിർണ്ണയിക്കുന്ന പ്രായോഗികതകൾ ശ്രദ്ധേയമാണ്.

**1. മനുഷ്യസ്വഭാവവും ഗുണവും വർദ്ധിക്കണം.**

മനുഷ്യത്വത്തിലെ ദൈവസ്വഭാവവും ദൈവിക ഗുണങ്ങളും വർദ്ധിപ്പിക്കണമെന്ന് മാർ ഒസ്താത്തിയോസ് പഠിപ്പിക്കുന്നു. മനുഷ്യനിലെ ദൈവസ്വരൂപവും സാദൃശ്യവും അനുദിനം പൂർണ്ണതയിലേക്ക് വളർത്തണം. മനുഷ്യദർശനത്തെക്കുറിച്ച് അദ്ദേഹം അഭിമുഖത്തിൽ പറയുന്നു:

"മനുഷ്യനെ ദൈവീകരിക്കുന്നതിനായിട്ടാണ് ക്രിസ്തുവന്നത്. പരിശുദ്ധാത്മാവിന്റെ അഭിഷേകമാണ് ദൈവീകരണം. ദൈവസ്വ രൂപം (image of God) മനുഷ്യനിൽ ഉള്ളതുതന്നെ ദൈവികരണ മാണ് (ഉല്പ 1:26–27) 'മനുഷ്യന്റെ നിലനിൽപ്പ്' പ്രകൃതിക്കും ദൈവത്തിനും മദ്ധ്യേയാണ് (between nature and God). പ്രകൃ തിയിൽ നിന്നു ശരീരം എടുക്കപ്പെടും. ആത്മാവ് ദൈവത്തിങ്കൽ ചേരും. 'നീ മണ്ണാകുന്നു. മണ്ണിലേക്ക് ചേരും'. ഇത് ഭൗതിക ശരീ രത്തേക്കുറിച്ചാണ് (Physical body). ആത്മീയ ശരീരം ഉണ്ട് (Spiritual body). അതാണ് വ്യക്തിത്വം (Personality). 'ആത്മീയ സാദൃശ്യം' എന്നത് എപ്പോഴും ദൈവവുമായുള്ള കൂട്ടായ്മയാണ് (Fellowship with God). അത് എപ്പോഴും, നിത്യമായി ദൈവവുമാ യുള്ള സംസ്സർഗ്ഗത്തിൽ നിലനിൽക്കുന്നതായിരിക്കും. ഈ കൂട്ടായ്മ (fellowship) മനുഷ്യർക്ക് മാത്രം. ഇത് മൃഗങ്ങൾക്കില്ല. മൃഗങ്ങ ളിൽ ഇല്ലാത്ത അമൂർത്തമായ യുക്തിയാണ് മനുഷ്യനിൽ ശോഭി ക്കുന്ന വിശ്വാസം.

സൃഷ്ടികർമ്മത്തിന്റെ ആദ്യഭാഗത്ത് സമാന്തരമായ ബന്ധ ങ്ങൾക്ക് (horizontal) സാധ്യമാകുന്ന സസ്യ-മൃഗാധികളെ സൃഷ്ടി ക്കുന്നു. എന്നാൽ സൃഷ്ടിയുടെ അന്ത്യത്തിൽ ദൈവബന്ധം സാധ്യമാകുന്ന വിധം മനുഷ്യനെ (Vertical) സൃഷ്ടിച്ചു. അതി നാൽ മനുഷ്യൻ സൃഷ്ടിയിലെ 'രാജ്ഞിയാണ്' (Queen of Creation). ശേത്തിന്റെ കാലത്ത് ദൈവാരാധന ആരംഭിച്ചു (ഉല്പ. 4:26). ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ട് 'ആദാം' എന്ന് പേരിട്ടു. 'ആദാം' എന്നത് മനുഷ്യരാശിയാണ് (humanity). മനുഷ്യവർഗ്ഗ ത്തിന് ആരാധനയുണ്ട്. മൃഗങ്ങൾക്ക് ആരാധനയില്ല. ദൈവസ്വരൂപം (image of God) മനുഷ്യന് ഉള്ളതുകൊണ്ടാണ് ആരാധിക്കു ന്നത്."[13]

മനുഷ്യസ്വഭാവവും ഗുണവും വർദ്ധിക്കുന്നത് ദൈവിക ആരാധനയിൽ കൂടിയാണ്. ദൈവ മനുഷ്യബന്ധം ശക്തിപ്പെടുമ്പോൾ മനുഷ്യത്വത്തിലെ നന്മകൾ പൂർണ്ണതയിലേക്ക് വളർച്ച പ്രാപിക്കും. മനുഷ്യനിലെ നന്മയും ഗുണവും വർദ്ധിപ്പിക്കുക എന്ന ഉത്തരവാദിത്വം മനുഷ്യദർശനത്തിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ഉയർത്തിപ്പിടിക്കുന്നു.

**2. മനുഷ്യശേഷി വികസിപ്പിക്കണം**

മനുഷ്യ ദർശനത്തിൽ മനുഷ്യശേഷി വികസനത്തിന്റെ അനിവാര്യത ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് വിശദീകരിക്കുന്നു:

മനുഷ്യർ 'വിഭവങ്ങൾ' വർദ്ധിപ്പിക്കണം, 'മനുഷ്യശേഷി' വിവിധ തരത്തിൽ വികസിപ്പിക്കണം, മാനവരാശിയുടെ വിഭവങ്ങൾ മുഴു

വനായി വികസിക്കണം. മനുഷ്യശേഷി വികസനം വഴി ലഭ്യമാകുന്നത് ആളത്വ വികസനമാണ്. ഇത് മനുഷ്യനിലുള്ള ദൈവസാദൃശ്യവികസനമാണ്. 'മനുഷ്യത്വത്തിന്റെ പ്രത്യേകത ദൈവസ്വരൂപവും സാദൃശ്യവും' (image and likeness of God) ഉൾക്കൊള്ളുന്നതാണ് മനുഷ്യശേഷി വികസനം വഴി ദൈവികതയിൽ വളരുവാൻ കഴിയണം എന്ന് അനുശാസിക്കുന്നു[14].

മനുഷ്യശേഷി വികസനത്തെ തകർക്കുന്നത് മൃഗീയതയും സ്വാർത്ഥതയുമാണ്. മാർ ഒസ്താത്തിയോസ് വിശദീകരിക്കുന്നു: 'സ്വാർത്ഥതയിൽ അധിഷ്ഠിതമായ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ അനീതിയുള്ള വികസനവും സന്മാർഗ്ഗച്യുതിയും സൃഷ്ടിക്കുന്നു.'[15]

മനുഷ്യശേഷി വികസനത്തിന് എതിരായ പ്രവണതകൾ ശക്തിപ്പെടുന്നതിനെ അദ്ദേഹം ശക്തമായി വിമർശിക്കുന്നു. നീതിരഹിതമായ വികസനമാണ് എല്ലായിടവും. മനുഷ്യത്വത്തിൽ നഷ്ടപ്പെടുന്ന സ്നേഹവും നീതിയും സമഗ്രമായ മനുഷ്യശേഷിയെ വികൃതമാക്കുന്നു. മനുഷ്യശേഷിയേ തടയുന്നത് സുഖലോലുപത, അലസത, മടി, സ്വാർത്ഥത എന്നിവയാണ്. മനുഷ്യശേഷി വികസനത്തിന് അത്യുത്സാഹം, ആത്മാർത്ഥത, ത്യാഗം, സത്യസന്ധത എന്നിവ എപ്പോഴും എല്ലാവരിലും വളർന്നുവരണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

**3. സമഗ്രമായ മനുഷ്യത്വം വളരണം**

'മനുഷ്യനാകുക' എന്നാൽ മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കു വളരുക എന്നാണ്. അതായത് പൂർണ്ണ മനുഷ്യത്വമാണ് ഉൾക്കൊള്ളേണ്ടത്. ഇത് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ലൂക്കോ 2: 40, 52 വാക്യങ്ങൾ ഉദ്ധരിച്ച് വളർച്ചയുടെ പടവുകൾ അവതരിപ്പിക്കുന്നു[16]. ശാരീരികവും (Physical Growth) ബൗദ്ധികവും (Intellectual Growth) ദൈവികവും (gracial growth) ദൈവമനുഷ്യ കൃപയിലും (Divine - Human Unity) മനുഷ്യൻ വളരണമെന്ന് നിർദ്ദേശിക്കുന്നു. അദ്ദേഹം പറയുന്നു:

> 'ദൈവത്തിന്റെയും മനുഷ്യരുടെയും കൃപ ക്രിസ്തുവിൻ മുതിർന്നുവന്നു. നമ്മിൽ തളർന്നു വരുന്നു. ദൈവസാദൃശ്യം നമ്മിൽ വികസിക്കുമ്പോൾ മനുഷ്യബന്ധങ്ങളും വികസിക്കും. ലംബമായും (Vertical), സമാന്തരമായുമുള്ള (Horizondal) വികസനമാണിത്.'[17]

'സമഗ്രമായ മനുഷ്യത്വം' എന്നതിൽ ദൈവികവും സാമൂഹികവുമായി മനുഷ്യത്വം വികസിക്കണമെന്ന് പഠിപ്പിക്കുന്നു.

**4. മനുഷ്യത്തിലെ സാമൂഹിക ഉത്തരവാദിത്വം നിർവ്വഹിക്കണം**

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനത്തിന്റെ പ്രധാന ദർശനമാണ് 'മനുഷ്യേത്വത്തിലെ സാമൂഹികത'. അതായത് സാമൂഹിക ഉത്തരവാദിത്വങ്ങൾ നീതിപൂർവ്വം നിർവ്വഹിക്കുവാൻ മനുഷ്യന് കഴിയണം. മനുഷ്യത്വത്തിലെ സാമൂഹിക ഉത്തരവാദിത്വം

സ്നേഹത്തിലധിഷ്ഠിതമാണ്. മാർ ഒസ്താത്തിയോസ് പറയുന്നു:

"മനുഷ്യത്വം മനുഷ്യർക്ക് നഷ്ടപ്പെടുന്നു. മനുഷ്യർ മൃഗമായി തീരുന്നു. മനുഷ്യൻ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നത് ജീവശാസ്ത്രപരമായാണ് (biological). മനുഷ്യൻ വേദശാസ്ത്രപരമാകുമ്പോൾ (Theological) അയൽക്കാരന്റെ കുഞ്ഞിനേയും സ്നേഹിക്കണം. മൃഗങ്ങൾ അയൽക്കാരനേ സ്നേഹിക്കുന്നില്ല കുഞ്ഞുങ്ങളേ മാത്രം സ്നേഹിക്കുന്നു. മനുഷ്യകുഞ്ഞിനെ മാത്രം സ്നേഹിച്ചാൽ സമാധാനം ലഭിക്കത്തില്ല. അയൽക്കാരനേയും സ്നേഹിക്കണം. മനുഷ്യൻ സാമൂഹികനാകുമ്പോൾ (Sociological) മാനവരാശിയെ മുഴുവൻ സ്നേഹിക്കും. മനുഷ്യനിലെ സാമൂഹിക ഉത്തരവാദിത്വം ഇവിടെ വർദ്ധിക്കുകയാണ്. വിശാലമായ കാഴ്ചപ്പാടുകളും നടപടികളും പ്രവർത്തനങ്ങളിൽ ഉണ്ടാകണം. മനുഷ്യൻ സ്വയം ചുരുങ്ങാതെ സാമൂഹികമായി വളരണം. മനുഷ്യനിലെ ദൈവത്വം ശക്തിപ്പെടുമ്പോൾ മാത്രമേ സാമൂഹികമായി ജീവിക്കുവാൻ കഴിയൂ"[18].

വ്യക്തിയും സമൂഹവും പരസ്പരം ഇണങ്ങിപ്പോകുന്ന ഒരു വ്യവസ്ഥിതിയാണ് സാമൂഹിക നീതിയിൽ അദ്ദേഹം വിഭാവനം ചെയ്യുന്നത്.[19] ഇന്നത്തെ പുതുപുത്തൻ മാധ്യമങ്ങളും (New media) നൂതനവിവര സാങ്കേതികതയും (New Information technology) മനുഷ്യനെ സാമൂഹിക ബന്ധങ്ങളിൽ നിന്നും അകറ്റുന്നു. ഇവ ഏകാന്തതയും സ്വകാര്യതയും മൃഗീയതയും വർദ്ധിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കുന്നു. അതിനാൽ പുതുതലമുറ സാമൂഹിക ഉത്തരവാദിത്വങ്ങൾ വിസ്മരിക്കുന്നു.

**5. മനുഷ്യത്തിൽ ദൈവികത ശക്തിപ്പെടണം**

മനുഷ്യത്വത്തിലെ 'ദൈവികത നഷ്ടപ്പെടുന്നു' എന്ന് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പഠിപ്പിക്കുന്നില്ല. വീഴ്ചയിലും ഇപ്പോഴും ദൈവസ്വരൂപം വികലമായി (defaced) എന്നൊ 'വികൃതമായി' എന്നോ പറയാം. പൂർണ്ണമായും നഷ്ടപ്പെട്ടു എന്നു പറയുവാൻ കഴിയുകയില്ല. ദൈവസ്വരൂപം നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗമാകും. "ദൈവസ്വരൂപം അല്പമെങ്കിലും ഉള്ളതിനാലാണ് വീണ്ടെടുപ്പും അനുതാപവും സാധ്യമാകുന്നതും പുതിയ സൃഷ്ടിയാകുന്നതും"[20] മനുഷ്യത്വത്തിലെ ദൈവികത ശക്തിപ്പെടുത്തുവാൻ കഴിയണം എന്ന ആഹ്വാനം എല്ലാ രചനകളിലും ഉണ്ട്. മാനവരാശി മുഴുവനും ഒരു കുടുംബമായി തീരണം. [21]

മനുഷ്യത്വം വികലമാകുന്ന പ്രവണതയെ ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് 'നിർമ്മനുഷ്യത്വം' എന്ന പദം വിശകലനം ചെയ്തു അവതരിപ്പിക്കുന്നു. 'നിർമ്മനുഷ്യൻ' എന്ന വാക്ക് നിഘണ്ടുവിൽ ഇല്ല.

മനുഷ്യനെ മനുഷ്യനായി കാണാത്തതാണ് നിർമ്മനുഷ്യത്വം (ahumanity)[22]. മനുഷ്യത്വം നഷ്ടപ്പെടുന്നതാണ് നിർമ്മനുഷ്യത്വം. നിർമ്മ നുഷൻ (ahuman) എന്നാൽ മനുഷ്യനിലെ മനുഷ്യത്വം വികൃതമാക്കി തീർക്കുന്നതാണ്. 'നിർ' എന്ന സംസ്കൃത പദത്തിന് നഷ്ടപ്പെട്ടുപോ കുന്നത്, ചോർന്നുപോകുന്നത് എന്നർത്ഥം. 'നിർമ്മനുഷ്യൻ' എന്നാൽ മനുഷ്യത്വം നഷ്ടപ്പെടുന്നത്. മനുഷ്യത്വം ചോർന്നു പോകുന്നത് എന്നർത്ഥം. ഇവിടെ മനുഷ്യത്വം പൂർണ്ണമായി നഷ്ടപ്പെടുന്നില്ല. വികല മാകുകയാണ്. മനുഷ്യനിൽ എപ്പോഴും കുറച്ച് മനുഷ്യത്വമെങ്കിലും നില നിൽക്കും. അനുതാപത്തിനും ആരാധനയ്ക്കും മനുഷ്യനെ സന്നദ്ധമാ ക്കുന്നത് മനുഷ്യത്വം അല്പമെങ്കിലും ഉള്ളതിനാലാണ്.

മനുഷ്യനിലെ മനുഷ്യത്വം ദൈവികതയിലേയ്ക്കുള്ള വളർച്ച സാധ്യ മാക്കുന്നതാണ്. എന്നാൽ മനുഷ്യത്വം വികൃതമാക്കുന്ന ആർഭാടത്തി ന്റെയും വിവേചനത്തിന്റെയും സ്വഭാവങ്ങൾ മനുഷ്യത്വത്തിൽ ശക്തിപ്പെ ടുന്നതിനെ അദ്ദേഹം വിമർശിക്കുന്നു.

### 4. മനുഷ്യ ദർശനത്തിന്റെ പ്രസക്തി

ആഗോളവൽക്കരണവും മാധ്യമ സംസ്കാരവും സൃഷ്ടിക്കുന്ന പുത്തൻ സാമൂഹിക പശ്ചാത്തലത്തിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താ ത്തിയോസിന്റെ മനുഷ്യദർശനത്തിന് സാമൂഹിക പ്രസക്തി വളരെയാ ണ്. മനുഷ്യനിലെ ദൈവികതയും സാമൂഹികതയും വികൃതമാക്കുന്ന സാഹചര്യങ്ങളാണ് ഇന്ന് ശക്തിപ്പെടുന്നത്. ആദ്ധ്യാത്മിക നവീകരണവും ആരാധനയും, കൺവൻഷനും ടെലിവിഷൻ സുവിശേഷ പ്രസംഗങ്ങളും വളരെയാണെങ്കിലും മനുഷ്യത്വം വികൃതമാക്കി മനുഷ്യർ തമ്മിലുള്ള ശത്രുതയും വർഗീയതയും വിഭാഗിയതയും വർദ്ധിപ്പിക്കുകയാണ്. സ്ത്രീ-പുരുഷ അധികാര ഭേദങ്ങളും ദലിത്, ആദിവാസി പീഡനങ്ങളും ശക്തിപ്പെടുത്തുന്ന സമൂഹത്തിൽ മനുഷ്യത്വം യഥാർത്ഥമായും മരവി ക്കുന്നില്ലെ?

മനുഷ്യദർശനത്തെക്കുറിച്ച് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് അഭിമുഖത്തിൽ പറയുന്നു:

> "മനുഷ്യന് ഒരു സാമൂഹിക ദർശനം അനിവാര്യമാണ് (Social Vision). മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് സാമൂഹിക വീക്ഷ ണത്തിലാണ്. അത് നഷ്ടപ്പെടുന്നതാണ് മുതലാളിത്തം (Capitalism). ഏദൻ തോട്ടത്തിലെ വീഴ്ചയോടുകൂടി മനുഷ്യൻ മൃഗീയ സ്വഭാവത്തിലേക്ക് വീണു. പാപത്തിന്റെ ആധിക്യം വർദ്ധിക്കുന്ന തുവഴി മനുഷ്യനിൽ മുതലാളിത്ത സ്വഭാവം ശക്തിപ്പെടുന്നു. സാമൂ ഹിക പ്രതിബദ്ധത നഷ്ടമാകുന്നു. എല്ലാ തിന്മകൾക്കും അടിമ യായിതീരുന്നു. മനുഷ്യൻ ജീവിക്കുന്നത് സാമൂഹിക ഉത്തരവാദി ത്വത്തോടു കൂടിയാകണം. പ്രകൃതിയോടും സമൂഹത്തോടും ദൈവ

ത്തോടുമുള്ള കാര്യവിചാരക ബോധത്തോടെയുള്ള ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടണം. എന്റെ കാഴ്ചപ്പാടിൽ മനുഷ്യൻ ദൈവിക തയിലേയ്ക്ക് വളരുമ്പോൾ മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്ക് ഉയരും. മനുഷ്യൻ ദൈവത്തിൽനിന്നു അകലുന്നതിനാൽ നിർമ്മ നുഷ്യൻ ആയിത്തീരുന്നു. ഇവിടെ മനുഷ്യത്വം നഷ്ടപ്പെടുത്തുക യാണ്.

എന്റെ മനുഷ്യ ദർശനത്തിൽ 'സാമൂഹിക ദർശനവും' 'പ്രകൃ തി ദർശനവും' ആഴമായി സമന്വയിച്ചിരിക്കുന്നു. ഇതു രണ്ടും ഉണ്ടെ ങ്കിലെ മനുഷ്യൻ മനുഷ്യനാകുകയുള്ളു. മനുഷ്യൻ പരസ്പരം സ്നേഹിക്കണം. ആദരിക്കണം. 'മനുഷ്യനെ പൂർണ്ണ മനുഷ്യത്വ ത്തിലേക്ക് ഉയർത്തുക' എന്ന ഉത്തരവാദിത്വം സഭകൾക്ക് ഉണ്ട്. മനുഷ്യനിലെ ദൈവിക സ്വഭാവത്തിന്റെ വികസനവും വളർച്ചയു മാണ് യഥാർത്ഥ മനുഷ്യത്വത്തിൽ ഉൾക്കൊള്ളുന്നത്."[23] ഇത് സ്നേഹമാണ്. ശത്രുക്കളെയും സ്നേഹിക്കണം. ശത്രുക്കളെ സ്നേഹിക്കുന്ന നിരീശ്വരന്മാരെയും ദൈവം സ്നേഹിക്കുന്നു.

### 5. ഉപസംഹാരം

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ 'മനുഷ്യദർശനത്തിൽ ജനകീയ സ്വഭാവവും ലളിത ജീവിത ക്രമവും ആഴമായിട്ടുണ്ട്. മനുഷ്യ ദർശനത്തിൽ അവതരിപ്പിക്കുന്ന സിദ്ധാന്തം (Theory) ജീവിതത്തിൽ പ്രായോഗികമാക്കി (Praxis) തീർക്കുന്നതിൽ അതീവശ്രദ്ധ പുലർത്തു ന്നു. ജീവിത ദർശനങ്ങൾ 93 വയസ്സിൽ അവതരിപ്പിക്കുമ്പോൾ ജാതി-വർഗ്ഗഭേദങ്ങൾക്ക് അപ്പുറത്തുള്ള കാഴ്ചപ്പാടാണുള്ളത്. എല്ലാ മനുഷ്യരും ദൈവികതയിലേക്ക് വളരണം പരസ്പരം സ്നേഹിക്കണം. വിഭവങ്ങളും കഴിവുകളും പങ്കിടണം. സാമൂഹിക ഉത്തരവാദിത്വങ്ങൾ നീതിപൂർവ്വം നിർവ്വഹിക്കണം' എന്ന് പഠിപ്പിക്കുന്നു. ഇതിൽ മതാതീതമായ മനുഷ്യ ശേഷി വികസനവും സാമൂഹിക പരിവർത്തനവും അഭിവൃദ്ധിയും ലക്ഷ്യ മിടുന്നു. മനുഷ്യനിലെ നന്മയുടെ നിറവിലേക്കുള്ള വളർച്ചയാണ് ആത്യ ന്തികമായി ഉണ്ടാകേണ്ടത്. ഇത് പ്രകൃതിയോടും സമൂഹത്തോടുമുള്ള ക്രിയാത്മകവും നീതിപൂർവ്വവുമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതി ന്റെതാണ്.

മനുഷ്യനിൽ ദൈവസ്വരൂപവും സാദൃശ്യവും ഉണ്ടെങ്കിലും മനുഷ്യൻ മൃഗീയ സ്വഭാവത്തിലേക്കും മാഫിയ സംസ്കാരത്തിലേക്കും വീഴുന്നു. സത്യവും നീതിയും ധർമ്മവും പരിപാലിക്കപ്പെടുന്ന മനുഷ്യത്വം വിസ്മ രിക്കപ്പെടുന്നു. സാമ്പത്തിക നീതിയും സമത്വവും സ്വാതന്ത്ര്യവും പങ്കീ ടിലുമുള്ള ഒരു വ്യവസ്ഥിതിയാണ് മനുഷ്യദർശനത്തിൽ വികസിപ്പി ച്ചിട്ടുള്ളത്. ഇവയെ ബലപ്പെടുത്തുന്ന ഘടകം മനുഷ്യനിലെ 'ദൈവിക മായ സ്നേഹമാണ്'. ഈ ദൈവികമായ സ്നേഹം മനുഷ്യബന്ധങ്ങ

ളിലെ എല്ലാ വേർകൃത്യങ്ങളെയും ശിഥിലമാക്കും. സ്വാർത്ഥത സ്നേഹത്തിന്റെ ശത്രുവാണെന്ന് മാർ ഒസ്താത്തിയോസ് വിശ്വസിക്കുന്നു.[24] മനുഷ്യർ സ്വാർത്ഥതവിട്ട് ദൈവത്തോടും പ്രകൃതിയോടും സമൂഹത്തോടും നീതിപൂർവ്വം ദൈവികസ്നേഹത്തിൻ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണം. അപ്പോൾ ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമാകും.

### അടിക്കുറിപ്പുകൾ

1. മനുഷ്യദർശനം വിശകലനം ചെയ്യുന്ന പ്രമുഖമായ ഗ്രന്ഥങ്ങൾ വർഗ്ഗരഹിത സമൂഹം (1979:1990) നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം (1981), ഇതോ മനുഷ്യശേഷി വികസനം(1991), മാഫിയ, സോഫിയ, ഗ്ലോറിയ (1993), മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ (1995) ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം (1983:2008) തുടങ്ങിയവയാണ്.
2. Karl Rahner (ed), Sacramentum mundi An Encyclopedia of Theology, Burns & Oates, London, 1969, pp.361-363; cf. Vladimir, Lossky; In the Image and Likeness of God, St. Vladimirs Seminary Press, New York, 1974.
3. http//www.gotquestions.org/image-of-god.html
4. Joseph A Komonchak et al (eds), The New Dictionary of Theology, Michael Glazier, USA, pp27-28.
   cf Sinclair B Ferguson et al (eds,) New Dictionary of Theology, Inter-Varsity, USA, pp 3-4.
5. പൗരസ്ത്യ-പാശ്ചാത്യ ദർശനങ്ങളും മാർക്സിയൻ കാഴ്ച്ചപ്പാടുകളും സ്വാധീനിച്ചിട്ടുണ്ടെങ്കിലും മനുഷ്യദർശനം മാർ ഒസ്താത്തിയോസ് വികസിപ്പിച്ചത് വേദപുസ്തക അടിസ്ഥാനത്തിലാണ്.
6. വർഗ്ഗരഹിത സമൂഹം, 1990, പേജ് 26–30
7. വീഴ്ചയിൽ ദ്രവത്വവും മരണവും എല്ലാവരിലും ഉണ്ടായി. എന്നാൽ മനുഷ്യസ്വഭാവത്തിൽ പാപം ഒരു ഘടകമായി തീർന്നു എന്ന് പൗരസ്ത്യ പാരമ്പര്യം പഠിപ്പിക്കുന്നില്ല.
8. മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, പേജ് 23
9. Ibid
10. Ibid
11. Ibid, P. 24; cf. Talks to Modern Youth, Malaysia, 1972, pp 6-7
12. മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, പേജ് 27–28
13. ലേഖകനുമായുള്ള അഭിമുഖം 10.10.2010
14. ഇതോ മനുഷ്യശേഷി വികസനം, v-vi
15. Ibid
16. Ibid, p.50
17. Ibid, p.52
18. ലേഖകനുമായുള്ള അഭിമുഖം : 10.10.10
19. ചിന്തകൾ സ്വപ്നങ്ങൾ, 1995, പേജ് 11
20. മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, പേജ് 23
21. Ibid, p.32
22. നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം, പേജ് 5
23. ലേഖകനുമായുള്ള അഭിമുഖം: 10.10.10
24. ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം, 2008, പേജ് 8

*(4 ഒക്ടോബർ 2010)*

□

# 12

# സാമ്പത്തിക മാന്ദ്യത്തിന്റെ വഴികൾ

'അമേരിക്കൻ മുതലാളിത്ത സമ്പദ് വ്യവസ്ഥ തകരുമെന്ന് നിർഭയം പ്രവചിച്ച സാമൂഹിക ശാസ്ത്രജ്ഞനാണ് ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത[1]. മുതലാളിത്ത വ്യവസ്ഥിതി ആഗോള സാമ്പത്തിക രംഗത്ത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്ത് പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അമേരിക്കയിലെ ന്യൂജഴ്സിയിൽ ഡ്രൂ (Drew) സർവ്വകലാശാലയിൽ വേദശാസ്ത്രഗവേഷണം നടത്തിയ കാലം (1948 –51) മുതൽ മുതലാളിത്ത വ്യവസ്ഥിതിയുടെ തകർച്ചയെക്കുറിച്ച് വിവിധങ്ങളായ പ്രസ്താവനകൾ നടത്തി.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 60 ലധികം ഗ്രന്ഥങ്ങളിലും വിവിധങ്ങളായ പ്രഭാഷണങ്ങളിലും അമേരിക്കൻ മുതലാളിത്തത്തിന്റെ തകർച്ചയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. അറുപതു വർഷങ്ങൾക്ക് മുമ്പ് (1948) ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത പ്രവചിച്ച 'അമേരിക്കയുടെ സാമ്പത്തിക തകർച്ച' 2008 ഓടെ യാഥാർത്ഥ്യമായി. 'ആഗോളസാമ്പത്തികമാന്ദ്യം' എന്ന പ്രതിഭാസത്തിന്റെ കെണിയിൽ അമേരിക്കൻ സാമ്പത്തിക ക്രമം തകർന്നു![2]. അമേരിക്കൻ മുതലാളിത്തത്തിന് തിരിച്ചടിയായത് 'ആഗോളസാമ്പത്തിക മാന്ദ്യ'മാണ്. ആഗോളവൽക്കരണം (Globalization), സ്വതന്ത്ര വിപണി (Free market), ഭീകരതയ്ക്ക് എതിരെയുള്ള യുദ്ധം (War on Terrorism) എന്നിവ വിവിധതരത്തിൽ സാമ്പത്തിക മാന്ദ്യത്തിന് വഴിയൊരുക്കി.

### 1. മുതലാളിത്തത്തിന്റെ തകർച്ച

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കൺവൻഷൻ രംഗത്ത് പ്രവേശിക്കുന്നത് 1951 ലാണ്. ആദ്യവേദി കോട്ടയം നിലയ്ക്കൽ കൺവൻഷനായിരുന്നു. 'ക്രിസ്തുവിനെ വേണമോ, ബറബ്ബാസിനെ വേണമോ' എന്നതായിരുന്നു മുഖ്യവിഷയം. 1953 ലെ

മാക്കാംകുന്ന് കൺവൻഷനിൽ നടത്തിയ പ്രഭാഷണ വിഷയം 'തർസ്സീസ് യാത്ര അവസാനിപ്പിക്കുമോ' എന്ന ചോദ്യമാണ്[3]. ഇവിടെ 'ബറബ്ബാസും' 'തർസ്സിസ്സും' എല്ലാം ഭൗതികതയുടെ പ്രതീകമാണ്. അമേരിക്കൻ സംസ്കാരത്തിൽ ശക്തിപ്പെടുന്ന മനുഷത്വരാഹിത്യവും ആർഭാട ജീവിതവും സ്വാർത്ഥതയും ശക്തമായ ഭാഷയിൽ സംവേദിക്കുന്നതിന് സ്വീകരിച്ച പ്രതീകങ്ങളാണ് 'ബർബ്ബാസും' 'തർസ്സീസ്സും'. പിന്നീട് എഴുതിയ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും ഈ ആശയം വിവിധതരത്തിൽ ശക്തിപ്പെട്ടു. സുഖം, സൗഖ്യം, ആഹ്ലാദം എന്നിവ പകരുന്ന ആഗോളവൽക്കരണവും, പുത്തൻ സാങ്കേതികതയും മാധ്യമ സംസ്കാരവും 'ബറബ്ബാസിന്റെയും തർസ്സീസിന്റെയും' പുനരവതാരങ്ങളായി.

'ലോകം ഒരു പ്രതിസന്ധിയിൽക്കൂടി കടന്നുപോകുകയാണ്. അമേരിക്കപോലും സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയും മൂലം വിഷമിക്കുന്നു' എന്നും "ഇന്നത്തെ അമേരിക്ക നാശത്തിന്റെ വക്കിലാണ്. അവിടെ ബൈബിളിന് സ്ഥാനമില്ല. ദൈവഭക്തിക്കു സ്ഥാനമില്ല. ധാർമ്മികതയ്ക്കു സ്ഥാനമില്ല... പാശ്ചാത്യ സംസ്കാരം ക്രിസ്തേതരമായിക്കഴിഞ്ഞു. അവർ ദൈവത്തിങ്കലേക്കു തിരിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു"[4] എന്നും ശക്തമായ ഭാഷയിൽ ആഹ്വാനം ചെയ്യുവാനുള്ള ധൈര്യമാണ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രകടമാക്കിയത്. 'ആഗോളവൽക്കരണവും ഉദാരവൽക്കരണവും പുതിയ സാമ്പത്തിക പദ്ധതിയുമൊക്കെ വരുന്നു. എന്നാൽ പാവങ്ങൾ ഇവിടെ പട്ടിണി കിടന്ന് മരിക്കുന്നു'[5]. അദ്ദേഹത്തെ പ്രകോപിപ്പിക്കുന്ന അടിസ്ഥാന പ്രശ്നമാണിത്.

സമ്പത്തിന്റെയും സുഖലോലുപതയുടെയും അതിധാരാളിത്തം അമേരിക്കൻ മുതലാളിത്തത്തിൽ ശക്തിപ്പെടുമ്പോൾ അമേരിക്കയിൽ തന്നെ നിരവധിപേർ നിത്യ ദാരിദ്ര്യത്തിൽ അകപ്പെട്ടിരിക്കുന്ന വൈരുദ്ധ്യം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വെളിപ്പെടുത്തുന്നു. അമേരിക്കയിൽ താമസിച്ച് പഠിക്കുകയും വിവിധകാലങ്ങളിലായി നിരവധി പ്രാവശ്യം അമേരിക്ക സന്ദർശിക്കുകയും ചെയ്ത അദ്ദേഹം അമേരിക്കയിലെ അധാർമ്മികതയേയും സദാചാര തകർച്ചയേയും ധീരമായി വിമർശിക്കുന്നു.

### 2. നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം

അമേരിക്കൻ ജനതയുടെ സ്വാർത്ഥതയും സുഖലോലുപതയും തിരിച്ചെറിഞ്ഞ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത അവരെ 'നിർമ്മനുഷ്യർ' എന്നാണ് വിശേഷിപ്പിക്കുന്നത്. 'നിർമ്മനുഷ്യത്വം' എന്നാൽ മനുഷ്യത്വം നഷ്ടപ്പെടുന്നത് എന്നർത്ഥം. മനുഷ്യനെ മനുഷ്യനായി കാണുവാൻ കഴിയാത്തതാണ് നിർമ്മനുഷ്യത്വം. 'നിർമനുഷ്യൻ' ഭൗതികതയ്ക്കും മുതലാളിത്തത്തിനും പ്രാധാന്യം നൽ

കുന്നു. സുഖം, സ്വാർത്ഥത, ആർഭാടം, സ്വത്ത് എന്നിവയിൽ അധിഷ്ഠിതമായ കാര്യവിചാരകത്വം നിലനിർത്തുന്നു. ഇത് പ്രായോഗിക നിരീശ്വരത്വം തന്നെയാണെന്ന് ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത പ്രഖ്യാപിക്കുന്നു[6]. 'നിർമനുഷ്യത്വപരമായ മുതലാളിത്തത്തെക്കുറിച്ച്[7] അദ്ദേഹം എപ്പോഴും രചനകളിലും പ്രഭാഷണങ്ങളിലും കോപാകുലനാകുന്നുണ്ട്. സത്യവും നീതിയും ഇല്ലാത്ത മനുഷ്യസമൂഹത്തെ നിർമനുഷ്യത്വത്തിൽ അവതരിപ്പിക്കുന്നു. 'നിർമ്മനുഷ്യരായി വിരാജിക്കുന്നവരാണ് മുതലാളി വർഗ്ഗം[8] എന്ന് അസന്ദിഗ്ദ്ധമായി അദ്ദേഹം പറയുന്നു. "നിർമനുഷ്യത്വപരമായ മുതലാളിത്തം" എന്ന ശൈലി എഴുത്തുകളിലുണ്ട്. സമ്പത്ത് പങ്കിടാത്ത, സാഹോദര്യ ദർശനമില്ലാത്ത, ആഡംബരപൂർണ്ണമായ ജീവിതം എന്ന് വ്യാഖ്യാനം[9]. ഇപ്പോൾ പ്രബലപ്പെട്ട ആഗോള സാമ്പത്തിക മാന്ദ്യം അമേരിക്കൻ ജനതയുടെ നിർമ്മനുഷ്യത്വത്തിന്റെ പ്രത്യാഘാതമാണ്. നീതിപൂർവ്വം സമ്പത്ത് പങ്കിടാതെ അനീതിയിലൂടെ സ്വത്ത് കീഴടക്കുന്ന സാമൂഹിക ഘടനകളേയും സമീപനങ്ങളേയും 1979 മുതൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കഠിനമായ വാക്കുകളിൽ വിമർശിച്ചിട്ടുണ്ട്! 'ദരിദ്രലോകത്ത് സമ്പന്നരായിരിക്കുന്നതിന്റെ കുറ്റബോധമെങ്കിലും ഉണ്ടാകേണ്ടതല്ലേ'[10] എന്ന് അദ്ദേഹം ചോദിക്കുന്നു.

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത മുതലാളിത്തത്തിന്റെ കപട മുഖം പൊളിച്ചെഴുതിയത് 'വർഗ്ഗരഹിത സമൂഹം' (Theology of Classless Society), 'ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം' (The Sin of being Rich in a Poor World) എന്നീ കൃതികളിലാണ്. 'ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം' എന്ന സിദ്ധാന്തം ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് 1983ൽ ആവിഷ്ക്കരിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം സാമൂഹിക വിപത്തും പാപവുമാണെന്ന് ഈ പഠനത്തിൽ തെളിയിക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽ സമ്പത്ത് നീതിപൂർവ്വം പങ്കിടാതെ കൈയ്യടക്കുന്നതും ശാസ്ത്രനേട്ടങ്ങൾ കുത്തകയാക്കുന്നതും (patent) ഏകാവകാശമാക്കുന്നതും സ്വാർത്ഥതയുടെയും സാമൂഹിക പ്രതിബദ്ധതയില്ലായ്മയുടേയും ലക്ഷണമാണ്.

'ലോകം മുഴുവൻ ദൈവത്തിന്റേതാണ്. അത് മക്കളായ മനുഷ്യർക്ക് എല്ലാം അവകാശപ്പെട്ടതാണ്. സ്വന്തം സഹോദരങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ സമ്പത്ത് കുന്നുകൂട്ടിവയ്ക്കുന്നത് സ്വാർത്ഥതയാണ്. പാപമാണ്[11]. 'തൊഴിലാളികളെ മനുഷ്യരായിട്ടും സഹോദരന്മാരായിട്ടും കാണാതെ വെറും യന്ത്രങ്ങളായിട്ടും ഉപകരണങ്ങളായിട്ടും കാണുന്ന മുതലാളിത്തത്തിൽ സ്വാതന്ത്ര്യമില്ല'[12]. സമ്പന്ന രാഷ്ട്രങ്ങൾ അവരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി ദരിദ്ര രാഷ്ട്രങ്ങളെ എന്നും

പട്ടിണിയിൽ തളച്ചിട്ടതിനെ ഓർത്തു മാനസാന്തരപ്പെടണം എന്നും ആവശ്യപ്പെടുന്നു. ലോകസമ്പദ് ഘടന 1999ൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വിശകലനം ചെയ്യുന്നു:

‘ഇന്നത്തെ ഏറ്റവും വലിയ സാമ്പത്തിക പ്രശ്നം മിക്കവാറും എല്ലാം അവികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളുടെ കടം വാങ്ങി, കടത്തിന്റെ ഊരാക്കുടുക്കിൽ (Death trap) കഴിയുന്നതാണ്. വേൾഡ് ബാങ്കും, ഐ. എം. എഫും മറ്റ് സമ്പന്നരാജ്യങ്ങളും കൂടുതൽ സമ്പന്നമായിക്കൊണ്ടിരിക്കുന്നത് അവരോടു കടം വാങ്ങിയിരിക്കുന്ന പാവപ്പെട്ട രാജ്യങ്ങളുടെ കുന്നുകൂടുന്ന പലിശ മുഖാന്തിരമാണ്. ദരിദ്ര രാജ്യങ്ങൾക്ക് കടം വാങ്ങാതെ നിലനിൽപ്പില്ലാത്ത അനീതിയുടെ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്’[13]

‘മുതലാളിത്ത രാഷ്ട്രങ്ങളുടെ നിലനിൽപ്പും സാമ്പത്തിക ലാഭങ്ങളും ദരിദ്ര്യരാഷ്ട്രങ്ങളുടെ മേൽ വിപണനം ചെയ്യുന്ന യുദ്ധോപകരണങ്ങൾ, ബോംബുകൾ, വിമാനങ്ങൾ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ, ഇൻഫർമേഷൻ ടെക്നോളജി എന്നിവ വഴിയാണ്. എന്നാൽ കോടീശ്വരന്മാരുടെ എണ്ണവും വണ്ണവും കൂടുന്നത് മൂന്നാം ലോകത്തിന്റെ ദാരിദ്ര്യത്തെ മുതലെടുത്താണെന്ന് മുതലാളിത്ത രാജ്യങ്ങൾ സമ്മതിക്കുകയില്ലെന്നും[14] ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വ്യക്തമാക്കുന്നു.

മൂന്നാം സഹസ്രാബ്ദത്തിൽ ഇന്നത്തെ സമ്പന്ന രാജ്യങ്ങൾ വീഴാതിരിക്കണമെങ്കിൽ അനീതികൾ അവസാനിപ്പിച്ച്, സ്വാർത്ഥത കുറച്ച്, അന്തർദ്ദേശീയ വ്യവസ്ഥിതി (International Economic Order) ഉണ്ടാക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു[15]. അർനോൾഡ് ടോയൻബിയുടെ ചരിത്ര ഗവേഷണത്തിൽ ഇരുപതിൽ അധികം നാഗരീകതകൾ നിലംപതിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നുണ്ട്: അസന്മാർഗ്ഗികത, മദ്യപാനം, ലൈംഗികത, ആർഭാടം എന്നിവ അന്നത്തെപ്പോലെ ഇന്നും ശക്തമാണ്. ഉപഭോഗസംസ്ക്കാരം, സുഖലോലുപത, നിർമ്മനുഷത്വം എന്നിവ അമേരിക്കൻ സംസ്ക്കാരത്തിൽ ശക്തിപ്പെടുന്നതായി ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രഖ്യാപിക്കുന്നു.

‘ധൂർത്തിന്റെയും ആഢംബരത്തിന്റെയും പാരമ്യതയിൽ എത്തിയ അമേരിക്കൻ സംസ്കാരത്തിൽ അടുത്ത നൂറ്റാണ്ടിൽ പെട്രോളിനും ഊർജ്ജത്തിനും ക്ഷാമം ഉണ്ടാകുമെന്ന് 1999ൽ പ്രവചിക്കുന്നു... 21-ാം നൂറ്റാണ്ടിൽ തന്നെ ഇപ്പോഴത്തെ മുതലാളിത്ത വികസനം അവസാനിക്കുമെന്നതിൽ രണ്ടുപക്ഷമില്ല’![16]

### 3. പങ്കിടുന്ന ലോകം വളരണം

കോടീശ്വരന്മാരും വലിയ സമ്പന്നരും സ്വത്തും സുഖവും പങ്കിടുന്ന ലോകം വരണമെന്ന് ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാ

പ്പോലീത്താ സ്വപ്നം കാണുന്നു: 'അല്ലയോ ധനവാന്മാരെ നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ എന്നവാക്യം മിക്ക കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും നടന്നു. മുതലാളിത്ത രാജ്യങ്ങൾ അതിന്റെ വക്കിൽ എത്തിയിരിക്കുന്നു. സമ്പന്ന ഉത്തരഗോളവും ദാരിദ്ര്യ ദക്ഷിണഗോളവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു[17]. മുതലാളിത്ത വ്യവസ്ഥിതി വ്യക്തിഗതമായതിനാൽ ആഗോളസാഹോദര്യത്തിലേക്ക് നയിക്കുവാൻ പ്രാപ്തമല്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു[18]. 'സ്വാർത്ഥപര തയും' 'വ്യക്തിപരതയും' 'സുഖലോലുപതയും' ഇതിന്റെ അടിസ്ഥാന മാണ്.

ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവായ ആഡംസ്മി ത്തിന്റെ ക്യാപ്പിറ്റലിസത്തിലും കാറൽ മാർക്സിന്റെ കമ്മ്യൂണിസത്തിലും ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പ്രത്യാശയില്ല. എന്നാൽ അമർത്യാസെന്നിന്റെ 'ഉത്തരവാദിത്വസമൂഹ ത്തെക്കുറിച്ച്' പ്രതീക്ഷയുണ്ട്. കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയ സ്വാത ന്ത്ര്യരാഹിത്യവും മുതലാളിത്തത്തിന്റെ സാമ്പത്തിക സമത്വരാഹിത്വവും മാറി സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സ്നേഹലോകം വളരണം. മുതലാളിത്തവും കമ്മ്യൂണിസവും മാറി ലോകത്ത് പുതിയ സാമ്പത്തിക വ്യവസ്ഥിതി ഉണ്ടാകണമെന്ന പക്ഷമാണ് ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താ ത്തിയോസ് മെത്രാപ്പോലീത്തായ്ക്കുള്ളത്.

മാർക്സും എംഗൽസും ചേർന്ന് രചിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ യിൽ പരാമർശിക്കുന്ന 'ക്രിസ്ത്യൻ സോഷ്യലിസത്തിൽ' അദ്ദേഹം ആഭിമുഖ്യം പുലർത്തിയിരുന്നു. 1953 ഫെബ്രുവരി ഒന്നിന് കോട്ടയം ഏലിയാ ചാപ്പലിൽ ചെയ്ത പ്രസംഗത്തിൽ 'ഒരു ക്രിസ്ത്യൻ സോഷ്യ ലിസ്റ്റ് വ്യവസ്ഥിതി നമുക്ക് ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നുണ്ട്'![19] എന്നാൽ വിമോചന ദൈവശാസ്ത്രത്തിന്റെ (Liberation theology) വിവിധ ചിന്താധാരകളിലൂടെ വർഗ്ഗരഹിത സമൂഹത്തിന്റെ അടിത്തറ വേദ പുസ്തക അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

സാമ്പത്തിക അസമത്വങ്ങൾക്കും നീതിരഹിതമായ ബന്ധങ്ങൾക്കും എതിരെ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പാടി പഠിപ്പിച്ച പ്രശസ്തമായ ഗാനമാണ് 'ധനവാനും ലാസറും' എന്ന പാട്ട് (ലൂക്കോ 16:19–31). അതിന്റെ അന്ത്യപാദങ്ങൾ ധനവും ബലവും നഷ്ടപ്പെ ടുന്നതിനെക്കുറിച്ച് പ്രവചിക്കുന്നു: "ധനവാനേ, ബലവാനേ, ധനം പോകും ബലം പോകും, സ്നേഹം മാത്രം നിലനിൽക്കും". ധനവും ബലവും എല്ലാം നഷ്ടപ്പെടും എന്നും സ്നേഹം മാത്രം നിലനിൽക്കും എന്നും ലോകത്തെ അറിയിക്കുന്നു. സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയാണിത്. ആഗോള മുതലാളി

ത്തത്തിന്റെ നിലവിലുള്ള ഘടനകൾ സാമൂഹിക നീതിയെ വെല്ലുവിളിക്കുന്നവയും ഭീതിപ്പെടുത്തുന്നതുമാണ്. മാനവരാശിക്ക് ഗുണകരമായ ആഗോള സാമ്പത്തിക രംഗം ഇനിയും ആവിർഭവിക്കണമെന്ന് ആഗ്രഹിക്കുന്നു.

### 4. സാർവ്വ ലൗകിക സാഹോദര്യം

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ദാരിദ്ര്യം മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. സാമ്പത്തിക സാമ്രാജ്യത്വം മത്സരാധിഷ്ഠിത പുരോഗതിയുടെതാണ്. നിസ്വാർത്ഥവും സ്നേഹത്തിലധിഷ്ഠിതവുമായ സാർവ്വ ലൗകിക സാഹോദര്യത്തെക്കുറിച്ച് സഭകൾ പഠിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. സ്വാർത്ഥതയും വ്യക്തിപരതയും മുതലാളിത്ത സമൂഹത്തിന്റെ സവിശേഷതകളാണ്. ഇത് സമ്പന്ന ദരിദ്രഭേദം വളർത്തുന്നു. 'അനീതി നിറഞ്ഞ സാമൂഹിക ഘടനകളുടെ സ്ഥാനത്ത് നീതി പൂർണ്ണമായ ഏകലോക സമൂഹം സംജാതമാകണം'[20]. 'ദരിദ്രരെ വളരെ പിന്നിലാക്കിക്കൊണ്ട് സമ്പന്നർക്കങ്ങനെയങ്ങ് മുന്നോട്ടു പോകാൻ കഴിയില്ല. ഒരു തലത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദരിദ്രർ സമ്പന്നരുടെ ആ പോക്കിനെ അട്ടിമറിക്കും'[21] എന്നാണ് പ്രതീക്ഷ. സമ്പത്തിന്റെ പേരിലുള്ള വൈവിധ്യം ആരംഭിക്കുന്നത് മനുഷ്യനിലെ ആവശ്യാധിഷ്ഠിത (Need-based) തത്വത്തിൽ നിന്നും അത്യാഗ്രഹാധിഷ്ഠിത (Greed based) സമീപനത്തിലേക്ക് കുതിച്ചുയർന്നപ്പോഴാണ്.[22] "മുതലാളിത്തം ഭൂമിയിലെ വിഭവങ്ങളെ ചൂഷണം ചെയ്യുന്നു. യോഗ്യതയുള്ളവന്റെ മാത്രം നിലനിൽപ്പ് എന്നത് മാറണം. ധാർമ്മികമായി ജീവിക്കുന്നതിൽ പരാജയപ്പെട്ടവരുടെ അതിജീവനവും കൂട്ടായ കാര്യവിചാരകത്വവും അത്യാവശ്യമാണെന്ന്"[23] അദ്ദേഹം കരുതുന്നു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വേദശാസ്ത്രജ്ഞനായി അറിയപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ സാമൂഹിക വിശകലന പാടവം അതീവ ശ്രേഷ്ഠമാണ്. സാമൂഹിക വിശകലനങ്ങളും വ്യാഖ്യാനങ്ങളും വിസ്മരിക്കുന്ന വേദവായനകൾക്ക് തലമുറകളെ അതിജീവിക്കുവാൻ കഴിയുകയില്ല. വേദശാസ്ത്ര വിജ്ഞാനീയത്തിൽ സാമൂഹിക അപഗ്രഥനം അർത്ഥപൂർണ്ണമായി സമന്വയിപ്പിച്ച ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത സാമൂഹിക ശാസ്ത്രജ്ഞൻ എന്നനിലയിൽ അറിയപ്പെടണം. അമേരിക്കയിലെ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് ('ആഗോളസാമ്പത്തിക മാന്ദ്യം' എന്നത് മാധ്യമ സൃഷ്ടി) സാമ്പത്തിക ശാസ്ത്രജ്ഞരാരും പ്രവചിച്ചിട്ടില്ല. എന്നാൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1950 മുതൽ മുതലാളിത്തത്തിന്റെ തകർച്ചയും അമേരിക്കയിലെ സാമ്പത്തിക പ്രതിസന്ധിയും ജ്ഞാനദൃഷ്ടിയിലൂടെ ഉൾക്കൊണ്ടിരുന്നു. ഒരു ദർശനം പോലെ അദ്ദേഹത്തിന്റെ എഴുത്തുകളിലും പ്രഭാഷണങ്ങ

ളിലും ഇത് മുഖ്യ പ്രമേയമായി. പ്രവാചക ദൃഷ്ടിയോടെ അദ്ദേഹം വിശദീകരിച്ചിട്ടുള്ള 'സാമ്പത്തിക തകർച്ചയുടെ' രൂക്ഷമായ പ്രതിസന്ധി ഇപ്പോൾ മുഖാമുഖം തിരിച്ചറിയുകയാണ്.

### 5. ഉപസംഹാരം

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സാമ്പത്തിക ദർശനത്തിന്റെ വേദശാസ്ത്രവിശകലനങ്ങൾ വിമോചനം, സ്വാതന്ത്ര്യം, നീതി, പങ്കിടിൽ, സ്നേഹം എന്നീ വിഷയങ്ങളിൽ വികസിച്ച താണ്. ഇവയുടെ പുനർവായനയാണ് മിഷൻ, സാമൂഹിക നീതി, പങ്കിടീൽ, വർഗ്ഗരഹിത സമൂഹം, മതാതീത ആദ്ധ്യാത്മികത എന്നീ ദർശനങ്ങളിൽ ഉൾക്കൊള്ളുന്നത്. എല്ലാ മതങ്ങളെയും മതരഹിതരേയും 'സ്നേഹക്കൂടാരത്തിൽ'[24] ഒന്നിപ്പിക്കുന്നതിനുള്ള ദർശനമാണ് അദ്വൈത സിദ്ധാന്തത്തിലും അവതരിപ്പിക്കുന്നത്. ഇത് സ്നേഹത്തിന്റെ ഏകമതമാണ് (One Religion of Love). 'സ്നേഹം ദൈവത്തിന്റെ നിത്യ ഉണ്മയാണ്. ആ ദൈവിക സ്നേഹം പങ്കുവയ്ക്കലാണ്. ഇതാണ് എന്റെ ത്വശാസ്ത്രമെന്ന് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉറപ്പിച്ചു വ്യക്തമാക്കുന്നു[25]. ഇപ്പോൾ അത് അദ്വൈത ഫിലോസഫിയിലേക്ക് വളർന്നു[26]. ഇത് ത്രിത്വനിഷേധികൾക്കുള്ള സിദ്ധാന്തം കൂടിയാണ്[27]. പരസ്പര സ്നേഹത്തിന്റേതാണ് ത്രിത്വ മാതൃക. ത്രിത്വത്തിൽ സഹതുല്യതയും (Co-equality), സഹസത്തയും (Co-essentiality), സഹനിത്യതയും (Co-eternity), സ്നേഹത്തിൽ നിലനിൽക്കുന്നതിനാൽ വൈവിധ്യമില്ല. കമ്മ്യൂണിസത്തിന്റെ നിരീശ്വര ത്വവും ക്യാപ്പിറ്റലിസത്തിന്റെ നിർമനുഷ്യത്വവും എല്ലാവർക്കുമുള്ള അവനവനിസവും മാറി സ്നേഹലോകം വരണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. സാമ്പത്തിക അസമത്വങ്ങളില്ലാതെ നീതിപൂർവ്വം സമ്പത്ത് പങ്കിടുന്ന സ്നേഹാധിഷ്ഠിത ആദ്ധ്യാത്മികത പ്രചരിപ്പിക്കു വാൻ തൊണ്ണൂറ്റി മൂന്നാം വയസ്സിലും "സ്നേഹകൂടാരത്തിലെ പ്രവാച കൻ" നാവും തൂലികയും ശക്തമായി വിനിയോഗിക്കുന്നു.[28]

### അടിക്കുറിപ്പുകൾ

1. മാവേലിക്കരയിൽ 1918 ഡിസംബർ 9ന് ജനിച്ചു. വേദശാസ്ത്രജ്ഞനും ദാർശനികനും. Theology of Classless Society (1979), The Sin of Being Rich in a Poor World (1983), Sharing God and Sharing World (1995), One Religion of Love (2000), Atraita Theology (2007) എന്നീ കൃതികൾ അന്തർദ്ദേശീയ പ്രശസ്തി നേടി.
2. അമേരിക്കയിൽ സാമ്പത്തിക മാന്ദ്യത്തിന്റെ പ്രാരംഭം 2007 ജൂലൈ മുതലാണ്. 2008 സെപ്റ്റംബറിൽ ഇത് രൂക്ഷമായി. 2010 ലും തുടരുന്നു. ഇതിന് മുമ്പുള്ള തീവ്രമായ സാമ്പത്തിക മാന്ദ്യം 1928-1933 കാലഘട്ടത്തിലാണ്.
3. അത് കർത്താവാകുന്നു, 2002, പേജ് 246
4. കുരിശിലേക്ക് തിരിയുക, 1998, പേജ് 51, cf. നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1993, പേജ് 205.

5. Ibid, p.52
6. നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം, 1981
7. മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, 1995, പേജ് 55
8. ഭൂവിലാശേഷം, 1983, പേജ് 139
9. സുവിശേഷ ദൗത്യവും സ്ഥിതി സമത്വവും, 1988, പേജ് 118
10. Ibid, p.42
11. ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം, 2008, പേജ് 78
12. Ibid, p.80
13. മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം, 1999, പേജ് 18
14. Ibid, p.19
15. Ibid
16. Ibid, pp.24-25
17. സഭയും സാമൂഹിക പ്രതിബദ്ധതയും, 1997, പേജ് 233
18. ദൈവസ്നേഹം പ്രതികരണവും പ്രയോഗവും, 2007, പേജ് 141
19. അത് കർത്താവാകുന്നു, 2002, പേജ്. 246
20. സഭയും സാമൂഹിക പ്രതിബദ്ധതയും, 1997, പേജ് 233
21. Ibid, p.233
22. ദരിദ്രലോകത്ത് ധനവാനായിരിക്കുന്നത് പാപം, 2008, പേജ് 40
23. Ibid, p.83
24. നിത്യ സ്നേഹക്കൂടാരം, ഇളകാത്തകുറ്റി, പൊട്ടാത്ത കയർ, സി. എസ്. എസ്, 2009
25. മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം, 1999, Cf. Atraita Theology and One Religion of love, 2007.
26. ദൈവം ഒന്നല്ല, രണ്ടല്ല, മൂന്നല്ല. സ്നേഹമാണ്. ആ സ്നേഹം ത്രീയേകനാണ്. (Trinity). സ്വാർത്ഥത നിറഞ്ഞ ലോകത്ത് ആവശ്യം പങ്കിടുന്ന സ്നേഹമാണ്. അതിനെയാണ് അത്രൈതം എന്ന് വിശേഷിപ്പിക്കുന്നത്. 'ത്രൈതം' മൂന്നാണ്. അത്രൈതം മൂന്നല്ലാത്ത അവസ്ഥ. അത്രൈതം-മൂന്നല്ലാത്ത ദൈവം എന്ന് വ്യാഖ്യാനിക്കാം. അത് ത്രീയേക ദൈവമാണ്.
27. ദൈവസ്നേഹം പ്രതികരണവും പ്രയോഗവും, 2007, പേജ് 144
28. അമേരിക്കയിൽ 2009-ൽ ദരിദ്രരുടെ എണ്ണം 43.6 ദശലക്ഷമായി (4.4 കോടി) ഉയർന്നു എന്ന് 2010 സെപ്റ്റംബർ 16-ന് യു.എസ്. സെൻസസ് ബ്യൂറോ റിപ്പോർട്ടു ചെയ്തു. 2009-ലെ കണക്കിൻ പ്രകാരം അമേരിക്കയിൽ ഏഴിൽ ഒരാൾ ദാരിദ്രത്തിലാണ്. സാമ്പത്തിക മാന്ദ്യത്തെതുടർന്നുണ്ടായ പ്രശ്നങ്ങളാണ് ദാരിദ്ര്യം വർദ്ധിപ്പിക്കുന്നത്.
http://money.cnn.com/2010/09/16/news/economy/census_poverty_rate/index.htm

*(20 സെപ്റ്റംബർ 2010)*

# 13

## പ്രാർത്ഥനയുടെ പ്രകാശം[1]

**ഡോ.** ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വിശ്രമവേളകൾ പുസ്തക രചനയ്ക്കായി വിനിയോഗിക്കാറുണ്ട്. അവ പലതും ദൈവശാസ്ത്രഗ്രന്ഥങ്ങളാണ്. ഇംഗ്ലീഷിലും മലയാളത്തിലും പുസ്തകങ്ങൾ! അവയിൽ നിന്നും വ്യത്യസ്തമായതാണ് 'ഇടവിടാതെ പ്രാർത്ഥിപ്പീൻ' (1998), '90 തിരുവചന പ്രാർത്ഥനകൾ' (2004) എന്നീ ഗ്രന്ഥങ്ങൾ.[2]

ഇടവിടാതെ ജാഗരിക്കുവാനായി ഏഴുദിവസത്തെ ഏഴുയാമങ്ങൾക്കായി 49 പ്രാർത്ഥനകളും ഒരു 'അനുദിന പ്രാർത്ഥനയും ചേർത്ത് അൻപതു പ്രാർത്ഥനകളാണ് 'ഇടവിടാതെ പ്രാർത്ഥിപ്പീൻ' എന്ന ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഏഴുദിവസത്തേയ്ക്കുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളും ചേർത്തിട്ടുണ്ട്.

'90 തിരുവചന പ്രാർത്ഥനകൾ' എന്ന ഗ്രന്ഥത്തിൽ ജനുവരി 1 മുതൽ മാർച്ച് 31 വരെയുള്ള വേദപുസ്തക അടിസ്ഥാന പ്രാർത്ഥനകളാണ്. വേദപുസ്തകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ധ്യാനവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന രീതി ശാസ്ത്രമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. വേദഭാഗങ്ങളുടെ സംക്ഷിപ്തം, കാലികമായ വ്യാഖ്യാനം, ഹൃദയസ്പർശിയായ പ്രാർത്ഥന എന്നിവ ഓരോ ദിവസവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒരു വർഷത്തേക്കു തയ്യാറാക്കുന്ന തിരുവചന പ്രാർത്ഥനയുടെ ആദ്യഭാഗമാണിത്. ഇവയിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സാമൂഹിക ദർശനവും ദൈവശാസ്ത്ര വീക്ഷണവും പ്രതിഫലിക്കുന്നു.

ദൈവത്തോടുള്ള ഭാവവിനിമയമാണ് പ്രാർത്ഥന. അത് അനുഭവിച്ച് അറിയണം. പ്രാർത്ഥനയിൽ പൂർണ്ണമായും ശക്തിപ്പെടണം. പ്രാർത്ഥനയുടെ അന്തസത്ത ജീവിതത്തിൽ ആഴമായി അനുഭവിച്ചറിഞ്ഞ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സ്വന്തം ശൈലിയിൽ രചിച്ച വേദാധിഷ്ഠിതമായ ഈ ധ്യാന-പ്രാർത്ഥനകൾ

ജനഹൃദയങ്ങളിൽ പുതിയ കാഴ്ചപ്പാട് സൃഷ്ടിക്കും. ഒരു കർമ്മ യോഗിയുടെ സാമൂഹിക ദൈവശാസ്ത്ര ദർശനങ്ങളുടെ സമന്വയമാണ് ഈ പ്രാർത്ഥനകളിൽ സ്പന്ദിക്കുന്നത്. 'സ്വാർത്ഥ കേന്ദ്രമായ മാഫിയാമാരേ മാനസാന്തരപ്പെടുത്തണമേ', 'പുതിയ നൂറ്റാണ്ട് സ്നേഹ ത്തിന്റെ നൂറ്റാണ്ടായി നിലനിൽക്കണമേ. സ്നേഹത്തിന്റെ ഹൃദയമാക്കി സഭയേയും ലോകത്തേയും രൂപാന്തരപ്പെടുത്തണമേ. ജാതിവർഗ വരമ്പുകൾക്കതീതമായി എല്ലാവരേയും സ്നേഹിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ...' പ്രാർത്ഥനയ്ക്ക് പുതിയ തലങ്ങൾ അവതരിപ്പിക്കുന്നു.

അൻപതോളം വർഷത്തെ ദൈവശാസ്ത്ര അദ്ധ്യാപനത്തിലും വിവിധ വേദശാസ്ത്ര ഗ്രന്ഥങ്ങളിലും ഉയർത്തിപ്പിടിച്ച 'ത്രിത്വാധിഷ്ഠിത സാമൂഹിക ദർശന'വും 'വർഗരഹിത സമൂഹത്തെ'ക്കുറിച്ചുള്ള കാഴ്ചപ്പാ ടും സ്നേഹത്താലുള്ള ദൈവീകരണ'വും ഈ ധ്യാന-പ്രാർത്ഥനകളിലും പ്രതിഫലിക്കുന്നു. ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽ അവതരിപ്പിച്ച ഗഹനമായ ആശയങ്ങൾ പ്രാർത്ഥനാരൂപത്തിൽ ലളിതമായി പ്രത്യക്ഷ പ്പെടുന്നത് വളരെ ശ്രദ്ധേയമാണ്.

'ലോകം പലവട്ടം നിർമ്മൂലമാക്കാൻ മതിയായ ബോംബുകൾ നിർമ്മി ച്ചിരിക്കുന്ന ലോക രാഷ്ട്രങ്ങളെ സമാധാന രാജ്യങ്ങളാക്കണമേ (ചൊവ്വാ മൂന്നാം മണി), ഒരു വർഗ രഹിത സന്തുഷ്ട സമൂഹം ലോകം ആകെ വളർത്തുവാൻ സഹായിക്കണമെ (ബുധൻ പ്രഭാതം), താണവരെ ഉയർത്തി വർഗ രഹിത സമൂഹം ഉണ്ടാക്കണമേ (ജനുവരി 6) എന്നിത്യാദി പ്രാർത്ഥനകളിൽ നീതിപൂർവ്വമായ രാഷ്ട്ര നിർമ്മാണ പ്രക്രിയകൾക്കായി യാചിക്കുന്നുണ്ട്. ആധുനിക മുതലാളിത്തവ്യവസ്ഥിതിയെ മറിച്ചിട്ട് ഏവരുടേയും വികസനം ആഗ്രഹിക്കുന്ന ദേശീയ ഗവൺമെന്റുകളെയും ഐക്യരാഷ്ട്രത്തെയും ശക്തീകരിക്കണമെ (വെള്ളി പ്രഭാതം), ഇന്നത്തെ വ്യവസ്ഥിതി മാറി നീതിയും സ്വാതന്ത്ര്യവും സ്നേഹത്തിന്റെ ഇരുവശങ്ങളിലായി നിൽക്കുന്ന നിന്റെ രാജ്യം വരണമെ (ശനി ഒൻപതാം മണി), ആധുനിക മുതലാളിത്വത്തിന്റെ തെറ്റായ വശങ്ങളെ ദൂരീകരിപ്പാൻ ബ്യൂറോക്രാറ്റ്സിനു മാനവികതയുടെ മഹത്വം സേവനത്തിലാണെന്ന് കാണിക്കണമേ (ഫെബ്രുവരി 7) എന്നീ പ്രാർത്ഥനകളിൽ ദരിദ്രരോട് പക്ഷം ചേരുന്ന ദർശനമാണ് ശക്തിപ്പെടുന്നത്.' 'കച്ചവടത്താലും ആഗോളവത്കരണത്താലും താണവരെ ഉപയോഗിച്ച് സമ്പത്തും ശക്തിയും വളർത്തുന്നവരെ വിമോചിപ്പിക്കുന്ന പെസഹാ ഉണ്ടാക്കണമെ (ജനുവരി 6), ധനവാന്മാർക്ക് എതിരായി ശക്തമായി പ്രവചിക്കുന്ന ആത്മായ സുവിശേഷകരേയും വൈദികരേയും എഴുന്നേല്പ്പിക്കണമേ (ഫെബ്രുവരി 10), ലോകപ്രകാരം കോടീശ്വരന്മാരാകാനുള്ള താല്പര്യം എല്ലാ ഹൃദയങ്ങളിൽ നിന്നും ദൂരീകരിക്കണമെ (ഫെബ്രുവരി 17).'

പാരമ്പര്യമായി കേട്ടു പരിചയിച്ച പ്രാർത്ഥനാശൈലിയും വിഷയ സംവേദനവും പുതിയ അർത്ഥത്തിലും ഭാവത്തിലും പുനഃസൃഷ്ടി ക്കുന്നതിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സ്വീകരിച്ച സമീപനം അഭിനന്ദനം അർഹിക്കുന്നു. സുറിയാനി പ്രാർത്ഥന കളിലെ നിരന്തരമായ സ്തുതികളും വിശേഷവിശേഷണങ്ങളും വർണ്ണനകളും ഈ പ്രാർത്ഥനകളിൽ വെളിപ്പെടുന്നില്ല. പകരം വിഷയ ത്തിന്റെ സമഗ്രതലങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. ഈ ധ്യാന പ്രാർത്ഥനകൾ ചൊല്ലുന്നവരിൽ ശക്തമായ മനഃസാക്ഷിക്കുത്തു ണ്ടാകുവാൻ പര്യാപ്തമായ പ്രാർത്ഥനകൾ ധാരാളം ഉണ്ട്.

സ്വന്തം കുട്ടികളെ സ്കൂളിൽ വിടുവാൻ സാധിക്കാത്ത അയൽക്കാരെ അവഗണിച്ച്, സ്വന്തം കുട്ടികളെ വലിയ ഫീസുകൊടുത്ത് പഠിപ്പിക്കുന്ന വർക്ക് കരുണയുടെ ഹൃദയം നൽകണമെ (തിങ്കൾ ഒമ്പതാം മണി). വിദേശ നാണ്യത്തിനു സമ്പന്ന ടൂറിസ്റ്റുകളെ ആകർഷിക്കാൻ സ്റ്റാർ ഹോട്ടലുകളും മദ്യഷാപ്പുകളും ലൈംഗികതയ്ക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്ന ദരിദ്ര രാജ്യങ്ങൾ എത്ര വലിയ സന്മാർഗിക അധഃപ്പതന മാണ് ഉണ്ടാക്കുന്നതെന്ന് കണ്ണുതുറന്ന് വീക്ഷിപ്പാൻ ഗവൺമെന്റുകളെ യും ടൂറിസം വികസന ഡിപ്പാർട്ടുമെന്റുകളെയും തുണയ്ക്കണമെ (ശനി മൂന്നാം മണി), ബ്ലേഡ് കമ്പനിയിൽ നിന്ന് കടമെടുത്ത് ആത്മഹത്യയ്ക്കു തയ്യാറാകുന്നവരെ രക്ഷിക്കുവാൻ കടം വീട്ടുന്ന എലീശാമാരെ എഴുന്നേൽ പ്പിക്കണമെ (ജനുവരി 30), ദൈവ ഇഷ്ടത്തിന് വിരുദ്ധമായ സ്വാർത്ഥത യോടുകൂടി വിദേശത്തു കഷ്ടപ്പെട്ട് സമ്പാദിച്ച് അയക്കുന്ന ധനസഹായം നല്ലകാര്യങ്ങൾക്കുവേണ്ടി ഉപയോഗിപ്പാൻ സഹായിക്കണമെ (ജനുവരി11).

സമൂഹത്തിന്റെ പരിവർത്തനത്തിനും മാനസാന്തരത്തിനും പ്രേരിപ്പിക്കുന്ന അനവധി പ്രാർത്ഥനകൾ ശക്തമായ ഭാഷയിൽ ഇതിൽ കോർത്തിണക്കിയിരിക്കുന്നു. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിലേ ക്കും സാഹചര്യങ്ങളിലേക്കും പ്രാർത്ഥനയുടെ കണ്ണുകൾ എത്തിച്ചേ രുന്നു.

അനേക കോടി ജനങ്ങൾ ഇന്നും നിരക്ഷരരായി കഴിയുന്ന ഭാരത ത്തോട് കരുണ തോന്നണമേ (തിങ്കൾ മൂന്നാംമണി). ഞങ്ങളുടെ സുഖ ജീവിതത്തിനുവേണ്ടി റോഡിൽ താർ ഇട്ടും ചെളിയിൽ കൃഷി ചെയ്തും ഫാക്ടറികളിൽ ജോലി ചെയ്തും സഹായിക്കുന്ന തൊഴിലാളികളോടു ഞങ്ങൾ നന്ദി കാണിക്കണമെ (ചൊവ്വ സൂത്താറ), നൂറു വീടുകൾ വയ്ക്കാനുള്ള പണം ഒറ്റവീടിനായി ചെലവഴിച്ച് വീട് വച്ചശേഷം ദരിദ്രർ ക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നവരെ മാനസാന്തരപ്പെടു ത്തണമെ (ബുധൻ മദ്ധ്യാഹ്നം), ഭിക്ഷക്കാരിൽ കാണുന്ന ഭിക്ഷാടന ജീവിതം തുടരാനുള്ള തെറ്റായ ദുഷ്പരിചയം മാറ്റുവാൻ തുണയ്ക്കണമെ

(ബുധൻ ഒൻപതാംമണി), വൃക്ഷങ്ങൾ വെട്ടിയും നിലങ്ങൾ കരയാക്കിയും വെള്ളപ്പൊക്കം ഇല്ലാതാക്കിയും ജനപ്പെരുപ്പം മുഖാന്തിരം ഒട്ടു വളരെ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്ന ഞങ്ങളോട് ക്ഷമിക്കണമേ (ജനുവരി 11).

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ വേദശാസ്ത്ര വിശകലനങ്ങൾ വിമോചനം, സ്വാതന്ത്ര്യം, നീതി, പങ്കിടീൽ, സ്നേഹം എന്നീ വിഷയങ്ങളിൽ വികസിച്ചുവന്നവയാണ്. ഇവയുടെ പുനർവായനയാണ് മിഷൻ, സാമൂഹിക നീതി, വർഗരഹിത മാനവികത, ത്രിത്വാധിഷ്ഠിത പങ്കിടീൽ, മതാതീത ആദ്ധ്യാത്മികത തുടങ്ങിയ വേദശാസ്ത്ര കാഴ്ചപ്പാടുകളിൽ ഉൾക്കൊള്ളുന്നത്. ബൗദ്ധിക തലങ്ങളിലെ വേദശാസ്ത്ര ദർശനങ്ങൾക്ക് മനുഷമുഖവും സാമൂഹിക പരിവർത്തനത്തിനുള്ള സംക്രമണശക്തിയും പകരുവാൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ വേദശാസ്ത്ര ദർശനങ്ങൾക്കു സാധിച്ചു. ഇവയ്ക്ക് പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ആത്മാവ് പകർന്നത് വേദവായനയ്ക്കുള്ള പുത്തൻ അനുഭവമാകുന്നു.

എല്ലാ മതവിശ്വാസങ്ങളിലും അന്തർലീനമായ സ്നേഹത്തിന്റെ വേദശാസ്ത്ര വിശകലനത്തിലാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. 'സ്നേഹത്തിന്റെ ഏകമതം', 'സ്നേഹത്താലുള്ള ദൈവീകരണം' തുടങ്ങിയവയിൽ സ്നേഹത്തിന്റെ വിശ്വദർശനമാണ് അവതരിപ്പിക്കുന്നത്. വേദശാസ്ത്രത്തിന്റെ വിശാല കാഴ്ചപ്പാടിനും എക്യുമെനിക്കൽ-മതാന്തര സംവാദത്തിനും നൂതനമായ വായനയും പ്രേരണയും പകരുന്ന ദർശനങ്ങളാണിവ.

മതാതീത ആദ്ധ്യാത്മിക ദർശനങ്ങൾക്ക് വെളിച്ചം പകരുന്ന പ്രാർത്ഥനകൾ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും ദിവ്യപ്രകാശമാണ്. 'അങ്ങയെപ്പോലെ ഞങ്ങളും ജാതി വ്യത്യാസങ്ങൾക്ക് അതീതരായി എല്ലാവർക്കും നന്മചെയ്യുന്നവരാകണമെ' (മാർച്ച് 4), മതത്തിന്റെ പേരിൽ മറ്റു മതസ്ഥരെ ഉപദ്രവിക്കുന്ന എല്ലാവരേയും മാനസാന്തരപ്പെടുത്തണമേ (മാർച്ച് 14)... ഇങ്ങനെ മതാതീത ദർശനങ്ങളിലേക്കുള്ള മാർഗ്ഗരേഖ പ്രാർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

"വിവിധ വിശ്വാസങ്ങൾ ഒരു സ്നേഹമെന്ന ബോധ്യം ഞങ്ങളെ പഠിപ്പിക്കണമെ. സ്നേഹത്തിന്റെ ഏകമതം ഞങ്ങൾക്ക് നൽകണമെ. വിശ്വാസത്താലുള്ള നീതീകരണത്തേക്കാൾ ഉദാത്തം സ്നേഹത്താലുള്ള ദൈവീകരണമാണെന്ന് 21-ാം നൂറ്റാണ്ടിലെങ്കിലും സഭകളെ പഠിപ്പിക്കണമേ (മാർച്ച് 19)".

'ഓംകാരവും പരബ്രഹ്മവും ആൽഫയും ഒമേഗയും ആയ ത്രിയേക ദൈവമേ' (മാർച്ച് 30) എന്ന അഭിസംബോധന മതബഹുല സംസ്കാര

ത്തിലെ 'പുതിയ ആകാശത്തിന്റെയും പുതിയ ഭൂമി'യുടെയും ഉദാത്ത മായ ദർശനമാണ്.

ജീവിതത്തിലെ എല്ലാ അവസരത്തിലും ഇതിലെ വേദപഠനങ്ങളും പ്രാർത്ഥനകളും പ്രത്യേകമായോ, യാമപ്രാർത്ഥനകളോടൊപ്പമോ ചൊല്ലി ധ്യാനിക്കാവുന്നതാണ്. സ്വാർത്ഥലാഭം ലക്ഷ്യമാക്കുന്നതും സാമൂഹിക പ്രശ്നങ്ങളെ വിസ്മരിക്കുന്നതുമായ കരിസ്മാറ്റിക് ഉണർവ് പ്രാർത്ഥനാ ശൈലികൾക്ക് ഈ പ്രാർത്ഥനകൾ വെല്ലുവിളി ഉയർത്തുന്നു.

മലങ്കരസഭയുടെ രണ്ടായിരം വർഷത്തെ പൈതൃകത്തിൽ ആരാധനാ സാഹിത്യത്തിന് ലഭിക്കുന്ന തനതുപ്രാർത്ഥനകളാണിത്. പ്രാർത്ഥനയുടെ മൂന്നാം കണ്ണ് തുറന്ന് പുത്തൻ ഉൾക്കാഴ്ച ആദ്ധ്യാത്മിക ജീവിതത്തിൽ ലഭിക്കുന്നതിന് ഇവ വഴിയും വെളിച്ചവുമാണ്, പ്രാർത്ഥനാ ശൈലിക്ക് ജീവനും ചൈതന്യവും പകരുന്ന ഈ പ്രാർത്ഥനാ ഗ്രന്ഥങ്ങൾ ആദ്ധ്യാത്മികതയ്ക്ക് സാമൂഹിക മാനം സൃഷ്ടിക്കുവാൻ പര്യാപ്തമത്രേ.

## അടിക്കുറിപ്പുകൾ

1. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ *90 തിരുവചന പ്രാർത്ഥനകൾക്ക്* എഴുതിയ ആമുഖം, സി. എസ്. എസ്. തിരുവല്ല 2004, പേജ് viii-xi
2. പ്രതിദിന ധ്യാനവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന നാല് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രന്ഥസൂചിക കാണുക.

*(25 ഒക്ടോബർ 2004)*

□

# 14

## മാർ ഒസ്ത്താത്തിയോസ് തിരുമേനിയുടെ രചനകൾ

1. *Student’s Companion*, Study Department of the Orthodox Student Conference, 1952
2. *New life in an Old Church*, Orthodox Syrian Church, Calcutta, 1963
3. *Jesus Christ and the New Humanity*, Orthodox Book House, Kottayam, 1966
4. *My Lord and My God*, St. Paul’s Books, Mavelikara, 1971; C.S.S, Tiruvalla, 2005
5. *Talks to Modern Youth*, Orthodox Church, Malaysia, 1972
6. *Forty Questions Answered*, St. Paul’s Books, 1977
7. *Theology of a Classless Society*, (a) Luther work Press, London, (English Edition) 1979, (b) Orbis, U.S.A., 1980 (American Edition), (c). Luthersches Vertagshes, Hamburg, 1980 (German Edition), (d) C.L.S., Madras, 1980, (e) CSS, Tiruvalla, 2004
8. *Communion in the Body of Christ*, St. Paul’s Books Depo., Mavelikara, 1981
9. *Sin of Being Rich in a Poor World*, C.L.S, Madras, 1983; CSS, Tiruvalla, 2003
10. *Sharing God and a Sharing World*. a) ISPCK, New Delhi, 1995. b) CSS Book, Tiruvalla 1999.
11. *Radiance of faith*, Divyabodhanam publications, Kottayam, 1991
12. *Daily Prayers*, Malankara Orthodox Mission Board Publications, Mavelikara, 2000
13. *One Religion of love*, CSS, Tiruvalla, 2003
14. *Atraita Theology and one religion of love*, CSS Tiruvalla, 2007
15. *മൂന്നു വിശ്വാസസത്യങ്ങൾ*, ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം, 1956.
16. *ഞങ്ങൾ വിശ്വസിക്കുന്നു*, സി. എൽ. എസ്, തിരുവല്ല, 1963
17. തുറന്ന കത്തിന് മറുപടി, പഴയസെമിനാരി, കോട്ടയം, 1968
18. *ദൈവം ഉണ്ടെന്നു തെളിയിക്കാമോ?*, ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം, 1968
19. *ക്രിസ്തീയ കാര്യവിചാരകത്വം*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1972

20. *അനുദിന മന്ന*, ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം, 1977
21. *നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ....*, നിരണം ഭദ്രാസന പ്രസിദ്ധീകരണം, 1978
22. *ദൈവവിളി*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1979
23. *രക്ഷ ക്രിസ്തുവിൽ മാത്രമോ?*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1980
24. *കാവൽക്കാരാ രാത്രി എന്തായി?* (എഡി) മലങ്കര ഓർത്തഡോക്സ് മിഷൻ ബോർഡ്, 1980
25. *നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1981
26. *ഭൂവിലശേഷം*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1983
27. *വിശ്വാസിയായിരിക്ക*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1984
28. *വിശ്വാസദീപ്തി*, ദിവ്യബോധനം, ഓർത്തഡോക്സ്, സെമിനാരി, കോട്ടയം, 1985
29. *തൂക്കുകട്ട*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1986
30. *സ്നേഹിക്ക, വചനം പ്രസംഗിക്കുക*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1987
31. *ധർമ്മദീപ്തി*, ദിവ്യബോധനം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം,. 1987
32. *സുവിശേഷവും സ്ഥിതിസമത്വവും*, സി. എൽ. എസ്, തിരുവല്ല, 1989
33. *തെസ്സലോനിക്യ ലേഖനം ഒരു വ്യാഖ്യാനം*, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, 1990
34. *വർഗരഹിത സമൂഹം*, ഡയലോഗ് ബുക്സ്, കണ്ണൂർ, 1990
35. *ഇതോ, മനുഷ്യശേഷി വികസനം*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1991
36. *നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പതു യാത്രകൾ*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1993
37. *മാഫിയ, സോഫിയ, ഗ്ലോറിയ*, സി. എൽ. എസ്, തിരുവല്ല, 1993
38. *മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ*, കറന്റ് ബുക്സ്, കോട്ടയം, ഗ്ലോറിയാ പരമ്പര, 1995
39. *ചിന്തകൾ സ്വപ്നങ്ങൾ*, ഗ്ലോറിയാ പരമ്പര, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1995
40. *സഭാചിന്തകൾ*, ഗ്ലോറിയാ പരമ്പര, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1995.
41. *സ്നേഹസ്മരണകൾ*, ഗ്ലോറിയാ പരമ്പര, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1996
42. *സഭയും സാമൂഹ്യ പ്രതിബദ്ധതയും*, ദിവ്യബോധനം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, 1997
43. *വചനം തിരുവചനം*, സി.എസ്.എസ്., തിരുവല്ല. 1997
44. *സുവർണ്ണ ജൂബിലി സ്മരണകൾ*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1997
45. *ദൈവം സ്നേഹമാകുന്നു അഥവാ ത്രിയേക ദൈവം എല്ലാവർക്കും ദൈവം*, മലങ്കര ഓർത്തഡോക്സ് മിഷൻ ബോർഡ് പ്രസിദ്ധീകരണം, മാവേലിക്കര, 1998

46. *കുരിശിലേക്കു തിരിയുക*, ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല, 1998.
47. *ഇടവിടാതെ പ്രാർത്ഥിപ്പീൻ*, സെന്റ് പോൾസ് ബുക്ക് ഡിപ്പോ, മാവേലിക്കര, 1998
48. *പ്രസംഗപീഠത്തിലെ സുവർണ്ണരേഖകൾ*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല, 1999
49. *എഫ്രയീം മറിച്ചിടാത്ത ദോശ*, ഡയോസിഷൻ ബുക്ക് സെന്റർ, ബഥനി അരമന, തിരുവല്ല, 1999
50. *മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം,* മിഷൻ ബോർഡ്, മാവേലിക്കര, 1999
51. *സഭാ ജീവിതം സാക്ഷ്യം ആധുനിക വെല്ലുവിളികൾ*, സി.എസ്.എസ്. തിരുവല്ല, 2003
52. *90 തിരുവചന പ്രാർത്ഥനകൾ*, സെന്റ് പോൾസ് മിഷൻ, മാവേലിക്കര, 2005
53. *91 തിരുവചന പ്രാർത്ഥനകൾ*, സി. എസ്. എസ്. തിരുവല്ല, 2005
54. *92 തിരുവചന പ്രാർത്ഥനകൾ*, സി. എസ്. എസ്. തിരുവല്ല, 2007
55. *ദൈവസ്നേഹം പ്രതികരണവും പ്രയോഗവും*. സെന്റ് പോൾസ്, മാവേലിക്കര, 2007.
56. *അദ്വൈത ദൈവശാസ്ത്രവും സ്നേഹത്തിന്റെ ഏകമതവും*, ഡി. സി. ബുക്സ്, കോട്ടയം, 2007
57. *ദരിദ്ര ലോകത്തിൽ ധനവാനായിരിക്കുന്നത് പാപം*, സി. എസ്. എസ്, തിരുവല്ല, 2008
58. *നിത്യസ്നേഹകൂടാരം*, സി. എസ്. എസ്, തിരുവല്ല, 2009.
59. *സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം*, സി.എസ്.എസ്. തിരുവല്ല, 2011

## Dissertations

1. *A Comparative study of the concepts of Incarnation and Avathara*
2. *Concept of Sin and Salvation in Ramayana and in the Fourth Gospel*
3. *Christology of St. Athanasios*
4. *Concept of Avathara in Gita and in New Testament*

## Books/Souvenir about Dr. Geevarghese Mar Osthathios

1. *Triune God - Love Justice Peace, K. M. Tharakan (ed), Ocym, Mavelikara, 1989*
2. *മാർ ഒസ്താത്തിയോസിന്റെ മനുഷ്യദർശനം*, തോമസ് നീലാർമഠം (എഡി), ധിക്ഷണ ബുക്സ്, കാർത്തികപ്പള്ളി 1991
3. *മാർ ഒസ്താത്തിയോസ് അശീതി ജന്മദിന-മെത്രാൻ സ്ഥാനാരോഹണ രജതജൂബിലി സ്മരണിക*, നിരണം ഭദ്രാസനം, 1999.
4. *അത് കർത്താവാകുന്നു*, തോമസ് നീലാർമഠം (എഡി), കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷൻ, കോട്ടയം, 2002
5. *സ്നേഹ സംവേദനം*, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ബോധി ബുക്സ്, പന്തളം, 2010

## Web Pages

www.geevarghesemarosthathios.org

(അപൂർണ്ണം)
30-11-2010